ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

# ബഥേൽ പത്രിക


വാല്യം 27
ലക്കം 03

മാർച്ച് 2014

















# വിശുദ്ധിയുടെ വ്രതകാലം

വിശുദ്ധിയുടെയും വ്രതശുദ്ധിയുടേയും ഒരു നോമ്പുകാലം കൂടി. ഇതു വേർതിരിക്കപ്പെട്ട ദിനങ്ങൾ. പുതിയ ഒരു ജീവിതശൈലി രൂപപ്പെടുത്തുന്ന ദിനങ്ങൾ. ഇവിടെ വർജ്ജനങ്ങൾ ഉണ്ട്. ആത്മ നടത്തിപ്പുള്ളവർക്കു മാത്രം ലഭ്യമാകുന്ന അനുഭവം. അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നടത്തി. (വി. ലൂക്കോ. 4:1) വർജ്ജനങ്ങൾക്കും, പിശാചിനാൽ പരീക്ഷിക്കപ്പെടുവാനുള്ള അവസരം. പിശാചിനെ പരാജയപ്പെടുത്തി കർത്താവിനെ കണ്ടെത്തുവാനും അവനോടൊപ്പം ആയിരിക്കുവാനും അവനിൽ ആയിതീരുവാനുമുള്ള കാലം. ജീവിത വഴിത്താരയിൽ കൈവിട്ടുപോയ ക്രിസ്തുവിനെ പുനഃരക്ഷിക്കുവാനും, കണ്ടെത്തി കൂടെ കൂട്ടുവാനുമുള്ള സുകൃതാവസരം. ക്രിസ്തുവിൽ ഹൃദയത്തെ ഉറപ്പിക്കുവാനും 'ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കന്നത്' എന്ന തിരിച്ചറിവിലേക്ക് ക്രിസ്തുവിലുള്ള ഭാവത്തിലേക്ക് വളരുവാനുമുള്ള അവസരം.

വാക്കിന് വിശ്വസ്തതയുടെ വരം ലഭിക്കുന്നതാണ് വ്രതം. വി. വേദപുസ്തകത്തിൽ മനോഹരമായ ഒരു വ്രതചരിതമാണ് ശിംശോന്റേത്. നാസിർ വ്രതകാരൻ ദൈവകല്പന പ്രകാരം അനുഷ്ഠിക്കേണ്ട വ്രതം അവൻ ലംഘിച്ചപ്പോൾ ദൈവാത്മാവ് അവനെ വിട്ടുപോകുന്നു (ന്യായ. 16:20). പഴയനിയമ ശൗലിന്റെ കാര്യത്തിലും ഇത് സംഭവിക്കുന്നു. തന്നോടൊപ്പമായിരുന്ന ദൈവം അവന്റെ ജീവിതശൈലി മൂലം അവനെ തള്ളിക്കളയുന്നു, അവനെക്കുറിച്ച് അനുതപിക്കുന്നു. (1 ശമു. 15:26,35). നമ്മെക്കുറിച്ച് അനുതപിക്കുന്ന യഹോവയെയല്ല, നമ്മുടെ അനുതാപത്തെ സ്വീകരിക്കുന്ന യഹോവയെയാണ് നമുക്ക് ആവശ്യം.

എന്തൊരു തിരക്കാണ് നമ്മുടെ ജീവിതങ്ങൾക്ക്. എന്തൊക്കെയോ നേടി എടുക്കാനുള്ള തത്രപ്പാടിൽ ദൈവത്തെയും സഹജീവിയെയും മറന്ന് ഓടുന്നു. എന്നാൽ നോമ്പ് ആവശ്യപ്പെടുന്നത് ഒരു പിൻവാങ്ങലാണ്. തിരക്കുകളിൽ നിന്ന് ഒഴിഞ്ഞ് അവന്റെ പാദപീഠത്തിലായിരിക്കാനുള്ള ഒരു ആഹ്വാനമാണ്. 'ഉപവസിക്കുക' കൂടെ വസിക്കുക പാദാരവൃന്ദങ്ങളിൽ ആയിരിക്കുക എന്നതാണല്ലോ അർത്ഥമാക്കുന്നത്. അവന്റെ പാദപീഠത്തിൽ കണ്ണുംപൂട്ടിയിരുന്ന് ഹൃദയത്തെ പകരുവാനുള്ള അവസരമായി ഈ നോമ്പുകാലം തീരണം.

അനുതാപത്തിന്റെയും ആത്മതപനത്തിന്റെയും ഈ നാളുകളിൽ ഒരു സ്വയപരിശോധനയ്ക്കും വിലയിരുത്തലിനും നാം തയ്യാറാകണം. ഒരു ഗിത്താറു കാട്ടി ഒരിക്കൽ ഒരു ഗുരു പറഞ്ഞതുപോലെ, ഒത്തിരി മുറുക്കിയാൽ അതിന്റെ തന്ത്രികൾ പൊട്ടിപ്പോകും, അയഞ്ഞാൽ പിന്നെ സംഗീതവുമില്ല. ഇതിനിടയിൽ ഒരു ഇടം. ഈ നോമ്പിൽ അത് കണ്ടെത്തി ശരീരമെന്ന വാദ്യോപകരണത്തെ നമുക്ക് ട്യൂൺ ചെയ്യാം. നമ്മിൽ നിന്ന് അനുതാപ ഗീതികളും ദൈവസ്തുതികളാകുന്ന സ്തോത്ര മഞ്ജരികളും ഉതിർന്ന് ഉയരുവാൻ ഈ നോമ്പ് ഇടയാക്കട്ടെ.

**ഫാ. എബ്രഹാം കോശി കുന്നുംപുറത്ത്**

1987-2014
# ബഥേൽ പത്രിക
ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

മാർച്ച് 2014

**വരിസംഖ്യ**

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

**പരസ്യനിരക്കുകൾ**

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

## താളുകളിൽ....

**5** ഇടയപത്രിക
**ജനാധിപത്യത്തിൽ ജനങ്ങൾ കാഴ്ചക്കാർ ആകരുത്**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**6** നോമ്പ് ചിന്തകൾ
**ത്യാഗത്തിലൂടെയുള്ള സന്തോഷം നോമ്പ്**
ഫാ. ഡോ. തോംസൺ റോബി

**7** വിശ്വാസപഠനം
**ഇവൻ എഴുന്നേറ്റ് നിന്നെ സ്തോത്രം ചെയ്യാനിടയാക്കണമേ**
ഡോ. എം. കുര്യൻ തോമസ്

**10** പിതൃവിജ്ഞാനീയം
**നീതിമാനായ യൗസേഫ്**
ഡോ. എം. കുര്യാക്കോസ് മുകളത്ത്

**12** അവലോകനം
**നന്മയുടെ റോസാ പുഷ്പങ്ങൾ**
ഡോ. സൂസൻ ജോർജ്

**14** ചരിത്രം
**1876–ലെ ഭദ്രാസന വിഭജനവും മേൽപ്പട്ടവാഴ്ചയും**
വർഗീസ് ജോൺ തോട്ടപ്പുഴ

**17** ആരാധനാ വിജ്ഞാനീയം
**വിലപിയ്ക്കുന്ന മരം**
ഫാ. സഖറിയാ പനയ്ക്കാംമറ്റം

**19** വചനപരിച്ഛേദം
**മനുഷ്യബുദ്ധിക്കു നിരക്കാത്ത ദൈവപദ്ധതികൾ**
ഫാ. പി.വി. ജോൺ

**21** വേദപഠനം
**യാക്കോബിന്റെ ലേഖനം**
ഫാ. മാത്യു വർഗ്ഗീസ്, പുളിമൂട്ടിൽ

**23** ഞായർ ദിനധ്യാനം
**ലോഗോസ്**
ഫാ. പി.കെ. കോശി

**ബാലപത്രിക** 28
**സണ്ടേസ്കൂൾ വാർത്തകൾ** 29
**ഹരിതപത്രിക** 30
**ഭദ്രാസന വാർത്തകൾ** 31

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ.ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാ. വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാ. സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാ. തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479-2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479-2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാ. തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി




# ജനാധിപത്യത്തിൽ ജനങ്ങൾ കാഴ്ചക്കാർ ആകരുത്

അവകാശവാദങ്ങളുടെയും, പഴിചാരലുകളുടെയും, കൂറുമാറ്റങ്ങളുടെയും തിരക്കിൽ മറ്റൊരു തെരഞ്ഞെടുപ്പ് കാലം കൂടി സജീവമായി. ജനാധിപത്യ പ്രക്രിയയുടെ മഹത്തായ സൗന്ദര്യം ആണ് തെരഞ്ഞെടുപ്പ് എങ്കിലും രാഷ്ട്രീയ മര്യാദകൾക്ക് ദിനംപ്രതി കോട്ടം സംഭവിക്കുന്നതുകൊണ്ട് ഈ മഹത്തായ പ്രക്രിയയുടെ ആഴവും വ്യാപ്തിയും നഷ്ടപ്പെടുന്നു.

നാട്ടുരാജ്യങ്ങളാൽ ചിതറപ്പെട്ടുകിടന്ന ഭാരതത്തെ ഇന്നു കാണുന്ന ജനാധിപത്യ രാഷ്ട്രമായി മാറ്റിയ കാഴ്ചപ്പാടുകൾ മറന്ന് പ്രാദേശിക വിഭജനങ്ങൾക്കും മതസങ്കുചിത താല്പര്യങ്ങൾക്കും അടിമപ്പെട്ട് രാജ്യത്തിന് ഫെഡറൽ സ്വഭാവം നഷ്ടപ്പെടുന്ന അപകടകരമായ സ്ഥിതിവിശേഷത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഇന്ത്യൻ രാഷ്ട്രീയം പ്രാദേശിക രാഷ്ട്രീയങ്ങൾക്ക് വഴിമാറുമ്പോൾ ലോകത്തിന്റെ മുമ്പിൽ ഏറെ അഭിമാനത്തോടെ അവതരിപ്പിക്കപ്പെട്ടിരുന്ന ഇന്ത്യൻ ദേശീയതയുടെ പ്രൗഡി നഷ്ടപ്പെടുന്നു. താല്ക്കാലിക ഭരണനേട്ടങ്ങൾക്കുവേണ്ടി ഇത്തരം സങ്കുചിത രാഷ്ട്രീയത്തെ പിൻതാങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഭരണാധികാരികൾ ഇരിക്കുന്ന കൊമ്പ് മുറിക്കുകയാണെന്നും, വരം നൽകുന്നത് ഭസ്മാസുരന് ആണെന്നും മറക്കാതെ ഓർത്താൽ നന്ന്.

തെരഞ്ഞെടുപ്പ് കാലം ആകുമ്പോൾ മാത്രം സജീവമാകുന്ന വികസന ചർച്ചകൾ ആണ് കേരളത്തിന്റെ പ്രധാനശാപം. ഞാൻ ശരിയല്ലെങ്കിൽ നീയും ശരിയല്ല എന്ന് തെളിയിക്കുന്ന തിരക്കിൽ ആണ് ഇവിടുത്തെ ജനപ്രതിനിധികൾ. എന്നാൽ ഈ നാടിന് എന്ത് ശരിയും ഗതിയും ഉണ്ടായി എന്നത് ചർച്ചകൾക്ക് പോലും ഇവിടെ വിധേയമാകുന്നില്ല.

രാഷ്ട്രീയ തത്വശാസ്ത്രങ്ങളിലെ വിശ്വാസം പൗരന് പലപ്പോഴും ബാധ്യതയായി മാറുന്നു. ഗ്രൂപ്പ്, സാമുദായിക, സാമ്പത്തിക, മറ്റ് ഇതര താല്പര്യങ്ങൾ അടിച്ചേല്പിക്കുന്ന സ്ഥാനാർത്ഥികളെ മനസ്സാക്ഷി പണയം വച്ച് ഏറ്റെടുക്കേണ്ട ബാദ്ധ്യതയിലാണ് വോട്ടർ എന്ന പൗരൻ. സ്വന്തം സ്ഥാനാർത്ഥികളുടെ കുറവുകളെ വെള്ളയടിച്ച് പൂശാൻ പറ്റാതെ അവർ പാടുപെടുന്നു. പാവം വോട്ടർ എന്ന തങ്ങളുടെ രാഷ്ട്രീയ തത്വശാസ്ത്ര സ്നേഹികൾ തങ്ങളെ വെള്ളടയിച്ചുകൊള്ളുമെന്ന് സ്ഥാനാർത്ഥികൾക്കും അറിയാമെന്നതുകൊണ്ട് അവർ തങ്ങളുടെ കലാപ്രകടനങ്ങൾ മനസാക്ഷിക്കുത്തില്ലാതെ നിർബാധം തുടരുന്നു.

സ്കൂൾ ടോയ്‌ലറ്റുകളുടെയും, പഞ്ചായത്ത് റോഡുകളുടെയും അരികിലും 'ഇന്ന ജനപ്രതിനിധിയുടെ' വികസന ഫണ്ടിൽ നിന്ന് എന്ന് വലിയ അക്ഷരത്തിൽ എഴുതി കൊട്ടിഘോഷിക്കുന്ന വികസനം അല്ലാതെ ഗൗരവമായ എന്ത് വികസനം ആണ് നമുക്ക് ചുറ്റും നടക്കുന്നത്. സാധാരണ പൗരന്റെ നികുതി പണത്തിൽ നിന്ന് ജനപ്രതിനിധികൾക്കു നൽകുന്ന വികസനഫണ്ട് അവർ ഉപയോഗിക്കുമ്പോൾ ഈ വലിയ അക്ഷരത്തിലെ എഴുത്ത് രാഷ്ട്രീയ പാപ്പരത്വത്തിന്റെ അടയാളമാണ്.

തെരഞ്ഞെടുപ്പുകാലം അനിവാര്യമായ ചില ഓർമ്മപ്പെടുത്തലുകളുടെ കാലമായി മാറുമെങ്കിൽ, വികസനത്തിനായുള്ള വിട്ടുവീഴ്ചയില്ലാത്ത സംവാദങ്ങളുടെ കാലമായി മാറുമെങ്കിൽ, സങ്കുചിത താല്പര്യങ്ങൾക്ക് അപ്പുറമുള്ള രാഷ്ട്രീയ പ്രബുദ്ധതയുടെ കാലമായി മാറുമെങ്കിൽ, ആരുടെയും വോട്ടുകുത്തിയന്ത്രം ആകാൻ ഞങ്ങൾ ഇല്ല എന്ന് പ്രഖ്യാപിക്കാൻ തയ്യാറാകുമെങ്കിൽ, ഇലക്ഷൻ കാലത്ത് മാത്രമുള്ള സ്ഥാനാർത്ഥികളുടെ അരമന സന്ദർശനങ്ങളും സ്നേഹപ്രകടനങ്ങളും തിരസ്കരിക്കുമെങ്കിൽ, ഇതിൽ ചില പ്രതീക്ഷകളുടെ വെള്ളിവെളിച്ചം ബാക്കിയാവും.


**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

# ത്യാഗത്തിലൂടെയുള്ള സന്തോഷം
# നോമ്പ്

ത്യാഗത്തിലൂടെയുള്ള സന്തോഷം നോമ്പ്

**ഫാ. ഡോ. തോംസൺ റോബി**

ഒരിക്കൽക്കൂടി വലിയനോമ്പിന്റെ മധുരിമ നുകർന്ന് ദൈവാനുഗ്രഹം പ്രാപിച്ച് ജീവിത ലക്ഷ്യം നേടുവാനുള്ള കാലം ആഗതമായിരിക്കുന്നു. ഈ യാത്രയിൽ സത്യാന്വേഷിയായ തീർത്ഥാടകൻ എത്തിച്ചേരുന്നത് കാൽവറിയിലെ കുരിശിന്റെ സമീപമായിരിക്കണം. മനുഷ്യരക്ഷയ്ക്കുവേണ്ടി തന്റെ നിണം ചൊരിഞ്ഞ ലോകരക്ഷകനായ ക്രിസ്തുവിന്റെ കുരിശാണ് നമുക്ക് ആത്മ സായൂജ്യം നൽകുന്നത്. നാല്പതു നോമ്പും തുടർന്നുള്ള കഷ്ടാനുഭവ ആഴ്ചയും കുരിശിനെ ധ്യാനിപ്പാനുള്ള ആഹ്വാനമാണ്. നാല്പത് നോമ്പിൽ നാം ആർജ്ജിക്കുന്ന അനുഗ്രഹ പ്രവാഹമാണ് കുരിശിന്റെ വഴിയിലൂടെയുള്ള കഷ്ടാനുഭവ ആഴ്ചയിൽ നമുക്ക് വഴിയാഹാരമായി തീരേണ്ടത്. ഇത് പ്രാപിക്കുവാൻ വലിയ ഒരുക്കത്തിന്റെ ക്രമീകരണം ആവശ്യമാണ്. ത്യാഗത്തിലൂടെയുള്ള സന്തോഷമാണ് നോമ്പ്.




“യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി യോർദ്ദാൻ വിട്ടു മടങ്ങി. ആത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി. പിശാച് അവനെ നാല്പതു ദിവസം പരീക്ഷിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല'' (ലൂക്കോ. 4:1-2; മത്താ. 4:1-2). ക്രിസ്തു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുവാൻ തുടങ്ങുന്നതിന് മുമ്പ് നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. വലിയ മരുഭൂമിയുടെ അനുഭവത്തിലൂടെയുള്ള യാത്രയാണ് നോമ്പ്. ഈ മരുഭൂമിയുടെ അനുഭവം ക്രിസ്തുവിനെ തന്റെ ശുശ്രൂഷയ്ക്ക് ശക്തനാക്കി മാറ്റുകയായിരുന്നു. നോമ്പിന്റെ ഈ അനുഭവം പലരേയും ജീവിതത്തിൽ ശക്തരാക്കി എന്ന് വചനം സാക്ഷിക്കുന്നു. പഴയ നിയമത്തിൽ സീനായ് മലയിൽ കയറി നാല്പതു ദിവസം നോമ്പ് നോക്കിയതിനു ശേഷമാണ് ദൈവം പത്തു കല്പനകൾ മോശയെ ഏല്പിച്ചത് (പുറപ്പാട് 24:18). ഏലിയാവ് ഇസബേലിൽ നിന്ന് രക്ഷപ്പെടാനായി ഓടി മരുഭൂമിയിൽ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ ദൂതൻ നൽകിയ ഭക്ഷണത്തിന്റെ ശക്തിയാൽ നാല്പതു ദിവസം ദൂരയാത്ര ചെയ്യുവാനുള്ള ശക്തി ആർജ്ജിച്ചു എന്ന് 1 രാജാക്കന്മാർ 19:5-9 വരെ നാം കാണുന്നു. ഇവിടെയെല്ലാം ഉപവാസവും പ്രാർത്ഥനയും നോമ്പും അവരെ ബലഹീനതയിൽ ശക്തിപ്പെടുത്തിയതായി കാണുന്നു.

മോശയ്ക്കും ഏലിയാവിനും ജീവിത വിജയത്തിന് കഷ്ടപ്പാടുകൾ ഏല്ക്കേണ്ടി വന്നു എങ്കിലും പരീക്ഷകളെ അതിജീവിക്കുവാനുള്ള ധൈര്യവും ആത്മനിറവും നേടി ലക്ഷ്യസ്ഥാനം കണ്ടെത്തുവാൻ ഇടയാക്കിയത് ത്യാഗത്തിലൂടെയാണ്. ഇസ്രയേൽ ജനതയെ വലിയ കഷ്ടതയിൽ നിന്ന് വിടുവിക്കുവാൻ എസ്ഥേറിന്റെയും കൂട്ടരുടെയും നോമ്പും ഉപവാസവും മൂലം സാധിച്ചു (എസ്ഥേർ 3:13; 4:16). ശൗലിനെ രൂപാന്തരപ്പെടുത്തിയതിന് അവൻ അനുഷ്ഠിച്ച ഉപവാസം പിന്നീട് അവനെ പൗലോസായി മാറുവാൻ ശക്തനാക്കി. (അപ്പോ. പ്രവൃ. 9:4; 9:5; 9:9). പിന്നീട് പല സാഹചര്യങ്ങളിലും പൗലോസ് ശ്ലീഹാ നോമ്പിന്റെ മാഹാത്മ്യവും ശക്തിയും തന്റെ ലേഖനങ്ങളിലൂടെ വരച്ചു കാട്ടുന്നുണ്ട്. യോനയുടെ പ്രസംഗം കേട്ട് പുറജാതികളുടെ നാടായ നിനുവയിലെ ജനങ്ങൾ മുഴുവനും ഉപവസിച്ച് നോമ്പു നോറ്റത് ഒരു ജാതിയെ മുഴുവൻ ദൈവകോപത്തിൽ നിന്ന് രക്ഷപ്പെടാൻ ഇടയാക്കിയത് ശ്രദ്ധേയമാണ്. ഇവിടെയെല്ലാം നോമ്പ് മരുഭൂമിയുടെയും ത്യാഗത്തിന്റെയും മദ്ധ്യേയുള്ള സന്തോഷമായി നാം ദർശിക്കുന്നു. എന്നാൽ ആധുനികതയുടെ സ്വാധീനത്താൽ മരുഭൂമിയുടെ അനുഭവം ഇല്ലാതെ കുറുക്കുവഴികളിലൂടെ ആത്മീയ ലക്ഷ്യം നേടുവാനുള്ള ശ്രമത്തിലാണ് നാമെല്ലാവരും ആത്മീകതയെ വിറ്റു കാശാക്കുന്നു ആൾ ദൈവങ്ങളും, ആത്മീക കൂട്ടായ്മകളും മനുഷ്യരെ മാടി വിളിക്കുമ്പോൾ ത്യാഗോന്മുഖമായ നോമ്പിന്റെ അനുഭവം എന്തിനാണ് എന്ന് ചിന്തിച്ചുപോകുന്നത് സ്വാഭാവികം.

*ശേഷം 16 -ാം പേജിൽ*

# ഇവൻ എഴുന്നേറ്റ് നിന്നെ സ്തോത്രം ചെയ്യാനിടയാക്കണമേ

**ഡോ. എം. കുര്യൻ തോമസ്**

മലങ്കരയുടെ വലിയ ബാവാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയബാവയ്ക്ക് കന്തീലാ ശുശ്രൂഷ നടത്തി.

ദേവലോകം അരമന കാതോലിക്കാമാരുടെ ആസ്ഥാനമായ ശേഷം അവിടെ നടക്കുന്ന അഞ്ചാമത്തെ കന്തീലാ ശുശ്രൂഷയാണിത്. 1963 ഡിസംബർ 23-ന് പ. ഗീവർഗീസ് ദ്വിതീയൻ, 1967 ഏപ്രിൽ 10-ന് പ. ഔഗേൻ പ്രഥമൻ, 1991 ജനുവരി 3-ന് പ. മാത്യൂസ് പ്രഥമൻ, 2006 ജനുവരി 1-ന് പ. മാത്യൂസ് ദ്വിതീയൻ എന്നീ കാതോലിക്കാമാർക്ക് ദേവലോകത്തു വെച്ച് ഇതിനുമുമ്പ് കന്തീലാ ശുശ്രൂഷ നടത്തിയിട്ടുണ്ട്. 2014 ഫെബ്രുവരി 21-ന് നടന്ന പ. ദിദീമോസ് പ്രഥമന്റെ കന്തീലാ അഞ്ചാമത്തേതാകും.

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ സപ്ത കൂദാശകളിൽ ഉൾപ്പെട്ടതാണ് രോഗികളുടെ തൈലാഭിഷേകം. രോഗശാന്തിക്കായി നടത്തപ്പെടുന്ന വേദപുസ്തകാധിഷ്ഠിതമായ ഒരു ശുശ്രൂഷയാണിത്. .. ഒരുവൻ രോഗിയെങ്കിൽ, അവൻ സഭുടെ കശീശന്മാരെ വിളിക്കണം. അവർ അവനുവേണ്ടി പ്രാർത്ഥിക്കുകയും, കർത്താവിന്റെ നാമത്തിൽ തൈലം പൂശുകയും ചെയ്യും. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുനേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടങ്കിൽ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യും. എന്ന യാക്കോബ് ശ്ലീഹായുടെ വചനങ്ങളാണ് (യാക്കോ. 5. 15 പ്ശീത്തോ) തൈലാഭിഷേക ശുശ്രൂഷയുടെ അടിസ്ഥാനം. മേല്പട്ടക്കാരനാൽ കൂദാശ ചെയ്യപ്പെട്ട സൈത്ത് (ഒലിവെണ്ണ) ആണ് തൈലാഭിഷേക ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്നത്.

ലളിതമായ രോഗീലേപന ശുശ്രൂഷയുടെ ആർഭാടപൂർണ്ണമായ ഒരു വകഭേദം മാത്രമാണ് കന്തീല. തിരി എന്നാണ് കന്തീലാ എന്ന വാക്കിന്റെ അർത്ഥം. ദീർഘമായ കന്തീലാ ശുശ്രൂഷ അഞ്ചു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ശാരീരികമായ അഞ്ചു ഇന്ദ്രിയങ്ങൾ, ആത്മാവിന്റെ അഞ്ച് ഇന്ദ്രിയങ്ങൾ, ബുദ്ധിയുള്ള അഞ്ച് കന്യകമാർ എന്നിവയെ പ്രതിനിധാനം ചെയ്താണ് ഈ ശുശ്രൂഷയെ അഞ്ചായി വിഭജിച്ചിരിക്കുന്നത്. ഒരു പാത്രത്തിൽ തൈലം എടുത്ത് അതിൽ അഞ്ച് തിരിയിട്ടുവെച്ചാണ് കന്തീലാ ആരംഭിക്കുന്നത്. കിഴക്കു മുതൽ ഓരോ തിരി കത്തിച്ചുകൊണ്ട് ഓരോ ശുശ്രൂഷയും ആരംഭിക്കുന്നു. രോഗിയുടെ നെറ്റിമുതൽ ഓരോ അവയവത്തിലായി ഈ സൈത്തുകൊണ്ട് കുരിശടയാളം വരച്ച് ആദ്യത്തെ നാലു ശുശ്രൂഷകൾ അവസാനിപ്പിക്കുന്നു. അഞ്ചാം ശുശ്രൂഷയുടെ അവസാനം സാധാരണയുള്ള രോഗികളുടെ തൈലാഭിഷേ ശുശ്രൂഷപോലെ എല്ലാ അവയവത്തിലും കുരിശടയാളം വരയ്ക്കുന്നു. ചടങ്ങിൽ സംബന്ധിക്കുന്ന എല്ലാവരേയും രോഗശാന്തിക്കായി ഈ തൈലംകൊണ്ട് പൂശുകയും ചെയ്യുന്നു. ശേഷിക്കുന്ന സൈത്ത് ഭാവിയിലെ തൈലാഭിഷേക ശുശ്രൂഷകൾക്കായി സൂക്ഷിച്ചു വയ്ക്കുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി നസ്രാണികളുടെ ഇടയിൽ പ്രചരിച്ചിരിക്കുന്ന



ഒരു മിഥ്യാധാരണയാണ് കന്തീലാ ശുശ്രൂഷ നൽകുന്നത് ആസന്ന മരണർക്കാണെന്ന ചിന്താഗതിക്ക് വഴി വെച്ചത്. രോഗികളുടെ തൈലാഭിഷേകം എന്നാൽ അന്ത്യകൂദാശ ആണെന്നും അതു നടത്തിക്കഴിഞ്ഞാൽ വല്യ പഴക്കമില്ലാതെ ആളു പോക്കാണെന്നുമാണ് നസ്രാണി ധരിച്ചു വെച്ചിരിക്കുന്നത്. ഇതിനു ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ട്.

1599 വരെ നസ്രാണികൾ അനുവർത്തിച്ചിരുന്ന പേർഷ്യൻ അഥവാ പൗരസ്ത്യ കൽദായ ക്രമത്തിൽ രോഗികളുടെ തൈലാഭിഷേകം എന്നൊരു കൂദാശ ഇല്ല. 1500 മുതലുള്ള കാലഘട്ടത്തിൽ റോമൻ കത്തോലിക്കരാണ് രോഗീലേപനം എന്ന ശുശ്രൂഷ മലങ്കരയിൽ പ്രചരിപ്പിച്ചത്. അതാകട്ടെ, അവരുടെ പാരമ്പര്യപ്രകാരമുള്ള Viaticum എന്ന ശുശ്രൂഷയും. provision for വേല journey അഥവാ പാഥേയം എന്നാണ് ഈ ലത്തീൻ വാക്കിന്റെ അർത്ഥം. Anointing of the Sick is a sacrament of the Catholic Church that is administered to a Catholic who, having reached the age of reason, begins to be in danger due to sickness or old age അഥവാ രോഗിയെ (എണ്ണ) പൂശുക എന്നത് ന്യായമായ പ്രായത്തിൽ എത്തിയവരും വൃദ്ധതകൊണ്ടോ രോഗം കൊണ്ടോ അപകടാവസ്ഥ ആരംഭിച്ചവരുമായ കത്തോലിക്കർക്ക് കത്തോലിക്കാ സഭ നൽകുന്ന ഒരു കൂദാശ എന്നാണ് റോമൻ കത്തോലിക്കാ സഭ ഇതിന് ഔദ്യോഗികമായി വിശദീകരണം നൽകിയിട്ടുള്ളത്. പിന്നാലെ വിവരിക്കുന്ന കാരണത്താൽ ഇതിന് Last Rites എന്നു പറഞ്ഞുവന്നു. അതിനെ മലയാളത്തിൽ ഒടുക്കത്തെ ഒപ്രുശ്മാ എന്നു പരിഭാഷപ്പെടുത്തുകയും അന്ത്യ കൂദാശ എന്നും വഴിക്കാലാ എന്നും പറഞ്ഞുവരികയും ചെയ്തു. വേണ്ടുന്നത് എത്തിക്കുക എന്നൊരു ഗ്രാമീണ പ്രയോഗവും ഈ കൂദാശയ്ക്ക് ഉണ്ടായിരുന്നു.

രോഗിയെ എണ്ണ പൂശുന്ന ശുശ്രൂഷയെ അന്ത്യ കൂദാശ എന്നു നാമകരണം ചെയ്തതിൽ നസ്രാണിയെ കുറ്റംപറഞ്ഞിട്ടു കാര്യമില്ല. കാരണം, Viaticum എന്ന കൂദാശ മരണാസന്നാർക്കു മാത്രമായി സംവരണം ചെയ്തത് ഉദയംപേരൂർ സുന്നഹദോസാണ്. ഉദയംപേരൂർ സുന്നഹദോസിന്റെ മൂന്നാം യോഗവിചാരം, നാലാം മൗത്വാ അഞ്ചാം കൂദാശ ആകുന്ന ഒടുക്കത്തെ ഒപ്രുശുമാമെൽ ഒള്ള പൊരുൾ എന്നതിൽ ... മുഴുവനായ ദൃഢത ഒണ്ടായി ഇരിക്കുന്നവർക്ക ക്ലേശം പ്രയാസമായി മരിക്കും എന്നും തോന്നുംപൊളെ ഇ കൂദാശ ചൈയാവൂ... എന്നു നിർദ്ദേശിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ മലങ്കരയിൽ പാശ്ചാത്യ സുറിയാനി ക്രമം ഉറയ്ക്കുന്നവരെ ഈ മാനദണ്ഡമാണ് നിലവിലിരുന്നത്. ഇതിന്റെ പ്രകടമായ തെളിവ് കായംകുളം പീലിപ്പോസ് റമ്പാന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയ വലിയ മാർ ദീവന്നാസ്യോസിന്റെ അന്ത്യകൂദാശ ആണ്. ...ഇനിയും വേണ്ടുന്നത് എത്തിക്കതന്നെയെന്നുറച്ച, പീലിപ്പോസു റമ്പാച്ചൻ കുപ്പായമിട്ട ഉപ്പ്രിശ്മാ എത്തിക്കുമ്പോൾ 25 കത്തങ്ങൾകൂടെ ഒണ്ടായിരുന്നു. മിശിഹാ കാലം 1808-ൽ കൊല്ലം 983-ാ മാണ്ടു മീനമാസം 27-നു വെള്ളിയാഴ്ചനാൾ വല്യനുയമ്പിന്റെ നാല്പതാം ദിവസം ഇരുപത്തിരണ്ടര നാഴിക പുലർന്നപ്പോൾ മെഴുകുതിരികളും കത്തിച്ച് റമ്പാച്ചൻ സൈത്തും പൂശി വഴിക്കാലായും എത്തിച്ചു. കാലം ചെയ്തതിന്റെ ശേഷം ഉടൻ തന്നെ മുഖവും കൈയും കാലും കഴുകിച്ച, കുപ്പായങ്ങളും ഇടുവിച്ച, മുടിയും വച്ച, സ്ലീവായും വടിയും പിടിപ്പിച്ച, ധൂമവും വച്ച, കസറമേൽ ഇരുത്തി. റംപാനും ശേഷം പട്ടക്കാരും പൊസ്തകം ചൊല്ലിത്തുടങ്ങി. ചനിയാഴ്ച 22-ന് മാളികയിൽ നിന്നും താഴെയിറങ്ങി. .... എന്നാണ് നിരണം ഗ്രന്ഥവരി ഈ സംഭവത്തെ വിവരിക്കുന്നത്.

എന്നാൽ റോമൻ കത്തോലിക്കാ പാരമ്പര്യത്തിൽപോലും രോഗിയെ എണ്ണ പൂശുന്ന ശുശ്രൂഷ അന്ത്യ കൂദാശയല്ല. Last Rite എന്നല്ല Last Rites എന്നാണ് യഥാർത്ഥ പ്രയോഗം. പാപമോചനം, രോഗീലേപനം, വി. കുർബാന എന്നിങ്ങനെ മൂന്നു കൂദാശകൾ ചേരുന്നതാണ് Extreme Unction എന്ന Last Rites. ഒരു വ്യക്തി അവസാനം സ്വീകരിക്കുന്ന കൂദാശകൾ എന്ന അർത്ഥത്തിലാവണം ഇവയെല്ലാം ചേർത്ത് Last Rites എന്ന നാമം സിദ്ധിച്ചത്. മലങ്കര സഭ ഒരുവന് വി. മാമോദീസ, വി. മൂറോൻ അഭിഷേകം, വി. കുർബാന എന്നീ കൂദാശകൾ ഒരുമിച്ചു നൽകുന്നതുമായി ഇതിനെ ഒരർത്ഥത്തിൽ താരതമ്യപ്പെടുത്താം.

പൗരസ്ത്യ പാരമ്പര്യവും ഇതിനു സമാനമാണ്. പാപമോചനം, രോഗശാന്തിക്കുള്ള തൈലാഭിഷേകം, വി. കുർബാന എന്നീ മൂന്നു കൂദാശകളാണ് ഒരുമിച്ചു നൽകുന്നത്. ഇവ നൽകുന്നത് രോഗശാന്തിക്കും. ... കർത്താവേ, ഇവൻ എഴുന്നേറ്റ് നിന്റെ കരുണകൾക്കായി നിന്നേയും നിന്റെ പിതാവിനേയും പരിശുദ്ധ റൂഹായേയും സ്തോത്രം ചെയ്യത്തക്കവിധം ഇവന്റെ വേദനകളെ തടയുകയും രോഗത്തെ സുഖപ്പെടുത്തുകയും ഞെരുക്കങ്ങളെ കെടുത്തിക്കളയുകയും സകല ശിക്ഷകളേയും കോപവടികളേയും നീക്കിക്കളകയും ചെയ്യേണമേ ... എന്നർത്ഥം വരുന്ന പ്രാർത്ഥനകൾ തൈലാഭിഷേക - കന്തീലാ സുശ്രൂഷകളിൽ പരക്കെയുണ്ട്.

പൗരസ്ത്യ പാരമ്പര്യം പാഥേയം അഥവാ provision for the journey ആയി വി. കുർബാനയെയാണ് കണക്കാക്കുന്നതെന്ന് ശവസംസ്കാര ക്രമത്തിലെ ... ദൈവസുതാ വഴിയാത്രയിലെൻ പാഥേയം നീയേ ... എന്ന ഗീതം വ്യക്തമാക്കുന്നുണ്ട്. ചുരുക്കത്തിൽ തൈലാഭിഷേകം കഴിഞ്ഞാൽ ഉടനെ രോഗി മരിക്കുകയല്ല വേണ്ടത് മറിച്ച് സുഖപ്പെടണം. അപ്രകാരം സംഭവിച്ച അനേകം അനുഭവങ്ങൾ ഉണ്ട്. ഇത് ആവശ്യാനുസരണം ആവർത്തിക്കാവുന്ന കൂദാശയുമാണ്.

ഇതിന്റെ ഏറ്റവും നല്ല ഉദാഹരണം പ. ഒഗേൻ പ്രഥമൻ ബാവായാണ്. 1967-ലാണ് അദ്ദേഹത്തിന് കന്തീലാ ശുശ്രൂഷ നടത്തിയത്. അതിനു ശേഷം 1975 വരെ അദ്ദേഹം കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തു തുടർന്നു. എന്നു മാത്രമല്ല, ഇക്കാലത്ത് വി. മൂറോൻ കൂദാശ, മേല്പട്ട സ്ഥാനാഭിഷേകം എന്നിവ നടത്തുകയും രണ്ട് തവണ അസോസിയേഷൻ വിളിച്ചുകൂട്ടുകയുമുണ്ടായി.

മറ്റൊരു തെറ്റിദ്ധാരണ കന്തീലാ എന്നത് വൈദീകർക്കു മാത്രം നൽകുന്ന ഒരു ശുശ്രൂഷയാണന്നാണ്. അനേകം വൈദീകരുടെ സാന്നിദ്ധ്യവും ഉയർന്ന പണച്ചിലവുമുള്ള കന്തീലാ പ്രായേണ മൂപ്പച്ചന്മാർക്കും മേല്പട്ടക്കാർക്കും മാത്രം നടത്തിയിരുന്നതിനാലാകാം ഇപ്രകാരം ഒരു ധാരണ പരന്നത്. രസകരമായ വസ്തുത, മലങ്കരയിൽ രേഖലഭ്യമായ ആദ്യ കന്തീല 1876-ൽ പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് കണ്ടനാട്ടുവെച്ച് ഒരു അവൈവദീകന് നൽകിയതാണ്. കരവട്ടവീട്ടിൽ മാർ ശെമവോൻ ദീവന്നാസ്യോസിന്റെ നാളാഗമ പ്രകാരം ...(ഇടവം) 5 -നു ബുധനാഴ്ച തുകലൻ പൌലൊസിന്റെ മകൻ വർക്കി എന്നവനു തലയ്ക്കു നല്ല സ്തിരം ഇല്ലാത്തതിനാൽ കുറുബാന കഴിഞ്ഞശെഷം രൊഗശാന്തിയ്ക്കു വെണ്ടി കന്തിലാ എന്ന ക്രമം കഴിച്ചു. അവനെയും കൂടപ്പെട്ടിരുന്ന എല്ലാവനെയും സൈത്തു കൊണ്ടു പൂശി. ശെഷിപ്പുണ്ടായിരുന്ന സൈത്തു രൊഗപ്പെട്ടവരെ പൂശുവാൻ കൊള്ളാമെന്നു കല്പിച്ചതിനാൽ, ആയ്തു പള്ളിയിൽ സൂക്ഷിച്ചു വയ്ക്കയും ചെയ്തു. ...

കന്തീലായ്ക്കും തൈലാഭിഷേക ശുശ്രൂഷയ്ക്കും ഫലത്തിൽ ഭേദമൊന്നുമില്ല. ഒന്നിലധികം പ്രാവശ്യം തൈലാഭിഷേക ശുശ്രൂഷ സ്വീകരിച്ച പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തന്റെ അന്ത്യകാലത്ത് സഭയ്ക്ക് കുറച്ചിൽ വരാതിരിക്കാൻ തനിക്ക് കന്തീലാ നടത്തണം എന്ന് ആവശ്യപ്പെട്ടതും, സാധാരണ തൈലാഭിഷേകമല്ലാതെ തനിക്ക് കന്തീലാ നടത്തരുതെന്നു കർശനമായി നിർദ്ദേശിച്ച പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ഇക്കാര്യത്തിൽ പ്രകടിപ്പിച്ചത് ഒരേ വികാരമാണ്. സ്വന്തം കന്തീലായുടെ സമാപനത്തിൽ നന്ദിപ്രസംഗം നടത്തിയ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കാണിച്ചത് ആ കൂദാശയുടെ ഓർത്തഡോക്സ് സ്പിരിട്ടും. ⊙

## ആറാം മാർത്തോമ്മാ അവാർഡ് ദയാഭായിക്ക്



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ ദീർഘകാലം നയിച്ച മലങ്കര മെത്രാപ്പോലീത്തായും (1765-1808) പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിന്റെ സ്ഥാപകനും ഈ ദേവാലയത്തിൽ അന്ത്യനവിശ്രമം കൊള്ളുന്ന ആറാം മാർത്തോമ്മ എന്ന അഭിധാനത്താൽ അറിയപ്പെടുന്ന വലിയ മാർ ദിവന്നാസിയോസ് അവാർഡിന് ഗോത്രവർഗ്ഗക്കാരുടെ അവകാശങ്ങൾക്കും ഉന്നമനത്തിനുംവേണ്ടി സ്വജീവിതം ഉഴിഞ്ഞുവച്ച ദയാഭായി എന്ന പേരിൽ അറിയപ്പെടുന്ന മേഴ്സി മാത്യു അർഹയായി. 25,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. ഏപ്രിൽ 26 ന് പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ അവാർഡ് സമ്മാനിക്കുമെന്ന് വികാരി ഫാ. രാജൻ വർഗ്ഗീസ്, സഹവികാരി ഫാ. ജാൾസൺ പി. ജോർജ്ജ്, കൺവീനർ സ്റ്റീഫൻ ഐപ്പ് തുടങ്ങിയവർ അറിയിച്ചു.

## ഭദ്രാസനതല ഷട്ടിൽ ടൂർണമെന്റ്


ബുധനൂർ: ബുധനൂർ സെന്റ് ഏലിയാസ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2014 മാർച്ച് 23-ാം തീയതി ഞായറാഴ്ച വൈകിട്ട് 5.30 മുതൽ ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനം യൂണിറ്റുകളെ പങ്കെടപ്പിച്ചുകൊണ്ട് ഔട്ട്ഡോർ ഷട്ടിൽ ടൂർണമെന്റ് നടത്തപ്പെടുന്നു. മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്ന ടീമുകൾക്ക് ക്യാഷ് പ്രൈസും എവറോളിംഗ് ട്രോഫിയും നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: 9526964872, 9656418639, 9746629219

## മദ്യവിരുദ്ധ സന്ദേശറാലി

ഭദ്രാസന മദ്യവർജ്ജന സമിതിയുടെയും യുവജനപ്രസ്ഥാനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ "എന്റെ സ്വപ്നം മദ്യവിമുക്ത സമൂഹം'' എന്ന സന്ദേശവുമായി ഭദ്രാസനത്തിലെ മുഴുവൻ ദേവാലയങ്ങളിൽ മാർച്ച് 30, ഏപ്രിൽ 6 തീയതികളിൽ എത്തിച്ചേരുന്നു. എല്ലാ ഇടവകകളും ഈ സന്ദേശറാലിയെ സ്വീകരിക്കുവാൻ ആവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ്. വിശദമായ നോട്ടീസ് ഇടവകകളിൽ എത്തിക്കുന്നതായിരിക്കും.

# നീതിമാനായ യൗസേഫ്

ഡോ. എം. കുര്യാക്കോസ് മുകളത്ത്




പരിശുദ്ധ സുറിയാനി സഭകൾ ഉൾപ്പെടെ ലോകത്തിലെ ഭൂരിഭാഗം എപ്പിസ്കോപ്പൽ സഭകളും യേശുക്രിസ്തുവിന്റെ അമ്മയായ മറിയമിനെ നിത്യകന്യകയായും നിത്യവിശുദ്ധയായും ദൈവമാതാവായും ഭൂമിയിലെ സകല വംശങ്ങളിൽ നിന്ന് ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളായും സ്തുതി ബഹുമാനങ്ങൾക്ക് അർഹതയുള്ളവളായും നിത്യസ്മരണാർഹയായും അംഗീകരിക്കുന്നു. ആദിമനൂറ്റാണ്ടുകളിൽ ഉണ്ടായ വിവിധ സുന്നഹദോസുകളിൽ വച്ച് പിതാക്കൻമാർ ഈ വിശ്വാസം സ്ഥിരീകരിക്കുകയും സംശയരഹിതമായി പ്രഖ്യാപിക്കുകയും ചെയ്തു. സകല വിശുദ്ധരിലും ശുദ്ധിമതികളിലും ഉപരിയായ സ്ഥാനം സഭകൾ അവൾക്ക് കല്പിക്കുകയും അവളുടെ മദ്ധ്യസ്ഥതയിൽ അഭയം തേടുവാൻ വിശ്വാസികളെ ഉത്ബോധിപ്പിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ രക്ഷാകരവ്യാപാരങ്ങളുടെ പൂർത്തീകരണത്തിൻ അതുല്യ പങ്കു വഹിച്ച മറിയം സഭയുടെ രാജ്ഞിയായി കണക്കാക്കപ്പെടുന്നുവെന്ന് മാത്രമല്ല, ദൈവപുത്രന്റെ മനുഷ്യാവതാര രഹസ്യങ്ങൾ മാതാവിന്റെ ദിവ്യതയുടെ അഭാവത്തിൽ അപൂർണ്ണവും അർത്ഥരഹിതവുമാണെന്ന് പിതാക്കൻമാർ സംശയം കൂടാതെ പഠിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ രക്ഷാകരപദ്ധതിയിൽ യേശുവിന്റെ പിതാവായ യൗസേഫ് ഇതോടൊപ്പം നിർവ്വഹിച്ച അതിശ്രേഷ്ഠമായ പങ്ക് വിസ്മൃതിയുടെ ആഴങ്ങളിലേക്ക് വഴുതിപ്പോയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വി. യൗസേഫിനെപ്പറ്റിയുള്ള ആധികാരിക പഠനങ്ങൾ പല സഭകളിലും നന്നെ ചുരുക്കമാണ് എന്ന് പറയേണ്ടിയിരിക്കുന്നു. ഈ വിശുദ്ധനെപ്പറ്റി ചിന്തിക്കുന്നവരും ധ്യാനിക്കുന്നവരും അദ്ദേഹത്തിന്റെ അനുകരണീയമായ ജീവിതത്തിലെ സ്വഭാവ വിശിഷ്ടതകൾ വിശകലനം ചെയ്ത് പഠിക്കുന്നവരുമായി ധാരാളം വിശ്വാസികളും വേദശാസ്ത്രജ്ഞന്മാരും ഇപ്പോൾ ഉണ്ട്. വിശുദ്ധ യൗസേഫിന്റെ അപൂർവ്വ വ്യക്തിത്വം പുനർവിചിന്തനത്തിന് വിധേയമാക്കുവാനും ആധുനിക കുടുംബ-സമൂഹ വ്യവസ്ഥിതിയിൽ അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയെ മാതൃകയാക്കി ഉയർത്തിപ്പിടിക്കുവാനും ആംഗ്ലിക്കൻ, ലൂതറൻ സഭകളടക്കമുള്ള ലോകത്തിലെ എപ്പിസ്കോപ്പൽ സഭകൾ ഇപ്പോൾ ശ്രദ്ധിക്കുന്നുണ്ട് എന്നുള്ളത് ആശ്വാസകരമാണ്.

കുടുംബം പുലർത്തുവാൻ കുലത്തൊഴിലായ മരപ്പണിയെ ആശ്രയിക്കുകയും കന്യകയായ തന്റെ ഭാര്യയുടെയും ഉണ്ണിയേശുവിന്റെയും സംരക്ഷകനായി ശിഷ്ട ജീവിതം നയിച്ച് നിശ്ശബ്ദനായി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ യൗസേഫിനെ കുടുംബ ജീവിതത്തിന്റെ ഉത്തമ മാതൃകകൾ തേടുന്ന ആധുനിക സമൂഹത്തിന് വിസ്മരിക്കുവാൻ നിർവ്വാഹമില്ല.

യൗസേഫിനെപ്പറ്റി ചിന്തിക്കുമ്പോൾ അരോഗദൃഢഗാത്രനായ ഒരു വൃദ്ധന്റെ രൂപമാണ് നമ്മുടെ മനസ്സിൽ തെളിഞ്ഞു വരുന്നത്. തിരുക്കുടുംബത്തിൽ യൗസേഫിന്റെ ചിത്രം ഏറെ വയസ്സു ചെന്ന ഒരു പിതാവിന്റേതായിട്ടാണ് വരച്ചുകാണുന്നത്. അദ്ദേഹത്തിന്റെ പ്രായത്തെക്കു

റിക്കുവാൻ സുവിശേഷങ്ങളിലോ മറ്റു വേദ ഭാഗങ്ങളിലോ ഒരു തെളിവും ഇല്ല. ചില അപ്പോക്രിഫൽ പുസ്തകങ്ങളിൽ നിന്നാണ് യൗസേഫിനെപ്പറ്റിയുള്ള ഏറെ വിവരങ്ങളും പ്രചരിച്ചിരിക്കുന്നത് 'ആശാരിയായ ജോസഫിന്റെ ചരിത്രം, 'പ്രോട്ടോ-ഏവൻഗേലിയം', 'വിശുദ്ധ കന്യകയുടെ ജീവിതം', 'മറിയയുടെ ജനന സുവിശേഷം' എന്നിങ്ങനെയുള്ള ചില അപ്രാമാണിക ഗ്രന്ഥങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ പ്രകാരം യൗസേഫ് ബേത്‌ലഹേമിൽ ജനിച്ചു. ആദ്യഭാര്യയുടെ പേര് ശലോമി, മറിയയെ വിവാഹം ചെയ്തപ്പോൾ വയസ്സ് 89, മരണം 111-ാം മത്തെ വയസ്സിൽ (എ.ഡി. 18 ജൂലൈ 20) എന്നൊക്കെ കാണുന്നു. ഇവയെല്ലാം വിശ്വാസയോഗ്യമല്ലാത്തതുകൊണ്ട് സഭകൾ അവയെ കാനോനികമായി അംഗീകരിച്ചിട്ടില്ല.

ഒരു പക്ഷെ മറിയമിന്റെ കന്യകാത്വത്തെ ഉയർത്തിക്കാണിക്കുവാനും മഹത്വീകരിക്കുമാനുള്ള ശ്രമങ്ങളിൽ യൗസേഫിന്റെ തനതായ വ്യക്തിപ്രഭാവത്തിനും ആദർശധീരതയ്ക്കും മങ്ങലേറ്റു എന്നു പറയുന്നതായിരിക്കും യുക്തി. മൂന്നാം നൂറ്റാണ്ടു മുതൽ തന്നെ മറിയമിനെപ്പറ്റിയുള്ള വിശ്വാസവിപരീതങ്ങൾ സഭയിൽ ഉയർന്നുവന്നു. നിത്യകന്യകാത്വവും ദൈവമാതാവ് എന്ന സംബോധനയും ചോദ്യം ചെയ്യപ്പെട്ടു. പിന്നീടുള്ള നൂറ്റാണ്ടുകളിൽ അവളുടെ നിത്യ വിശുദ്ധി, അവളോടുള്ള മദ്ധ്യസ്ഥത എന്നിവയും വിമർശന വിധേയമായി. ഇവയെ ചെറുത്തു നിൽക്കുവാനും സത്യവിശ്വാസത്തിൽ സഭയെ ഉറപ്പിച്ചു നിർത്തുവാനും പിതാക്കന്മാർക്ക് അവരുടെ പ്രബോധനങ്ങളിലും പ്രഭാഷണങ്ങളിലും ഏറെ ഭാഗം ചെലവഴിക്കേണ്ടിവന്നു. അതു മൂലം യൗസേഫിനോടുള്ള ഭക്തിയാദരവുകൾ പ്രകടിപ്പിക്കുവാൻ വേണ്ടത്ര സന്ദർഭം ലഭിച്ചില്ല എന്നതാണ് വാസ്തവം. റോമൻ കാത്തോലിക്കാസഭ ഇക്കഴിഞ്ഞ നൂറ്റാണ്ടുകളിൽ ഈ കുറവ് നികത്തുകയും 1870-ൽത്തന്നെ അദ്ദേഹത്തെ "സഭയുടെ വിശുദ്ധനായ രക്ഷാധികാരി-Patron Saint of the Church" ആയി പ്രഖ്യാപിക്കുകയും ചെയ്തു. അസംഖ്യം ദേവാലയങ്ങളും സ്ഥാപനങ്ങളും യൗസേഫിന്റെ നാമത്തിൽ സ്ഥാപിച്ചു. മാർച്ച് 19-ാം തീയതി അദ്ദേഹത്തിന്റെ ഓർമ്മ കൊണ്ടാടുന്നതു കൂടാതെ അഖിലലോക തൊഴിലാളി ദിനമായ മെയ് ഒന്ന് വി. യൗസേഫിനോടുള്ള പ്രത്യേക മദ്ധ്യസ്ഥത യാചിക്കുന്ന ദിവസമായി ആചരിച്ചുവരുന്നു. ഇപ്പോഴത്തെ ഫ്രാൻസിസ് മാർപ്പാപ്പ തന്റെ സ്ഥാനാരോഹണത്തിന്റെ ഔദ്യോഗിക ആരംഭം കുറിക്കുവാൻ തെരഞ്ഞെടുത്ത 2013 മാർച്ച് 19-ാം തീയതി വിശുദ്ധ യൗസേഫിന്റെ ഓർമ്മ ദിവസമായിരുന്നു എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. കുർബ്ബാന മദ്ധ്യേയുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ യൗസേഫ് പിതാവിന്റെ ജീവിതത്തിലെ ശ്രേഷ്ഠ മാതൃകകൾ മാർപ്പാപ്പ ഒന്നൊന്നായി എടുത്തു പറഞ്ഞ് വിശദീകരിക്കുകയുണ്ടായി.

യൗസേഫിനെപ്പറ്റി ആദിമസഭാപിതാക്കന്മാർ ഏറെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഓറിജൻ, ഐറേനിയസ്, നൈസായിലെയും നാസിയൻസിലെയും ഗ്രീഗോറിയോസുമാർ, അപ്രേം, സ്വർണ്ണനാവുകാരനായ ഈവാനിയോസ്, ജറോം, അലക്സന്ത്രിയായിലെ കുറീലോസ് മുതലായവർ യൗസേഫിന്റെ സമാദരണീയ മാതൃകകൾ ചൂണ്ടിക്കാണിച്ച് എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. വി. അഗസ്റ്റിൻ (354-430) പറയുന്നത് ഇപ്രകാരമാണ്- "തന്റെ കന്യാകത്വത്തിന് സാക്ഷി ആകുവാനും ദിവ്യ ശിശുവിനെ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് മറിയം യൗസേഫിനെ ഭർത്താവായി സ്വീകരിച്ചത്''. ബർനാഡ് എന്ന വിശുദ്ധൻ (1090-1153) പറയുന്നു-"ദൈവത്തിന്റെ സൃഷ്ടികളിൽ സർവ്വോത്തമയായിരുന്ന മറിയമിന്റെ ഉത്തമ സഹകാരി ഈ ഭൂമിയിൽ യൗസേഫ് ആയിരുന്നു.''

ഗ്രീക്ക്-റഷ്യൻ സഭകളടക്കമുള്ള ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ ജനന പെരുന്നാളിന് ശേഷമുള്ള ആദ്യ ഞയറാഴ്ച യൗസേഫിന്റെ ഓർമ്മ ദിവസമായി കൊണ്ടാടുന്നു. അർമേനിയൻ സഭ ഒക്ടോബർ 22-ാം തീയതി St. Joseph-Father of God എന്ന പേരിൽ വിശുദ്ധനെ ആദരിക്കുന്ന ദിവസമായി വേർതിരിച്ചിരിക്കുന്നു. കോപ്റ്റിക്, എത്യോപ്യൻ സഭകൾ യൗസേഫിന്റെ മരണ ദിനമായ ജൂലൈ 20-ാം തീയതി അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ഭക്തിപൂർവ്വം ആചരിക്കുന്നു. കൽദായ സഭ ജനന പെരുന്നാളിനോട് അനുബന്ധിച്ചുള്ള ഞായറാഴ്ചകളിൽ വിശുദ്ധ യൗസേഫിനെ പറ്റിയുള്ള വായനകൾ ആരാധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ സഭയുടെ കുന്നംകുളത്തുള്ള ഒരു ദേവാലയം വിശുദ്ധന്റെ പേരിലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ മലങ്കരസഭയിൽ വി. യൗസേഫിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള രണ്ടോ മൂന്നോ ദേവാലയങ്ങൾ മാത്രമേ ഇപ്പോൾ ഉള്ളൂ. കൂദോശ് ഈത്തോയ്ക്കു ശേഷം വരുന്ന ആറാമത്തെ ഞയറാഴ്ച യൗസേഫിനോടുള്ള മാലാഖയുടെ വെളിപാട് അനുസ്മരിയ്ക്കുന്ന ദിവസമായി നമ്മുടെ സഭ വേർതിരിച്ചിട്ടുണ്ട്. ചില സഭാപഞ്ചാംഗങ്ങളിൽ ഡിസംബർ 26ന് ദൈവമാതാവിന്റെ പുകഴ്ചയോടൊപ്പം വി. യൗസേഫിന്റ ഓർമയും ചേർത്തുകാണുന്നുണ്ട്.

*തുടരും..*





# നന്മയുടെ റോസാ പുഷ്പങ്ങൾ

## സൺഡേസ്കൂൾ പ്രതിഭാസംഗമം – ഒരു ഓർമ്മക്കുറിപ്പ്

**ഡോ. സൂസൻ ജോർജ്**

"മക്കളേ നിങ്ങളെവിടെ?'' എന്ന സഭയുടെ അന്വേഷണം OSSAE ഭാരവാഹികളിലൂടെ ഞങ്ങളെ തേടിയെത്തിയപ്പോൾ തോന്നിയ സന്തോഷം പിന്നീടൊരാവേശമായി മാറി. സമയത്തിന്റെയും ദൂരത്തിന്റെയും പരിമിതികളും തലമുറകൾ തമ്മിലുള്ള അന്തരവും മറികടന്ന് പ്രതിഭകളെത്തി. അനുഭവങ്ങളുടെയും അറിവിന്റെയും നേട്ടങ്ങളുടെയും വെള്ളിത്തിളക്കം പ്രൗഢമാക്കിയ ശിരസ്സുകൾ; വിവിധ പ്രൊഫഷണൽ രംഗങ്ങളിൽ നിന്നെത്തിയ ഊർജ്ജസ്വലതയുടെ പ്രഭാവം; കൗമാരത്തിന്റെ നിഷ്കളങ്കതയും യൗവ്വനത്തിന്റെ ആവേശവും പേറുന്ന യുവതലമുറ; ഇവരെയെല്ലാം ഒരേ വേദിയിലെത്തിക്കാൻ ഭാരവാഹികൾ നടത്തിയ ആത്മാർത്ഥമായ പരിശ്രമത്തിന്റെയും പദ്ധതികളുടെയും പൂർത്തീകരണം – ഒക്കെ ചേർന്നപ്പോൾ പ്രതിഭാസംഗമം OSSAE യുടെ ചരിത്രത്തിലെ അതിമനോഹരമായ ഒരു അദ്ധ്യായമായി മാറി.

മലങ്കര സഭയുടെ ചരിത്രത്തിലെ പല നിർണ്ണായക തീരുമാനങ്ങൾക്കും കൂടിവരവുകൾക്കും വേദിയായ ചെങ്ങന്നൂർ ഭദ്രാസനത്തിലെ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയങ്കണത്തിൽ കഴിഞ്ഞ അഞ്ച് ദശാബ്ദങ്ങളിലായി OSSAE യുടെ 10, 12 ക്ലാസുകളിലെ ഒന്ന്, രണ്ട്, മൂന്ന് റാങ്ക് ജേതാക്കളും സഹപാഠ്യമത്സരങ്ങളിൽ പ്രതിഭ, വിജ്ഞാനി, പ്രവീൺ, ഗാനസുഗന്ധി, വേദവചനഭൂഷൺ അവാർഡ് നേടിയവരുമായ 125 വ്യക്തികളും അവരുടെ കുടുംബാംഗങ്ങളും 2014 ഫെബ്രുവരി എട്ട് ശനിയാഴ്ച ഒത്തു ചേർന്നു. സംബന്ധിക്കാൻ അസൗകര്യമുണ്ടായിരുന്ന 25 പേരും കുടുംബാംഗങ്ങളെ അയച്ച് തങ്ങളുടെ അദൃശ്യ സാന്നിദ്ധ്യം ഉറപ്പുവരുത്തി. 'കാതോലിക്കേറ്റ് രത്നദീപം' പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിങ്കൽ നിന്ന് കത്തിച്ച മെഴുകുതിരികളും ഇമ്പമാർന്ന സംഗീതവുമായി, പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെയും മറ്റ് അഭിവന്ദ്യ പിതാക്കന്മാരുടെയും പിന്നണിയുമായി ആഡിറ്റോറിയത്തിലേക്ക് നടന്നപ്പോൾ ഞങ്ങൾ വീണ്ടും പഴയ സൺഡേസ്കൂൾ വിദ്യാർത്ഥികളായി.

മഞ്ഞ റോസാ പുഷ്പങ്ങളും മനോഹരമായ വേദിയും ഹൃദ്യമായ സംഗീതവുമായി ഞങ്ങളെ സ്വീകരിക്കാൻ OSSAE ഭാരവാഹികളും അതിന് സാക്ഷ്യം വഹിക്കാൻ എത്തിയ കുടുംബാംഗങ്ങളുമൊന്നിച്ച് അഞ്ഞൂറോളം പേർ ആഡിറ്റോറിയത്തിൽ നിറഞ്ഞപ്പോൾ ദിവസങ്ങളായി ഇതിനു വേണ്ടി അദ്ധ്വാനിച്ചവർ കൃതാർത്ഥരായി. മനോഹരമായ ആ നിമിഷങ്ങൾ ജീവിതത്തിൽ നൽകിയ ദൈവകൃപയെ ഞങ്ങൾ സ്തുതിച്ചു.

സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. രാജൻ വർഗീസിന്റെ അർത്ഥവത്തായ സ്വാഗതപ്രസംഗവും സെന്റ് മേരീസ് ക്വയറിന്റെയും ഗാനസുഗന്ധികളുടെയും ശ്രുതിമാധുര്യവും അവതാരകൻ ഡോ. ഐപ്പ് വർഗീസിന്റെ വാക്ചാതുരിയും ഒത്തുചേർന്ന് ഔപചാരിക സമ്മേളനത്തിന്റെ തുടക്കം അവിസ്മരണീയമാക്കി.

പരിശുദ്ധ ബാവാ തിരുമേനിയുടെ ഉദ്ഘാടന പ്രസംഗം ഓരോ സൺഡേസ്കൂൾ വിദ്യാർത്ഥിക്കും അദ്ധ്യാപകനും സഭയോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വങ്ങൾ ഓർമ്മിപ്പിച്ചു. പ്രതിഭകളെ രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾക്കും കുടുംബാന്തരീക്ഷത്തിനുമുള്ള അനന്യമായ പങ്കിനെ ശ്രേഷ്ഠാചാര്യൻ ശ്ലാഘിച്ചു. ലളിത സുന്ദരമായ പ്രസംഗത്തിലൂടെ OSSAE പ്രസിഡന്റ് അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി നൽകിയ ഉത്ബോധനം പ്രതിഭകളുടെ ക്രിയാത്മകമായ വ്യക്തിജീവിതത്തിനും സഭാ പ്രവർത്തനങ്ങൾക്കും സാമൂഹ്യപ്രതിബദ്ധതയ്ക്കും ആക്കം കൂട്ടുന്നതായിരുന്നു. സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ ചിട്ടയായ അദ്ധ്യാപനത്തിന്റെയും പ്രചോദനത്തിന്റെയും കൂട്ടായ്മകളുടെയും നേതൃത്വഗുണങ്ങൾ പരിശീലിപ്പിക്കേണ്ടതിന്റെയും പ്രാധാന്യത്തെപ്പറ്റി സ്വന്തം അനുഭവങ്ങളിലൂടെ അഭിവന്ദ്യ

തോമസ് മാർ അത്താനാസിയോസ് തിരുമേനി വ്യക്തമാക്കി. മുഖ്യപ്രഭാഷണം നടത്തിയ നാഗപ്പൂർ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ബിജേഷ് ഫിലിപ്പ് പ്രതിഭകളുടെ തന്നെ പ്രതിനിധിയായിരുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിനും ആത്മീയ വളർച്ചയ്ക്കും അടിത്തറ പാകുന്നത് സൺഡേസ്കൂൾ പഠനമാണെന്ന് 1983ലെ റാങ്കുകാരനായ അദ്ദേഹം ഓർമ്മിപ്പിച്ചു. OSSAE ഡയറക്ടർ ജനറൽ ഫാ. ഡോ. ഒ. തോമസ്, പബ്ലിക്കേഷൻ ഓഫീസർ ഫാ. കെ.വി. തോമസ്, കൺവീനർ ഫാ. കെ.വി. ഏലിയാസ്, OSSAE - OKR ഡയറക്ടർ ഫാ. ഡോ. കെ. ഗീവർഗീസ് എന്നിവരുടെയെല്ലാം നേതൃത്വവും സാമീപ്യവും പ്രബോധനങ്ങളും സംഗമത്തിന് തിളക്കമേകി. കത്തീഡ്രൽ അസിസ്റ്റന്റ് വികാരി ഫാ. ജാൾസൺ പി. ജോർജ്, OSSAE പരീക്ഷാ കൺട്രോളർ പി.യു കുറിയാക്കോസ് കോറെപ്പിസ്കോപ്പാ, ട്രഷറർ എ.കെ. സന്തോഷ് ബേബി, ചെങ്ങന്നൂർ ഭദ്രാസന ഡയറക്ടർ ജി. വർഗീസ് കാവുംപുറം, ഭദ്രാസന സെക്രട്ടറി സി.എം. തോമസ്, പുത്തൻകാവ് ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ഏബ്രഹാം തോമസ് എന്നിവരുടെയും സാന്നിദ്ധ്യവും നേതൃത്വ സംഗമം ഒരു വൻവിജയമാക്കിത്തീർത്തു.

വാങ്ങിപ്പോയ തങ്കമ്മ ചെറിയാൻ, മാത്യു കെ. ഫിലിപ്പ് (ഇരുവരും വെള്ളൂർ സെന്റ് സൈമൺസ്), ഏബ്രഹാം കുര്യൻ (വാകത്താനം എം.ഡി.) എന്നീ പ്രതിഭകളെ അനുസ്മരിച്ചപ്പോൾ അവരും ഞങ്ങളോടൊപ്പമുള്ളതുപോലെ തോന്നി. ഓഫീസ് മാനേജർ പ്രഫ. ചെറിയാൻ തോമസും ജൂബിലി ജനറൽ കൺവീനർ ഡോ. ഐപ്പ് വർഗീസും പ്രതിഭകളെ പരിചയപ്പെടുത്തി. നർമ്മം കലർന്ന കൗതുകവാർത്ത പോലെ വർഗീസ് ജോൺ തോട്ടപ്പുഴ അവതരിപ്പിച്ച സ്ഥിതി വിവരക്കണക്കുകളിലൂടെ ഞങ്ങൾ പരസ്പരം കൂടുതൽ അറിഞ്ഞു. വീടിന്റെ അകത്തളങ്ങൾ മുതൽ യു.എൻ. സിവിൽ സർവീസ് വരെ വിവിധ രംഗങ്ങളിൽ പ്രതിഭകൾ തങ്ങളുടെ പ്രാവീണ്യം തെളിയിച്ചിരിക്കുന്നു. തിരക്കേറിയ ഔദ്യോഗിക ചുമതലകൾക്കിടയിലും സഭയോട് ചേർന്ന് പ്രവർത്തിക്കാൻ ഏറെപ്പേരും പരിശ്രമിക്കുന്നു. ദൈവം സൺഡേസ്കൂളിലൂടെ നൽകിയ താലന്തുകൾ ഇവർ അനേക മടങ്ങായി വർദ്ധിപ്പിച്ചിരിക്കുന്നു. മുതിർന്ന പ്രതിഭകൾക്ക് തങ്ങളുടെ അനുഭവങ്ങളും സ്വപ്നങ്ങളും പങ്കുവയ്ക്കാൻ അവസരം ലഭിച്ചത് എല്ലാവരും ആസ്വദിച്ചു. സൺഡേസ്കൂൾ പഠിപ്പിച്ച നന്മയുടെ പാഠങ്ങൾ ഇവർ ജീവിതത്തിൽ പ്രാവർത്തികമാക്കിയതിലും പ്രതിഭകളിൽ വൈദികരും ബസ്കിയോമോമാരും കന്യാസ്ത്രീകളും ഉൾപ്പെട്ടിരിക്കുന്നതിലും സഭയ്ക്ക് സന്തോഷിക്കാം.

OSSAE രൂപീകരണത്തിനു മുമ്പുള്ള കാലഘട്ടത്തെ പ്രതിനിധീകരിച്ച മാമ്മൻ സ്കറിയ (1961), അമേരിക്കയിൽ നിന്നെത്തിയ വർഗീസ് കുരുവിള (1965), 10-ാം ക്ലാസ് പ്രഥമ ഒന്നാം റാങ്കുകാരി വൽസമ്മ മാത്യു (1966), സഭാ വർക്കിംഗ് കമ്മറ്റിയംഗം കുരുവിള എം. ജോർജ് (1969), OSSAE നിരണം ഭദ്രാസന മുൻ ഡയറക്ടർ മാത്യു വർഗീസ് (1975), മുതിർന്ന പ്രതിഭകളായ സൂസൻ വി. മർക്കോസ്, എൻ.കെ. മാത്തുക്കുട്ടി, ആനി ജേക്കബ്, സി.എം. രാജൻ തുടങ്ങിയവർ പ്രത്യേക ശ്രദ്ധ നേടി. തിരുവല്ലാ കാരയ്ക്കൽ പണിക്കരുവീട്ടിൽ പി.ടി. തോമസും ഭാര്യയും രണ്ടു മക്കളുമടങ്ങുന്ന പ്രതിഭാകുടുംബത്തെ ഹർഷാരാവത്തോടെ സമ്മേളനം ആദരിച്ചു.

സഭായോജിപ്പിനു ശേഷം 1958ൽ പുത്തൻകാവിൽ ചേർന്ന മലങ്കര അസോസിയേഷൻ യോഗത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു ഈ സംഗമം. സഭ യോജിച്ചു നിന്ന 1964 – 1974 കാലഘട്ടത്തിലെ റാങ്കു ജേതാക്കൾ പിന്നീട് ഇരുവിഭാഗങ്ങളിലായെങ്കിലും പ്രതിഭാസംഗമത്തിൽ സഹകരിക്കുന്നതിനും സംബന്ധിക്കുന്നതിനും സഭയിലെ നിർഭാഗ്യകരമായ പിളർപ്പ് ഒരു തടസ്സമായില്ല. വിവാഹിതരായി ഇപ്പോൾ യാക്കോബായ, സീറോ-മലങ്കര, തൊഴിയൂർ, മാർതോമ്മാ, സിഎസ്ഐ തുടങ്ങിയ സഭകളിൽ അംഗമായിരിക്കുന്ന വനിതകൾ പങ്കെടുക്കാനെത്തിയത് മാതൃസഭയോടുള്ള സ്നേഹവും എക്യൂമെനിക്കൽ സഹകരണത്തിന്റെ മാതൃകയും വെളിപ്പെടുത്തി.

രുചികരമായ ഉച്ചഭക്ഷണത്തോടൊപ്പം കൂടുതൽ പരിചയപ്പെടലുകൾ, പഴയ ചങ്ങാതിമാരെ വീണ്ടും കണ്ടതിലുള്ള സന്തോഷം, യുവതലമുറയ്ക്ക് പ്രചോദനം, എല്ലാ കണ്ണുകളിലും ദൈവസ്നേഹത്തിന്റെ തിളക്കം, ഓരോ പ്രതിഭയ്ക്കും പറയാൻ ധാരാളം അനുഭവങ്ങളും ആശയങ്ങളും ഒപ്പം എന്നും ഓർമ്മിക്കാൻ OSSAE സമ്മാനിച്ച ഫലകങ്ങളും ചേർന്നപ്പോൾ പ്രതിഭാസംഗമം പൂർത്തിയായി.

എന്നാൽ ഇത് നമ്മുടെ പ്രതിബദ്ധതകളുടെ തുടക്കമാവണം. പ്രതിഭകളാകാൻ കഴിയാത്തവരെ തേടിയെത്താനും നല്ല കുടുംബാന്തരീക്ഷമില്ലാതെ വീർപ്പുമുട്ടുന്ന കുഞ്ഞുങ്ങൾക്ക് സാന്ത്വനമാകാനും, മുന്നോട്ടുള്ള വഴിയറിയാതെ ജീവിതത്തിൽ പിൻതള്ളപ്പെട്ട് പോകുന്നവരെ ബലപ്പെടുത്തി വെളിച്ചത്തിലേക്ക് നയിക്കാനും പ്രതിഭകൾക്കും അവരുടെ കൂട്ടായ്മകൾക്കും സാദ്ധ്യമാവണം. അതിന്, നന്മയുടെ റോസാപുഷ്പങ്ങളുമായി പ്രതിഭാസംഗമങ്ങൾ വഴിയൊരുക്കണം.

⊙

(ഡോ. സൂസൻ ജോർജ് - സൺഡേസ്കൂൾ 12-ാം ക്ലാസ് മത്സരപരീക്ഷയിലെ പ്രഥമ ഒന്നാം റാങ്കുകാരി (1993). പുനലൂർ വാളക്കോട് സെന്റ് ജോർജ് ഇടവകയിൽ മൂലവിളയിൽ പി.വി. ജോർജിന്റെ പുത്രി. പന്തളം അറത്തിൽ സെന്റ് ജോർജ് മഹായിടവകയിൽ മങ്ങാരം ഇടത്തറ മുത്തൂനിയിൽ ജോസ് ജോർജിന്റെ ഭാര്യ. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് മാനേജ്മെന്റിൽ ഡോക്ടറേറ്റ്. പന്തളം RIMS പ്രിൻസിപ്പലും CEOയുമായും കോർപ്പറേറ്റ് ട്രെയിനറായും പ്രവർത്തിക്കുന്നു. (susangedathara@gmail.com, 9847949103)

# 1876 – ലെ ഭദ്രാസന വിഭജനവും മേൽപ്പട്ടവാഴ്ചയും

*തുടർച്ച*

**വർഗീസ് ജോൺ തോട്ടപ്പുഴ**

മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ തിരുമേനിക്ക് കൊല്ലം ഭദ്രാസനം മാത്രമായി ഭരിക്കുന്നതിന് താൽപ്പര്യമില്ലായിരുന്നു. എന്നാൽ ജന്മസ്ഥലമടങ്ങുന്ന കൊച്ചി ഭദ്രാസനത്തിന്റെ നേരിട്ടുള്ള ഭരണം ലഭിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നത്രെ. ഇതു സംബന്ധിച്ച് പല ആലോചനകളും നടന്നിട്ടുണ്ട്. കൊച്ചി ഭദ്രാസനത്തിലെ ആർത്താറ്റ്, കുന്നംകുളം, പഴഞ്ഞി, കരിങ്ങാശ്ര, നടമേൽ എന്നീ പള്ളികൾ പുലിക്കോട്ടിൽ തിരുമേനിയും, കൊച്ചി ഭദ്രാസനത്തിലെ ശേഷിച്ച പള്ളികളോടൊപ്പം, ഭദ്രാസന രൂപീകരണത്തിന് ശേഷം സ്ഥാപിതമായ കാഞ്ഞിരമറ്റം, മണക്കുന്നം, തിരുവാങ്കുളം എന്നീ പള്ളികൾ കരവട്ട് തിരുമേനിയും ഭരിക്കണമെന്ന് 1881 -ൽ ഒരു ധാരണ ഉണ്ടായി. എന്നാൽ സെമിനാരി കേസ് നടന്നുവരികയായിരുന്നതുകൊണ്ട് ഈ ധാരണ നടപ്പായില്ല.

പിൽക്കാലത്ത് നിരണം, തുമ്പമൺ ഭദ്രാസനങ്ങളിലായിരുന്ന പല പള്ളികളും ഭദ്രാസന വിഭജനകാലത്ത് (1876) കൊല്ലം ഭദ്രാസനത്തിലായിരുന്നുവെന്ന് മുകളിൽ പറയുന്ന പട്ടികകളിൽനിന്ന് വ്യക്തമാണ്. വാകത്താനം ഗീവർഗീസ് റമ്പാൻ (പിന്നീട് പ. ഗീവർഗീസ് പ്രഥമൻ ബാവാ) 1906-ൽ പ്രസിദ്ധീകരിച്ച മലങ്കര ഇടവക പഞ്ചാംഗം-1907 എന്ന ചെറുഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന പള്ളികളുടെ ലിസ്റ്റിൽ ചേപ്പാട്, പള്ളിപ്പാട്, കാരിച്ചാൽ എന്നീ പള്ളികൾ നിരണം ഭദ്രാസനത്തിലും, ചെങ്ങന്നൂർ, കല്ലിശേരി, പുത്തൻകാവ്, വെണ്മണി, കറ്റാനം എന്നീ പള്ളികൾ തുമ്പമൺ ഭദ്രാസനത്തിലും ആയിട്ടാണ് കാണിച്ചിരിക്കുന്നത്. 1935-ലെ ഒരു ലിസ്റ്റിൽ കറ്റാനം പള്ളി കൊല്ലം ഭദ്രാസനത്തിലാണെന്ന് കാണുന്നതിനാൽ ഈ പള്ളി വീണ്ടും കൊല്ലം ഭദ്രാസനത്തിൽ ചേർത്തതാണെന്നു കരുതാം. ഉമയാറ്റുകര പള്ളി 1935-നു മുമ്പായി തുമ്പമൺ ഭദ്രാസനത്തിൽനിന്നു നിരണം ഭദ്രാസനത്തിൽ ചേർത്തു. 1906-ലെ ലിസ്റ്റു പ്രകാരം ഈ പള്ളി തുമ്പമൺ ഭദ്രാസനത്തിലും, 1935-ലെ ലിസ്റ്റുപ്രകാരം നിരണം ഭദ്രാസനത്തിലുമാണ്. 1934-നോടടുത്താണ് ഈ മാറ്റം നടന്നതെന്ന് മുൻ വൈദിക ട്രസ്റ്റി ബഹു. മണലിൽ യാക്കോബ് കത്തനാരിൽ നിന്ന് അറിയാനിടയായിട്ടുണ്ട്.

158 പള്ളികളാണ് ഭദ്രാസന വിഭജനത്തിൽ ഉൾപ്പെട്ടു കാണുന്നത്. എന്നാൽ ഇടവഴിയ്ക്കൽ ഫിലിപ്പോസ് കോറെപ്പിസ്കോപ്പയുടെ 1873-ലെ സുറിയാനി സഭാ പഞ്ചാംഗത്തിൽ മലയാളത്തുള്ള സുറിയാനി പള്ളികളുടെ വിവരം എന്ന തലക്കെട്ടിൽ ബ്രിട്ടീഷ് സംസ്ഥാനത്ത് അഞ്ചും കൊച്ചി സംസ്ഥാനത്ത് 18-ഉം തിരുവിതാംകൂർ സംസ്ഥാനത്ത് 142-ഉം പള്ളികളുടെ പട്ടിക കൊടുത്തിട്ടുണ്ട് (കോട്ടയം പഴയ സെമിനാരി ഉൾപ്പെടെ ആകെ 165 പള്ളികൾ). ആ നിലയ്ക്ക് ഭദ്രാസന വിഭജനകാലത്തിന് (1876) മുമ്പുതന്നെ ഉണ്ടായിരുന്ന ചില പള്ളികൾ ഭദ്രാസന വിഭജന പട്ടികയിൽപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. 1873-76 കാലത്ത് സ്ഥാപിതമായ ചില പള്ളികൾ ഇവിടെ ഉൾപ്പെട്ടിട്ടുമുണ്ട്. 1873-ലെ ഒരു ലിസ്റ്റിൽ കാണുന്ന ഇടവങ്കാട്, കുടശ്ശനാട്, കടമ്മനിട്ട, അയിരൂർ പുത്തൻ, കുമ്പനാട്, കണ്ണങ്കോട്, പെന്നാട്ട്, ഇഞ്ചക്ക, ചിങ്കോനത്തു, അഞ്ഞൂര കുരിശുപള്ളി, കരിങ്ങാശ്ര പുത്തൻ, മുളന്തുരുത്തി വെട്ടിക്കൽ തുടങ്ങിയ പള്ളികൾ ആദ്യം ഏതു ഭദ്രാസനത്തിലാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് നിശ്ചയമില്ല. ഒരു പക്ഷേ വിട്ടുപോയതായിരിക്കാം. അല്ലെങ്കിൽ ഈ പള്ളികൾ ചിലതെങ്കിലും അന്ന് സ്വതന്ത്ര നില കൈവരിച്ചിട്ടുണ്ടാവില്ല. (പക്ഷേ കുമ്പനാട്, കണ്ണങ്കോട് തുടങ്ങിയ പള്ളികളെ സംബന്ധിച്ച് ഇങ്ങനെ കരുതാൻ പ്രയാസമാണ്) പിൽക്കാലത്തുള്ള ലിസ്റ്റുകളിൽ പെരിനാട് കൊല്ലം ഭദ്രാസനത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. കുമ്പനാട് പള്ളി പിന്നീടുള്ള ലിസ്റ്റുകളിലൊന്നും കാണുന്നില്ല. ഈ പള്ളി ഇപ്പോൾ മാർത്തോമ്മാ സഭയുടെ കൈവശമാണ്. മാർത്തോമ്മാ സഭ രൂപീകൃതമായത് 1889-നു ശേഷമായതുകൊണ്ട് 1877-ലെ ലിസ്റ്റിൽ ഈ പള്ളിയും കാണേണ്ടതാണ്. ഇഞ്ചക്ക, കണ്ടനാട്ടോ അങ്കമാലിയിലോ ഉൾപ്പെടേണ്ടതായിരുന്നു. ചിങ്ങവനം കോട്ടയത്തും, അവസാനം പ

റയുന്ന മൂന്നു പള്ളികൾ കൊച്ചിയിലും ഉൾപ്പെടേണ്ടതായിരുന്നു. അതിൽ അഞ്ഞൂര കുരിശുപള്ളി തൊഴിയൂർ സഭയുടെ കൈവശത്തിലാണ്. 1889-ലെ ഒരു പട്ടിക അനുസരിച്ച് ബ്രിട്ടീഷ് സംസ്ഥാനത്ത് അഞ്ചും കൊച്ചി സംസ്ഥാനത്ത് 19-ഉം തിരുവിതാംകൂർ സംസ്ഥാനത്ത് 151-ഉം പള്ളികളാണുള്ളത് (ആകെ 175).

മലങ്കര അസോസിയേഷൻ സെക്രട്ടറിയും ഗ്രന്ഥകാരനും പത്രാധിപരുമായിരുന്ന ഇ.എം. ഫിലിപ്പിന്റെ ഒരു പ്രസ്താവന മലങ്കര സുറിയാനി സഭയുടെ അന്നത്തെ അവസ്ഥ വ്യക്തമാക്കുന്നു. ....പരേതനായ പത്രോസു പാത്രിയാർക്കീസു ബാവാ ഇവിടെ എഴുന്നള്ളിയിരുന്നപ്പോൾ മലങ്കര ഇടവകയെ ഏഴു ഇടവകകളായി തിരിച്ചു മെത്രാന്മാരെ വാഴിച്ചു സ്ഥാത്തിക്കോൻ കൊടുത്തപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെയും ഇടവക മെത്രാന്മന്മാരുടെയും അധികാരഭേദത്തെ വ്യക്തപ്പെടുത്തുന്ന ഒരു രേഖയും ഉണ്ടാക്കിയില്ല. ഇടവക മെത്രാന്മാരുടെ സ്ഥാത്തിക്കോൻ വായിച്ചാൽ അവർ അവരവരുടെ ഇടവകയിൽ സ്വതന്ത്രരായിരുന്നു എന്നല്ലാതെ മറ്റു വിധത്തിൽ അനുമാനിക്കാൻ പ്രയാസമായിരുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി മെത്രാന്മാരിലും ധാരാളം സൗന്ദര്യത്തിരക്കുണ്ടായിരുന്നു. ആ തർക്കം കേസിൽ ആദായപ്പെടുത്തിക്കൊള്ളാമെന്നു എതിർകക്ഷി കരുതിക്കൊണ്ടു വലിയ തിരുമേനിയുടെ മലങ്കര സ്ഥാത്തിക്കോൻ കൊച്ചുതിരുമേനികളുടെ ഇടവക സ്ഥാത്തിക്കോൻ കൊണ്ടു റദ്ദായിപ്പോയെന്നൊരു വാദം പുറപ്പെടുവിച്ചിരുന്നു. ഈ വാദം മെത്രാന്മാരുടെ മൊഴികൊണ്ടു സ്ഥാപിച്ചുകൊള്ളാമെന്നു അവർക്കു വിശ്വാസവും ഉണ്ടായിരുന്നു. അവരിൽ ആദ്യമായി മൊഴി കൊടുത്തതു പരേതനായ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തെ 13 ദിവസംകൊണ്ടാണു വിസ്തരിച്ചു തീർന്നത്. മലങ്കര മെത്രാപ്പോലീത്തായും ഇടവക മെത്രാപ്പോലീത്തായും തമ്മിലുള്ള ബന്ധങ്ങളും അധികാരഭേദങ്ങളും സംബന്ധിച്ചു എതിർകക്ഷി പല വിധത്തിൽ അദ്ദേഹത്തെ ക്രാസ്സു ചെയ്ത കൂട്ടത്തിൽ ഒരിക്കൽ വളച്ചുകെട്ടി കുഴച്ചുമറിച്ചു ഒരു ദീർഘചോദ്യം ചോദിച്ചു...(മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ.എം. ഫീലിപ്പോസ് ഒരു സ്വഹസ്തചരിതം, 1956, പേജ് 51, 52). ഇവിടെ എതിർകക്ഷി എന്നുദ്ദേശിക്കുന്നന്നത് നവീകരണകക്ഷിയെയാണ് (പിന്നീട് മാർത്തോമ്മാ സഭ).

തന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ സ്വതന്ത്രമായ ഭദ്രാസനങ്ങളും മെത്രാപ്പോലീത്താമാരുമാണ് പാത്രിയാർക്കീസ് ബാവാ വിഭാവനം ചെയ്തത്. എന്നാൽ പാത്രിയർക്കീസ് മടങ്ങിയ ഉടനെ വെട്ടിക്കൽ ദയാറായിൽ കൂടിയ മേൽപ്പട്ടക്കാരുടെ ധ്യാനയോഗത്തിൽ വച്ച് (1877 മെയ് 30 - ജൂലൈ 11) മാർ ദീവന്നാസിയോസ് അഞ്ചാമനെ തങ്ങളുടെ മേലദ്ധ്യക്ഷനായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത അഭിനവ മേല്പട്ടക്കാർക്ക് ബോദ്ധ്യമായതിനാൽ അവർ അപ്രകാരം സമ്മതിച്ചു.

കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ 1884 മാർച്ച് 21-നു കാലം ചെയ്തു. പാമ്പാക്കുട വലിയ പള്ളിയിൽ കബറടങ്ങി. അദ്ദേഹത്തിന് ഭദ്രാസന ഭരണത്തിൽ വലിയ താൽപര്യമില്ലായിരുന്നുവത്രെ. 1880-നോടടുത്ത് പാമ്പാക്കുടയിൽ കേരളദീപം എന്ന പേരിൽ ഒരു സുറിയാനി-മലയാളം പ്രസ് സ്ഥാപിച്ച് അതിന്റെ ചുമതല വഹിച്ചുവന്നു. അദ്ദേഹത്തിന്റെ കാലശേഷം തുമ്പമൺ ഭദ്രാസനം പ. പരുമല തിരുമേനിയുടെ ഭരണത്തിലായി. വൈകാതെ പുലിക്കോട്ടിൽ തിരുമേനി കൊല്ലം ഭദ്രാസനവും പരുമല തിരുമേനിയെ ഏല്പിച്ചു. കരവട്ട് ശെമവൂൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചി ഭദ്രാസന ഭരണം ശരിയായി നിർവഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കാലം ചെയ്തപ്പോൾ (1886 ഒക്ടോബർ 2) കൊച്ചി ഭദ്രാസനം പുലിക്കോട്ടിൽ തിരുമേനിയുടെ ഭരണത്തിലായി. അമ്പാട്ട് ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തതിനെ (1891 മാർച്ച് 9) തുടർന്ന് അങ്കമാലി ഭദ്രാസനം കോട്ടയം ഭദ്രാസനത്തിന്റെ കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിലായി. ഇദ്ദേഹം 1907 നവംബർ രണ്ടിന് കാലം ചെയ്തു. ഇദ്ദേഹത്തിന്റെ കാലശേഷം കണ്ടനാട് ഭദ്രാസനത്തിന്റെ മുറിമറ്റത്തിൽ തിരുമേനി അങ്കമാലി, കോട്ടയം ഭദ്രാസനങ്ങൾ കുറച്ചുകാലം ഭരിച്ചതായി സൂചനയുണ്ട്.

പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഏകപക്ഷീയമായും സ്വന്തതാത്പര്യപ്രകാരവുമാണ് മേൽപ്പട്ടവാഴ്ചയും ഭദ്രാസന വിഭജനവും നടത്തിയതെങ്കിലും സഭയുടെ പുരോഗതിക്ക് അതു പ്രയോജനപ്പെട്ടിട്ടുണ്ട്. കേരളത്തിലെ റോമൻ കത്തോലിക്കാ സഭയിൽ പോലും രൂപതാ സംവിധാനം ശരിയായി നിലവിൽ വരുന്നതിനു മുമ്പുതന്നെ മലങ്കര സുറിയാനിസഭയിൽ ഇപ്രകാരമൊരു സംവിധാനം നിലവിൽ വന്നുവെന്നുള്ളതു ശ്രദ്ധേയമാണ്. 1876-ലെ വിഭജനം മൂന്നോ നാലോ ഭദ്രാസനങ്ങളായി പരിമിതപ്പെടുത്താമായിരുന്നു. പിൽക്കാലത്ത് ഭദ്രാസനാധിപന്മാരുടെ ഒഴിവു

കൾ വന്നപ്പോൾ വർഷങ്ങളായി അതു നികത്താതെ കിടന്നത് ഇതു വ്യക്തമാക്കുന്നു.

പ. പരുമല തിരുമേനി കാലംചെയ്തതിനെ (1902 നവംബർ 2) തുടർന്ന് തെക്കൻ ഭദ്രാസനങ്ങൾ വീണ്ടും പുലിക്കോട്ടിൽ തിരുമേനിയുടെ കീഴിലായി. പ. പരുമല തിരുമേനി ഈ മൂന്ന് ഭദ്രാസനങ്ങളും ഒരുമിച്ച് ഭരിച്ചിരുന്ന കാലത്തോ (1886–1902) അതിനുശേഷമുള്ള നാലു വർഷത്തിനകമോ ആയിരിക്കാം ഭരണസൗകര്യാർത്ഥം കൊല്ലം ഭദ്രാസനത്തിലെ ചില പള്ളികൾ നിരണം, തുമ്പമൺ ഭദ്രാസനങ്ങളിൽ ചേർത്തത്. പുലിക്കോട്ടിൽ തിരുമേനി 1909 ജൂലൈ 11-ന് കാലം ചെയ്തു. ഏതായാലും ആദ്യത്തെ മുപ്പത് വർഷത്തിനുള്ളള്ളിൽ തന്നെ തെക്കൻ ഭദ്രാസനങ്ങളിൽ ഒരു ഭദ്രാസന പുനഃസംഘടന നടന്നുവെന്നുള്ളത് സ്പഷ്ടമാണ്.

**ആധാര രേഖകൾ**

1. കരവട്ടുവീട്ടിൽ ശെമവോൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (+1886) നാളാഗമം., 2. സെമിനാരി കേസ് ബുക്ക്- വോളിയം 3 (1889), 3. മലങ്കര സഭ സന്ദർശിച്ചു ഭരിച്ച ശീമക്കരായ പിതാക്കന്മാർ, ജീവചരിത്ര സംഗ്രഹം 1964., 4.കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തിക്കോൻ (സുറിയാനി) 1877 മേടം 23 (പാമ്പാക്കുട കോനാട്ട് ലൈബ്രറി). 5. കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തിക്കോൻ (സുറിയാനി) 1877 മേടം 23 (കോട്ടയം പഴയ സെമിനാരി). 5. ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തിക്കോൻ (സുറിയാനി) 1911 ചിങ്ങം 21 (ചിങ്ങവനം മാർ അപ്രേം സെമിനാരി). 6. ഇടവഴിയ്ക്കൽ ഫീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ, സുറിയാനി സഭാ പഞ്ചാഗം-1873. 7. വാകത്താനം ഗീവർഗീസ് റമ്പാൻ, മലങ്കര ഇടവക പഞ്ചാംഗം-1907 & 1908. 8. മാർത്തോമ്മാ സഭാ ഡയറക്ടറി 9. തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ദേവാലയ കൂദാശ സ്മരണിക (1989) 10. പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കര നിധി- 1100 (1935). 11. ഇ. എം. ഫിലിപ്പ്, മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ. എം. ഫീലിപ്പോസ് ഒരു സ്വഹസ്തചരിതം, 1956

⊙

---

*6-ാം പേജിൽ നിന്നും തുടർച്ച*

പക്ഷേ ക്രിസ്തു തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ചത് വിജയം നേടണമെങ്കിൽ നാം മരുഭൂമിയുടെ അനുഭവത്തിൽക്കൂടി, ത്യാഗത്തിന്റെ ചിന്തയിൽ കൂടി കടന്നുപോകണം എന്നായിരുന്നു. അതിനാൽ അവൻ സാത്താനെ തോല്പിച്ചു തന്റെ വിജയമുദ്ര ലോകത്തിൽ പതിപ്പിച്ചു. യിസ്രയേൽ ജനം കനാനിൽ എത്തിയത് മരുഭൂമിയിൽ അനുഭവിച്ച് ത്യാഗത്തിന്റെ പ്രതിഫലമായിരുന്നു.

നാം വീണ്ടും ഒരു വലിയ യാത്രയുടെ അനുഭവത്തിലേക്ക് പ്രവേശിക്കുകയാണ്. കുരിശിന്റെ സമീപം ചെല്ലുവാൻ നാം ത്യാഗത്തിന്റെ, മരുഭൂമിയുടെ നോമ്പ് അനുഷ്ഠിക്കുവാൻ തയ്യാറാവണം. ഉപവാസവും, കുമ്പിടീലും, ഭക്ഷണക്രമീകരണവും, ജീവിതശൈലിയിലുള്ള മാറ്റവും മറ്റു പലവിധത്തിലുള്ള മരുഭൂമിയുടെ അനുഭവം നേരിടേണ്ടതായി വരും. ഈ ത്യാഗത്തിന്റെ സമാപ്തി ഉയിർപ്പിന്റെ സന്തോഷത്തിലാണ് പൂർത്തിയാകുന്നത്. “സഹനമില്ലാതെ ഒരു നേട്ടവും നേടുവാൻ സാദ്ധ്യമല്ല'' (No gain without pain) എന്ന് തിരിച്ചറിയുവാൻ നോമ്പ് നമ്മെ സഹായിക്കുന്നു. എല്ലാ വിജയത്തിന്റെയും പിന്നാമ്പുറത്ത് ത്യാഗത്തിന്റെ കഥ പറയുവാനുണ്ടാകും. ഉപനിഷത്ത് പഠിപ്പിക്കുന്നത് ഉദ്ധിഷ്ഠത, ജാഗ്രത, പ്രാപ്യവരേണ്യ ബോധിതഃ എന്നാണ് ക്രിസ്തു പഠിപ്പിച്ചതും ഇതു തന്നെ, ‘ജാഗ്രതയുള്ളവരാകുക, ഉണർന്നിരിക്കുക, ലക്ഷ്യം പ്രാപിക്കുക.''

കർത്താവിന്റെ ഉയർച്ചയിലൂടെയുള്ള സന്തോഷം അനുഭവിക്കുവാൻ ത്യാഗത്തിലൂടെയുള്ള നോമ്പ് നമ്മെ സഹായിക്കുന്നു. അൻപതു ദിവസത്തെ നോമ്പ് അനുഷ്ഠിച്ച് ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കുവാൻ ഇടയാകണം. ഈ വലിയ നോമ്പിൽ കർത്താവ് അനുഭവിച്ച യാതനയുടെ ധ്യാനവും അതിലേക്ക് നമ്മെത്തന്നെ ഒരുക്കുന്ന ആത്മീയ ജീവിതചര്യകളും സ്വീകരിക്കുവാൻ നമുക്ക് കഴിയുമോ എന്ന് സ്വയം പരിശോധിക്കുവാനുള്ള അവസരമായി ഈ നോമ്പിന്റെ കാലഘട്ടത്തിൽ ഇടയാകണം. യാതയുടെ, ദുഃഖവെള്ളിയാഴ്ചയുടെ അനുഭവത്തിനുശേഷം ഒരു ഉയിർപ്പ് ഉണ്ട് എന്നുള്ള സന്ദേശമാണ് ഈസ്റ്റർ ഈ ആനന്ദത്തിന്റെ സന്തോഷത്തിന്റെ പൊൻപുലരി പ്രതീക്ഷയോടെ നോക്കിപ്പാർക്കുന്ന ഈ നോമ്പുകാലം കർത്താവിന്റെ മരുഭൂമി അനുഭവവും, കഷ്ടാനുഭവവും, ഉയിർപ്പും ധ്യാനിച്ച് തേജസ്സിന്റെ പുതിയൊരു അനുഭവത്തിലേക്ക് പ്രവേശിക്കുവാൻ ഉള്ള ദിവ്യ മുഹൂർത്തമാകട്ടെ എന്നാശംസിക്കുന്നു. അതിന് ത്യാഗത്തിന്റെ പാതയിലൂടെ യാത്രചെയ്ത് ആത്മമനനത്തിന്റെ അനുഭവത്തിലൂടെ ജീവിതമൂല്യം കണ്ടെത്തുവാൻ പരിശുദ്ധാത്മാവ് ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സഹനത്തിനപ്പുറമുള്ള ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കുവാൻ ത്യാഗത്തിന്റെ പാതയിലൂടെ ഉപവാസത്തിലും നോമ്പിലും മുന്നേറുവാൻ നമുക്ക് ഇടയാകട്ടെ. നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം “ത്യാഗപൂർണ്ണമായ നോമ്പേ, സമാധാനത്താലേ വരിക,'' “സന്തോഷപൂർണ്ണമായ ഉയിർപ്പേ, സമാധാനത്താലേ വരിക...''

⊙

## ആരാധനാ വിജ്ഞാനീയം

*തന്നെ വഹിച്ചോര - ത്തരുവിന്നാൾ കേണു*
*മുറവിളിയോടേവം - ചൊന്നു തുടങ്ങി*
*കഷ്ടമെനിക്കേറ്റം - ഞാനയ്യോ ദോഷി*
*ദുഷ് പ്രതിദാനം ഞാൻ - രക്ഷകനേകി*
*മഴമഞ്ഞെന്നിവയാൽ - അവനെന്നെപ്പോറ്റി*
*അപകാരത്താൽ ഞാൻ - അവനേ സ്കീപ്പാമേ - ലേന്തി*
*സൃഷ്ടിസമൂഹത്തിൽ - പതിയെ ക്രൂശിച്ച*
*ദുർയൂദന്മാരെ - ദോഷം! ദോഷം!*
*(ദുഃഖവെള്ളി - ആറാം മണി നമസ്കാരം)*

# വിലപിയ്ക്കുന്ന മരം



**ഫാ. സഖറിയാ പനയ്ക്കാംമറ്റം**

"തന്നെ വഹിച്ചതായ വൃക്ഷം ഇന്നേ ദിവസം വിലപിച്ചു. ദോഷം ചെയ്തവനായ എനിക്ക് അയ്യോ കഷ്ടം. മഞ്ഞും മഴയും യഥാസമയം തന്ന് അവൻ എന്നെ പോറ്റി സംരക്ഷിച്ചതിനു പ്രതിഫലമായി തിന്മയെ ഞാൻ തിരിച്ചു നൽകി. എല്ലാ ഉപകാരങ്ങൾക്കും സൃഷ്ടിയുടെ നാഥനെ കുരിശിച്ച യൂദന്മാർ ചെയ്തത് കടുത്ത അപരാധം തന്നെയെന്ന് ഉറച്ച നിലവിളിയോടുകൂടി അട്ടഹസിച്ചു.

എപ്പിസ്കോപ്പൽ സഭകളുടെ, വിശേഷിച്ച് പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ആരാധനാ കേന്ദ്രമാണ് പീഢാനുഭവ ആഴ്ച. ഊശാന തുടങ്ങി ഉയിർപ്പ് ഞായർ വരെയുള്ള ഓരോ ദിവസവും ദീർഘമായ ആരാധനകളും, ധ്യാനങ്ങളും, ആത്മീയ ഗാനാലാപനങ്ങളും മറ്റ് സഭകളെ അപേക്ഷിച്ച് ഓർത്തഡോക്സ് സഭകളിൽ വളരെ ക്രമീകരിക്കപ്പെട്ട രീതിയിൽ നടത്തിവരുന്നു. ക്രിസ്തുവിന്റെ പീഢാനുഭവം യാഥാർത്ഥ്യം ആയിരുന്നുവെന്ന് ഓരോ ദിവസത്തെയും ശുശ്രൂഷകൾ നമ്മെ ഓർപ്പിക്കുന്നു. ഓരോ ദിവസത്തെയും പങ്കാളിത്തം വഴിയായി ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിലും നാം പങ്കുകാരായിത്തീരുന്നു. മനഃക്ലേശം അനുഭവിക്കുന്ന മനുഷ്യന് തന്നോടൊന്നിച്ച് കഷ്ടം അനുഭവിക്കുന്ന ദൈവത്തെ കണ്ടു എങ്കിൽ മാത്രമേ ആശ്വാസം ലഭിക്കുകയുള്ളു. ദീർഘമായ ധ്യാനം, കുരിശുവര, കുമ്പിടീൽ, കൈയ്പുനീർ (ചൊറുക്ക) അനുഭവിക്കുക ആദിയായവ അതിന്റെ പ്രതീകങ്ങളാണ്.

**ഏകാന്തത - വലിയ ദുഃഖം**

'എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ എന്നൊടൊപ്പം ഉണർന്നിരിക്കുക' (വി. മത്തായി 26:38). മനുഷ്യന്റെ ആദ്യത്തെ ദുഃഖം വിശപ്പോ, രോഗമോ, മരണമോ ഒന്നും ആയിരുന്നില്ല. പിന്നെയോ മനുഷ്യന്റെ ഏകാന്തതയായിരുന്നു. ലോകത്തിൽ എവിടെയും ആയിക്കൊള്ളട്ടെ - നമ്മെ സ്നേഹിക്കുന്നതും, കരുതുന്നതും, നമുക്കുവേണ്ടി വ്യാകുലപ്പെടുന്നതുമായ ഒരു ഹൃദയം ഉണ്ടെന്നുള്ള അറിവ് ഏതു പ്രതിസന്ധിയിലും ആത്മവിശ്വാസം നൽകുന്നതിന് പര്യാപ്തമാണ്. ക്രിസ്തുവിനോടൊപ്പം ഉണർന്നിരിക്കുവാൻ താൻ ശിഷ്യന്മാരോട് ആഹ്വാനം ചെയ്യുന്നു. ജീവിതത്തിൽ നാം ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഏകാന്തത പലപ്പോഴും വന്നുചേരും. വേദനകളിൽ മനുഷ്യൻ ഏകാന്തതയിലാണ്. മനുഷ്യന്റെ ഏകാന്തതയെ മാറ്റുവാൻ പ്രകൃതിക്ക് സാദ്ധ്യമാണ്. ജീവജാലങ്ങൾ നമ്മോടു സംസാരിക്കുമ്പോൾ നാം അതിജീവിക്കുന്നത് ഏകാന്തതയെയാണ്.

**നോമ്പ് പരിശോധനയുടെ കാലഘട്ടം**

പ്രധാനാചാര്യന്മാർ, വൈദികർ, ശുശ്രൂഷക്കാർ, സുവിശേഷകർ, വിശ്വാസികൾ ഒന്നടങ്കം ആരാധനാ കേന്ദ്രമായിരിക്കുന്ന പീഢാനുഭവ ആഴ്ചയുടെ ശുശ്രൂഷയിൽ എത്തിച്ചേരുന്നു. 'വലിയ നോമ്പ്' എന്ന സഭയുടെ പ്രധാനപ്പെട്ട ഒരു കാലഘട്ടത്തിന്റെ പരിസമാപ്തിയിൽ ഒന്നിച്ചു ആത്മബലം സ്വീകരിച്ചു ആദ്ധ്യാത്മികത ഉറപ്പിക്കുകയാണ്. അതോടൊപ്പം ഓരോ വ്യക്തിയും അവരവരെ സ്വയം കാണുകയും, സ്വന്തം മനസ്സുകൊണ്ട് തന്നെ സ്വയ പരിശോധന നടത്തപ്പെടുകയുമാണ് ഈ ധന്യ ദിവസങ്ങളിൽ ചെയ്തു വരുന്നത്. ദേവാലയത്തിലെ ആരാധനയിൽ പോകുന്നതിനോ, വിവാഹാഘോഷ വേളയിൽ സംബന്ധിക്കുന്നതിനോ അനേകം ആളുകൾ പങ്കെടുക്കുന്ന ഒരു പൊതു ചടങ്ങിൽ സംബന്ധിക്കുന്നതിനോ നാം തയ്യാറെടുക്കുമ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രം ഉചിതമായത് ആണോ എന്ന ചിന്ത പലപ്പോഴും ഉണ്ടാകാറുണ്ട്. കൂടുതൽ വസ്ത്രങ്ങൾ ഉള്ള സ്ത്രീകൾ ചിലപ്പോൾ വസ്ത്രങ്ങൾ മാറി മാറി

ധരിച്ചു ഉചിതമായത് എന്ന് തോന്നുന്നത് തെരഞ്ഞെടുത്തു എന്നിരിക്കും. പൂർണ്ണതയുണ്ടാകണം എന്ന ചിന്തയിലും വലിയ ഒരു പ്രത്യാശയിലും (H-o-pe-) ആണ് പോരായ്മകൾ മാറ്റുവാൻ അഭിലഷിക്കുന്നത്. ആത്മീയ നിലവാരത്തിലുള്ള പോരായ്മകൾ മാറ്റി പൂർണ്ണതയുടെ ഒരു നിലവാരം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതും ആദ്ധ്യാത്മിക തലത്തിലും അനിവാര്യമത്രെ. പീഢാനുഭവ ആഴ്ച ശുശ്രൂഷകൾ അതിന് നമ്മെ വളരെ സഹായിക്കുന്നു.

**ഉയർന്നു വരുന്ന നിലവിളികൾ**

കടന്നുവന്ന കാലഘട്ടത്തേക്കാൾ പരസ്പര വിശ്വാസവും, ശുഭാപ്തി വിശ്വാസവും ദൈവ ഭയവും കുറഞ്ഞുവരുന്ന കാലയളവിനെ മനുഷ്യരാശി നേരിടുകയാണ്. സഭാതലത്തിൽ ചിന്തിക്കുമ്പോൾ പ്രത്യാശ നൽകേണ്ടതായ മേഖലകൾ ഈ കാലഘട്ടത്തിൽ ഏറിവരുന്നു. ഭർത്താവ് ഭാര്യക്കും, ഭാര്യ ഭർത്താവിനും എതിരായി ചാരപ്രവൃത്തികൾ കൂട്ടുനിൽക്കുന്നു. സാമ്പത്തിക പ്രശ്നത്തെക്കാൾ പരസ്പര വിശ്വാസം ഇല്ലാത്തതിന്റെ മുറവിളികൾ ഇന്ന് രൂക്ഷമായിരിക്കുന്നു. സ്ത്രീകളുടെ നിലവിളികൾ ഇന്ന് എവിടെയും ഉയർന്നുകൊണ്ടിരിക്കുന്നു. പോരാട്ടത്തിന്റെ ഫലമായി നിരപരാധികളുടെ നിലവിളികൾ, പീഢനം ഏല്ക്കേണ്ടിവരുന്ന കുട്ടികളുടെ നിലവിളികൾ, തങ്ങളെ ആർക്കും ആവശ്യമില്ലായെന്ന ചിന്തയിൽ നിന്നും ഉണ്ടാകുന്ന വാർദ്ധക്യത്തിലായിരിക്കുന്നവരുടെ നിലവിളികൾ, സംരക്ഷകർ ആയിരിക്കേണ്ടതായ ജീവിത പങ്കാളികൾ നിരസിക്കുന്നതുമൂലം വിവാഹ മോചനം നേടുന്നതിനുള്ള നിലവിളികൾ – ആദിയായ പട്ടികകൾ ഏറിവരുന്നു. ആരും വെറുതെ നിലവിളിക്കുകയില്ല. നിലവിളിക്ക് ഒരു വലിയ വിലയുണ്ട്. അതിന് ഒരു കാരണവും ഉണ്ട്.

ഇതിനോടൊപ്പം തന്നെ വഞ്ചനയുടെ അതിപ്രസരംകൊണ്ട് സമൂഹത്തിന്റെ ആന്തരിക ജീവൻ നഷ്ടപ്പെടുന്നു. സ്വാർത്ഥലാഭത്തിനുവേണ്ടി മാരകമായ വിഷപദാർത്ഥങ്ങളാൽ ഭക്ഷണപാനീയങ്ങൾ ഒരുക്കപ്പെടുന്നു. മായമില്ലാത്തതിന്റെ പ്രതീകമായിരുന്നു 'പാൽ' ദിവസം നാഴിയോ, ഇരുനാഴിയോ പാൽ ഉപയോഗിച്ചിരുന്ന കുടുംബങ്ങൾക്ക് രണ്ടു ലിറ്റർ പാൽ വാങ്ങുവാൻ സാധിക്കുന്ന സാമ്പത്തിക ചുറ്റുപാടുള്ളതിനാൽ ലഭിക്കുന്നത് ആഴ്ചകളോളം ഇരുന്നാൽ കേടുവരാത്ത സിന്തറ്റിക് പാൽ! മാരക രോഗങ്ങളെ മാടിവിളിക്കുകയാണ്. അധികാരികളുടെ അറിവോടെ കിലോ കണക്കിന് സ്വർണ്ണം എത്തിച്ച് സാമ്പത്തിക ഭദ്രതയും നഷ്ടപ്പെടുത്തുന്നു.

**ദേവാലയങ്ങൾ പ്രത്യാശയുടെ ഗോപുരങ്ങൾ**

നോമ്പു ദിവസങ്ങളിലെ പ്രാർത്ഥനകൾ ലോകമോദങ്ങളുടെയും സുഖസൗകര്യാദികളുടെയും പരിമിതി ബോദ്ധ്യപ്പെടുത്തുന്നു. ജീവിതത്തിന്റെ യാതനകളും തടസ്സങ്ങളും സന്തോഷത്തോടെ ഏറ്റെടുക്കുവാൻ പ്രേരണ നൽകുന്നു. പ്രശസ്തിക്കു വേണ്ടിയല്ലാതെ ആത്മാർത്ഥമായി മറ്റുള്ളവരെ സ്നേഹിക്കുവാനും സഹായിക്കുവാനും ആഹ്വാനം ചെയ്യുന്നു. വിശിഷ്ടമായ ആരാധനയോടൊപ്പം ദേവാലയങ്ങൾ പ്രത്യാശയുടെ ഗോപുരങ്ങൾ ആയി ഉയർന്നു നിൽക്കുവാൻ ശക്തി നൽകുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ അനുഭവത്തിന്റെ പങ്കുകാരാകുമ്പോൾ അത് സുസാദ്ധ്യമായിത്തീരുന്നു.

മരം വിലപിക്കുന്നുവെന്ന ധ്യാനത്തിലൂടെ ഗാനരചയിതാവ് എത്തിച്ചേരുന്നത് അനുതാപം നിറഞ്ഞ തന്റെ വിലാപത്തിലാണ്. ആ വിലാപത്തിന്റെ അടിസ്ഥാനം ഭയമോ, നിരാശയോ അല്ല. പിന്നെയോ പ്രത്യാശ നിറഞ്ഞ പുനരുത്ഥാനത്തിന്റെ മഹത്വം ഒന്നുമാത്രം. ⊙

## സായാഹ്നത്തിലെ ദീപനാളം

കൂർത്തമല സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 'സായാഹ്നത്തിലെ ദീപനാളം' എന്ന പേരിൽ കാൻസർ കെയർ മിഷൻ പദ്ധതിയുടെ ഉദ്ഘാടനം ഡോ. റ്റി.ജെ ജോഷ്വാ അച്ചൻ നിർവ്വഹിച്ചു. കൊച്ചി, ലേക്ക്ഷോർ ആശുപത്രി കാൻസർ വിഭാഗം മേധാവി ഡോ. വി.പി. ഗംഗാധരൻ കാൻസർ വിമുക്തരായ യുവതീയുവാക്കൾക്ക് തുണയെ കണ്ടെത്താനുള്ള മാട്രിമോണിയൽ വെബ്സൈറ്റിന്റെ ഉദ്ഘാടനവും സെമിനാറും നയിച്ചു. ഈ വെബ്സൈറ്റ് രാജ്യത്ത് ആദ്യമായിട്ടുള്ള പദ്ധതിയാണെന്ന് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതോടൊപ്പം നൂതനങ്ങളായ വിവിധ പദ്ധതികൾക്ക് രൂപം കൊടുത്തു. പാലിയേറ്റീവ് കെയർ, വിവാഹപദ്ധതി, കീമോതെറാപ്പി സഹായം, പ്രതിമാസ മരുന്നുസഹായം, രക്തനിർണ്ണയം, കാൻസർ ബോധവൽക്കരണ പരിപാടികൾ, R.C.C യിൽ കുട്ടികളുടെ കൂട്ടായ്മ തുടങ്ങിയവയാണ്. സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ, അഡീ. ഡി.ജി.പി. കെ. പത്മകുമാർ IAS എന്നവരുടെ ആശംസകൾ സമ്മേളനത്തിൽ വായിച്ചു. നാനാജാതി മതസ്ഥർ സംബന്ധിക്കുകയും ഡോക്ടർമാരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. വികാരി ഫാ. മാമ്മൻ തോമസ്, സഹവികാരി ഫാ. മത്തായി സഖറിയ, ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. മാത്യു ഏബ്രഹാം, അഡ്വ. വി.സി. സാബു, ചിൽസ് തോമസ്, മിഥുൻ ചാക്കോ എന്നിവർ പ്രസംഗിച്ചു. വിവരങ്ങൾക്ക് 9947131966, 9961538058 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.



# മനുഷ്യബുദ്ധിക്കു നിരക്കാത്ത ദൈവപദ്ധതികൾ

*തുടർച്ച*

**ഫാ. പി.വി. ജോൺ**

ഗിദയോന് യിസ്രായേലിന്റെ വിടുതലിനെക്കുറിച്ചുള്ള ചിന്തയും അനുഗ്രഹവുമുണ്ടായിരുന്നവെങ്കിലും അത് തന്നാൽ സാദ്ധ്യമാകുമെന്ന് ഒരിക്കലും അവൻ കരുതിയില്ല. അതിനാൽ ദൈവത്തിൽ നിന്നുള്ള ഈ നിയോഗം ലഭിച്ചപ്പോൾ അവൻ തന്റെ നിസ്സാരതയെക്കുറിച്ചാണ് ഗിദയോൻ ദൂതനോട് പറയുന്നത്. “മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽ വച്ച് ഞാൻ ചെറിയവനും അല്ലോ.” എന്നാണ് ഗിദയോൻ പറയുന്നത്. ദൈവദർശനത്തിന്റെ ഫലമാണ് തന്റെ നിസ്സാരതയെക്കുറിച്ചുള്ള ബോധം. തന്റെ ബലഹീനതയെ ദൈവമുമ്പാകെ സമർപ്പിക്കുന്നവനെ ദൈവം ബലപ്പെടുത്തുന്നു. ഞാൻ ബാലനാണ് എന്നു പറഞ്ഞ യിരമ്യാവിനെയും, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യൻ എന്നു പറഞ്ഞ യെശയ്യാവിനെയും, ഞാൻ മഹാപാപിയായ മനുഷ്യനാകകൊണ്ട് എന്നെ വിട്ടുപോകണമേയെന്ന് പറഞ്ഞ ശീമോനെയും വിട്ടുകളയാതെ തന്റെ നിയോഗം ദൈവം അവരെ ഏല്പിക്കുകയാണ് ചെയ്യുന്നത്. സുഗ്രാഹ്യമല്ലാത്ത ദൈവിക പദ്ധതി ഇവിടെയെല്ലാം തെളിയുന്നു. ഗിദയോന് ഇപ്പോഴും വിശ്വാസമായില്ല. അതിനാൽ അവൻ അടയാളം തേടുന്നു. പാറമേൽ ഗിദയോൻ വച്ച വഴിപാടിന്മേൽ ദൂതൻ തന്റെ കയ്യിലുള്ള വടിയുടെ അഗ്രം തൊടുവിച്ചപ്പോൾ പാറയിൽ നിന്ന് തീ പുറപ്പെട്ട് അതിനെ ദഹിപ്പിച്ചു കളഞ്ഞു. ഇതുമൂലം തന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടത് യഹോവയുടെ ദൂതനാണെന്ന് അവൻ തിരിച്ചറിഞ്ഞു. അവൻ അവിടെ യാഗപീഠം പണിത് യഹോവയെ ആരാധിച്ചു. യാഗപീഠത്തിൽ നിന്നും ആരാധനയിൽ നിന്നും പ്രവഹിക്കുന്ന ദിവ്യശക്തി ഏത് പ്രതികൂലങ്ങളെയും അതിജീവിക്കുവാൻ പര്യാപ്തമാണെന്ന സത്യം ഇവിടെ സുവിദിതമാക്കുന്നു.

യഹോവയുടെ അരുളപ്പാട് അനുസരിച്ച് ഗിദയോൻ തന്റെ അപ്പന്റെ അശേരപ്രതിഷ്ഠകളെ നശിപ്പിച്ചു തന്റെ കുടുംബക്കാരെയും പട്ടക്കാരെയും ഭയപ്പെട്ടിട്ട് ഗിദയോൻ അത് രാത്രിയിലാണ് ചെയ്തത്. പ്രഭാതമായപ്പോഴാണ് ബാലിന്റെ ബലിപീഠം ഒടിഞ്ഞു കിടക്കുന്നത് എല്ലാവരും അറിഞ്ഞത്. അവരുടെ അന്വേഷണത്തിൽ അത് ചെയ്തത് ഗിദയോൻ ആണെന്ന് തിരിച്ചറിഞ്ഞു. പട്ടണക്കാർ ഗിദയോന്റെ പിതാവായ യോവാശിനോട്: നിന്റെ മകനെ പുറത്തുകൊണ്ടുവരിക. അവൻ മരിക്കേണം. അവൻ ബാലിന്റെ ബലിപീഠം ഇടിച്ചു കളഞ്ഞ് അശേരപ്രതിഷ്ഠകളെ വെട്ടിക്കളഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. യോവാശ് ബാലിന്റെ വിഗ്രഹസേവ നടത്തിക്കൊണ്ടിരുന്നവനായിരുന്നുവെങ്കിലും മകന്റെ പ്രവർത്തി അവനിൽ സുബോധം ഉളവാക്കി. അവൻ ജനത്തോട് പറഞ്ഞു ബാലിനുവേണ്ടി നിങ്ങളോ വ്യവഹരിക്കുന്നത്? അവനുവേണ്ടി വ്യവഹരിക്കുന്നവൻ ഇന്നു രാവിലെ തന്നെ മരിക്കേണം; അവൻ ഒരു ദൈവമെങ്കിൽ തന്റെ ബലിപീഠം ഒരുത്തൻ ഇടിച്ചുകളഞ്ഞതുകൊണ്ട് താൻ തന്നെ ആ കാര്യം വ്യവഹരിക്കട്ടെ. അന്നുമുതൽ ഗിദയോന് യെരുബ്ബാൽ എന്നുംകൂടെ പേരായി. ദൈവം കാര്യങ്ങളെ അനുകൂലമാക്കുന്നത് നാം ചിന്തിക്കുന്നതുപോലെയല്ലായെന്ന് ഇവിടെ നമുക്ക് തിരിച്ചറിയാൻ കഴിയുന്നു.

അനന്തരം മിദ്യാന്യരും അമാലേക്യരും കിഴക്കേ ദേശക്കാർ എല്ലാവരും ഒരുമിച്ചുകൂടി യിസ്രായേൽ താഴ്വരയിൽ പാളയമിറങ്ങി. അപ്പോൾ യഹോവയുടെ ആത്മാവ് ഗിദയോന്റെ മേൽ വന്നു. അവൻ കാഹളമൂതിയും ദൂതന്മാരെ വിട്ടും ജനത്തെ വിളിച്ചുകൂട്ടി. ഗിദയോന് അപ്പോഴും സംശയം മാറിയിരുന്നില്ല. അവൻ വീണ്ടും യഹോവയോട് അടയാളങ്ങൾ ആവശ്യപ്പെട്ടു. അവൻ പറഞ്ഞ അടയാളം യഹോവ കാണിച്ചുകൊടുത്തു. ഗിദയോനു ധൈര്യമായി അവനും ജനം ഒക്കെയും ഹരോദ് ഉറവിന്നരികെ പാളയമിറങ്ങി. എന്നാൽ അവരുടെ ചിന്തയ്ക്കും ബുദ്ധിയ്ക്കും ആലോചനയ്ക്കും ചേരാത്ത കാര്യമാണ് യഹോവ അവരോട് പറഞ്ഞത്. ന്യായാ. 7:2 ‘നിന്നോടുകൂടെയുള്ള ജനം അധികമാകുന്നു; എന്റെ കൈ എന്നെ രക്ഷിച്ചുവെന്ന് യിസ്രായേൽ എന്റെ നേരെ വമ്പു പറയാതിരിക്കേണ്ടതിന് ഞാൻ മിദ്യാന്യരെ ഇവരുടെ കൈയ്യിൽ ഏല്പിക്കുകയില്ല.’ മനുഷ്യബുദ്ധിക്കു

നിരക്കാത്തതാണ് ദൈവത്തിന്റെ പദ്ധതികൾ യഹോവയാണ് യുദ്ധം ജയിക്കാൻ കാരണമെന്ന് ജനം മനസ്സിലാക്കുന്നതിന് യുദ്ധത്തിനു പോകുന്നവരുടെ അംഗസംഖ്യ കുറവായിരിക്കണമെന്ന ദൈവചിന്ത മനസ്സിലാക്കാവുന്നതാണ്. മനുഷ്യനാൽ സാധിക്കാത്തത് ദൈവത്താൽ സാധിക്കുന്നതിനെയാണ് അത്ഭുതമെന്ന് വിളിക്കുന്നത്. അഞ്ചപ്പത്തിന്റെയും ഏഴപ്പത്തിന്റെയും അത്ഭുതം ഈ സത്യം വെളിവാക്കുന്നു. മനുഷ്യൻ അഹങ്കരിക്കാതിരിപ്പാൻ അത് ആവശ്യമാണ്. യുദ്ധത്തിനായി തെരഞ്ഞെടുക്കുന്നവരെയും അവരുടെ എണ്ണവും നമുക്ക് ആശ്ചര്യമുളവാക്കും. യുദ്ധത്തിനു കൊണ്ടുപോകുന്നവരെ തെരഞ്ഞെടുക്കുവാൻ യഹോവ രണ്ടു മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചത്. ഭയവും ഭീരുത്വവുമുള്ളവർ ഗിലയാദ് പർവ്വതത്തിൽ നിന്ന് മടങ്ങിപ്പോകുവാൻ അനുവദിക്കുന്നു. 32000 പേരിൽ പ്രായോഗിക ബുദ്ധിയുള്ളവർ ഇരുപത്തീരായിരം പേരുണ്ടായിരുന്നു. വെറുതെയെന്തിന് ഈ പൊല്ലാപ്പിനു പോകണം. അവർ സന്തോഷത്തോടെ തിരിച്ചുപോയി. ആത്മാർത്ഥതയില്ലാത്തവരെ കൊണ്ടുപോയിട്ടു കാര്യമില്ലല്ലോ. യുദ്ധം മുറുകുമ്പോൾ അവർ തിരിച്ചോടാൻ സാദ്ധ്യതയുണ്ട്. ശേഷിച്ചവർ പതിനായിരം പേർ. അവരാകട്ടെ രണ്ടു വിഭാഗം ആളുകളാണ്. ഒരുകൂട്ടം നല്ല ധൈര്യശാലികൾ എന്തും നേരിടാമെന്ന് ഉറച്ച മനസ്സുള്ളവർ. യിസ്രായേലിനോടു കൂറുള്ളവർ. മറ്റൊരുകൂട്ടർ, ബുദ്ധിഹീനർ, ചിന്താശേഷിയില്ലാത്തവർ, വരും വരായ്കകളെക്കുറിച്ച് ബോധമില്ലാത്തവർ. അവരാണ് ന്യൂനപക്ഷം. മാനുഷിക ചിന്തയനുസരിച്ച് ആദ്യത്തെ കൂട്ടരാണ് യുദ്ധത്തിനു കൊള്ളാവുന്നവർ, ഇവരെ വേർതിരിച്ചു കണ്ടുപിടിക്കുകയായിരുന്നു അടുത്ത മാർഗ്ഗം. പതിനായിരം പേരെയും വെള്ളത്തിനരികെ കൊണ്ടുചെന്നു. അതിൽ നിന്ന് വെള്ളം കുടിക്കുവാൻ ആവശ്യപ്പെട്ടു. ഭൂരിപക്ഷം പേർ മുട്ടുകുത്തി കുനിഞ്ഞ് വെള്ളം കുടിച്ചു എന്നാൽ 300 പേർ പട്ടി വെള്ളം കുടിക്കുന്നതുപോലെ നാവുകൊണ്ട് നക്കിയാണ് കുടിച്ചത്. ആവശ്യത്തിനുവെള്ളം കുടിക്കണമെങ്കിൽ അവർക്ക് ദീർഘസമയം വേണ്ടിവരും എന്നാൽ യഹോവ യുദ്ധത്തിനായ് തെരഞ്ഞെടുത്തത് സാമർത്ഥ്യമുള്ളവരെയല്ല; ഭോഷന്മാരായ 300 പേരെയാണ്. അവർ ഭോഷന്മാരായതിനാൽ ലഭിച്ച സന്ദർഭം ബുദ്ധിപൂർവ്വം ഉപയോഗിക്കാത്തവരായിരുന്നു. മാനുഷിക ചിന്തയിൽ ഭോഷന്മാരായി കണ്ട ഇവരെയാണ് ദൈവം യുദ്ധത്തിനായി കണ്ടെത്തിയത്. മുക്കുവന്മാരെ ശിഷ്യന്മാരായി വിളിച്ചു ചേർത്തതിലും ഓശാനയ്ക്ക് കഴുതയെ വാഹനമായി സ്വീകരിച്ചതിലുമെല്ലാം ഇത് നമുക്ക് വായിച്ചെടുക്കാൻ കഴിയും. ബുദ്ധിമാന്മാർ പലതും വിശ്വസിക്കയില്ല. എന്നാൽ ഭോഷന്മാർ ബുദ്ധിയും ശക്തിയും കൂടാതെ വിശ്വസിക്കുകയും അതിനനുസരണമായി പ്രവർത്തിക്കുകയും ചെയ്യും.

യഹോവയാൽ തെരഞ്ഞെടുക്കപ്പെട്ട 300 പേർ മറ്റുള്ളവരിൽ നിന്ന് കാഹളം വാങ്ങി, യഹോവയുടെ അരുളപ്പാട് അനുസരിച്ച് കാഹളം ഊതുകയും കുടം ഉടയ്ക്കുകയും ചെയ്തു. ബുദ്ധിമാന്മാരായിരുന്നുവെങ്കിൽ ഇത് വെറും ബുദ്ധിശൂന്യമായ പ്രവർത്തിയായി കണ്ട് ദൈവകല്പന അനുസരിക്കാൻ തയ്യാറാകുമായിരുന്നില്ല. എന്നാൽ ഈ 300 പേരെ മൂന്ന് കൂട്ടമായി വേർതിരിച്ച് നിർത്തി കാഹളമൂതാനും കുടം ഉടയ്ക്കാനും ആവശ്യപ്പെട്ടപ്പോൾ ഇത് എന്തിന്? എന്തു ഫലം? എന്നൊന്നും ചോദിക്കാതെ അനുസരിച്ചു. ബുദ്ധിയുള്ളവരും സാമർത്ഥ്യമുള്ളവരുമായിരുന്നെങ്കിൽ നൂറുനൂറു ചോദ്യങ്ങൾ ഉന്നയിക്കുകയും തങ്ങളുടെ ബുദ്ധിയിലും ബലത്തിലും ആശ്രയിക്കുകയും ചെയ്യുമായിരുന്നു. കാഹളമൂതുന്നതെന്തിന്? കുടമുടയ്ക്കുന്നതെന്തിന്? അതുകൊണ്ട് എന്തു ഫലം? ഇതു കേട്ടാൽ ശത്രുക്കൾ ഓടിപ്പോകുമോ? ഇതു ബുദ്ധിശൂന്യമായ പ്രവൃത്തിയല്ലേ? ഇങ്ങനെ പോകും ചോദ്യങ്ങൾ സഭയുടെ വിശ്വാസ സത്യങ്ങളുടെ കാര്യത്തിലും അനേകർ ഈ വിധ ചോദ്യങ്ങളുമായി നമ്മെ സമീപിക്കാറുണ്ടല്ലോ? ശത്രുക്കളെ നേരിടുവാൻ ശക്തിയും ബുദ്ധിയുമാണ് ആവശ്യം. ഇതെല്ലാം സ്വാഭാവികമായ സംശയങ്ങളുമാണ്. എന്നാൽ ബുദ്ധിമാന്മാർക്കു തങ്ങളുടെ ബുദ്ധിയാൽ മനസ്സിലാക്കാൻ കഴിയാത്ത ദൈവിക പദ്ധതികളെ വിശ്വസിക്കുവാനും അംഗീകരിക്കുവാനും സ്വീകരിക്കുവാനും കഴിയാതെ പോകുന്നു. ബുദ്ധി ആവശ്യമില്ലാത്തതാണ് എന്ന് അതിന് അർത്ഥമില്ല. സ്വന്തം ബുദ്ധിക്കും യുക്തിക്കും നിരക്കാത്ത ദൈവിക പദ്ധതിയെ അംഗീകരിക്കുവാൻ തയ്യാറാകുന്നവരെയാണ് ദൈവം തന്റെ പദ്ധതിപൂർത്തീകരണത്തിനായി തെരഞ്ഞെടുക്കുന്നത്. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും കിട്ടാതിരുന്ന സാഹചര്യത്തിൽ ആഴത്തിലേക്ക് നീക്കി വലയിറക്കാൻ കർത്താവ് ആവശ്യപ്പെട്ടപ്പോൾ 'നിന്റെ വാക്കിനു വലയിറക്കാം' എന്നു പറഞ്ഞ് വലവീശിയ ശീമോനെയും കൂട്ടരേയുമാണ് കർത്താവ് ശ്ലീഹന്മാരായി വിളിച്ചു ചേർത്തത്. ദൈവത്തിന്റെ പദ്ധതികൾ മനുഷ്യബുദ്ധിക്കു നിരക്കാത്തതാണെന്ന സത്യമാണ് ഗിദയോനെ ന്യായാധിപനായി തെരഞ്ഞെടുത്ത് നിയോഗിച്ചതിലൂടെ ദൈവം നമുക്ക് നൽകുന്ന വലിയ സന്ദേശം ചോദ്യം ചെയ്യാതെ ദൈവത്തെ അനുസരിക്കുന്നവരുടെ മുൻപിൽ അനുഗ്രഹത്തിന്റെ കലവറ മലർക്കെ തുറക്കപ്പെടുന്നു.

⊙





# യാക്കോബിന്റെ ലേഖനം

**ഫാ. മാത്യു വർഗ്ഗീസ്, പുളിമൂട്ടിൽ**

*(തുടർച്ച)*

നാലാം അദ്ധ്യായത്തിൽ വിശ്വാസത്തിന്റെയും പ്രവൃത്തിയുടെയും കുറവുകാരണം സഭയിൽ സംജാതമാകുന്ന പ്രശ്നങ്ങളെക്കുറിച്ചും, അന്യരെ കുറ്റപ്പെടുത്തുന്ന പ്രവണത ദൈവീകമല്ലായെന്നും, സ്വയ പ്രശംസ നന്നല്ലെന്നും പ്രതിപാദിക്കുന്നു.

ശണ്ഠയും കലഹവും സഭയിൽ ഉടലെടുക്കുന്നതിനുള്ള പ്രധാനകാരണം പ്രവൃത്തിയില്ലാത്ത വിശ്വാസം കൊണ്ടാണ്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ ഇടർച്ചകൾ ഉണ്ടാകുന്നത് ഭോഗേച്ഛകളിൽ (desires or passions) നിന്നാണ്. ഈ ആഗ്രഹങ്ങൾ അഥവാ ഇച്ഛകൾ, പോരാട്ടങ്ങൾ, സ്വാർത്ഥത, ലോകമോഹം, പൈശാചികം എന്നിവയിൽ നിന്ന് ഉടലെടുക്കുന്നതാണ്. ദൈവത്തിൽ നിന്നും നമ്മെ ഇവ അകറ്റുന്നു. സ്വാർത്ഥത നിറഞ്ഞ പ്രാർത്ഥന ദൈവം കേൾക്കുകയോ മറുപടി നൽകുകയോ ചെയ്യില്ല. വിവാഹ ജീവിതത്തിൽ അവിശ്വസ്തത കാണിക്കുന്ന വ്യഭിചാരിണികൾക്കു തുല്യമാണ്. ലോകത്തെ സ്നേഹിച്ചുകൊണ്ട് ദൈവത്തോടു സമീപിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യൻ. സ്വാർത്ഥലാഭത്തിനും മോഹ പ്രാപ്തിക്കുംവേണ്ടി കഴിക്കുന്ന പ്രാർത്ഥന നിരർത്ഥകവും ഫലശൂന്യവുമാണ്. ഉദ്ദേശ്യ ശുദ്ധിയില്ലാത്ത പ്രാർത്ഥന ദൈവം സ്വീകരിക്കുന്നില്ല. 4:4 ൽ പറയുന്ന ലോകം, ദൈവത്തോടു ശത്രുത പുലർത്തുന്ന ജനമാണ്. 4:6 സദൃശ്യവാക്യം 3:34 ൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രാർത്ഥന എന്നു പറയുന്നത് 'പറയുക' (ask) അല്ല 'യാചിക്കുക' (amiss) എന്നതാണ്.

അന്യായമായ ആനന്ദം അന്വേഷിക്കുന്നതിൽ നിന്ന് താഴെപ്പറയുന്ന മാർഗ്ഗങ്ങളിൽ കൂടി നമുക്ക് വിജയം കൈവരിക്കുവാൻ കഴിയും. (a) സ്വാർത്ഥത നിറഞ്ഞ ആനന്ദങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനയ്ക്കു വിരാമമിടുക. (b) ലോകത്തെ ത്യജിക്കുകയും, ദൈവവുമായുള്ള സഖിത്വം ഉറപ്പാക്കുകയും ചെയ്യുക. (c) വി. മാമോദീസായിൽ കൂടി ലഭ്യമായ പരിശുദ്ധാത്മാവിൽ ഉറച്ചുനിൽക്കുക. (d) താഴ്മ ഉള്ളവരായിരിക്കുക. (e) സാത്താനോട് എതിർത്തു നിൽക്കുകയും ദൈവത്തോട് ആരാധനയിൽകൂടി അടുത്തുവരുകയും ചെയ്യുക. (f) ആരാധനയിൽ കൂടിയും അനുതാപത്തിൽകൂടിയും കൈകളും ഹൃദയവും (പ്രവൃത്തിയും, വിശ്വാസവും) ശുദ്ധമാക്കുക.

മറ്റുള്ളവരെ വിമർശിക്കുന്നതിലൂടെ മനുഷ്യന്റെ അഹന്ത അവന്റെ സംസാരത്തിലൂടെ വെളിപ്പെടുകയാണ്. വിശ്വാസത്തിന്റെ കുറവും, തിന്മയോടുള്ള ബന്ധവുമാണ് ദൈവത്തെയും മനുഷ്യരെയും വിമർശിക്കുവാൻ പ്രേരിതമാകുന്നത്. മറ്റുള്ളവരെ വിനയാന്വിതമായും കരുണയോടും സ്നേഹിക്കുക (2:8) എന്നുള്ളതാണ് ദൈവഹിതം.

യഥാർത്ഥ വിശ്വാസമെന്നത് ദൈവത്തിൽ പൂർണ്ണമായും ആശ്രയം വെയ്ക്കുകയും, നല്ല പ്രവൃത്തികൾ ചെയ്യുവാനുള്ള അന്വേഷണവുമാണ്. (True faith depends completely on God and seeks ways to do good works)

അഞ്ചാം അദ്ധ്യായത്തിൽ ധനം (സമ്പത്ത്) മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രശ്നം സംബന്ധിച്ചും, രോഗികൾക്കു നൽകുന്ന തൈലാഭിഷേക ശുശ്രൂഷയെ സംബന്ധിച്ചുള്ള പ്രതിപാദനങ്ങളാണ്. തങ്ങളുടെ വസ്തുവകകളിലും സമ്പത്തിലും ആശ്രയം വയ്ക്കുന്നവരെയാണ് ധനവാന്മാർ എന്ന് സംബോധന ചെയ്യുന്നത്. ധനം അതിൽ തന്നെ പാപം അല്ല, അതിന്റെ വിനിയോഗമാണ് പ്രധാനം. ദ്രവ്യാഗ്രഹം സകല ദോഷത്തിനും കാരണമാണ്. (1 തീമോ. 6:10) ശരിയായ കാര്യവിചാരകത്വം ആവശ്യമാണ്; ചെയ്ത ജോലിയുടെ കൂലി ജോലിക്കാർക്ക് അവകാശപ്പെട്ടതാണ്. മോശയുടെ ന്യായപ്രമാണവും (ലേവ്യ. 19:13, ആവർത്ത. 24:14,15) ക്രിസ്തുവിന്റെ ഉപദേശങ്ങളും (മത്താ. 20:1-6) ഈ സാമൂഹിക പ്രശ്നത്തിൽ ദൈവഹിതമെന്തെന്ന് വ്യക്തമാക്കുന്നു.

ദൈവത്തിന്റെ ദൂത് അറിയിച്ചവരും അതിനുവേണ്ടി കഷ്ടത അനുഭവിച്ചിട്ടുള്ളവരുമായ പഴയനിയമ പ്രവാചകന്മാരെയാണ്, 5:10 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവാചകന്മാർ; 5:11 ൽ പറയുന്ന ഇയ്യോബിന്റെ സഹിഷ്ണത – സഹിഷ്ണത എന്നതിന്റെ ഗ്രീക്കുപദം 'ഹ്യുപൊമൊണേ' എന്നാണ്. ദീർഘക്ഷമ എന്നർത്ഥമുണ്ട്. നിഷ്ക്രിയമായ ക്ഷമ എന്നല്ല, ധൈര്യമുള്ളതും ശ്രേഷ്ഠവുമായ ക്ഷമ എന്നാണർത്ഥം. അതിന്റെ ഉത്തമ മാതൃകയാണ് ഇയ്യോബിന്റെ അനുഭവം. അസഹനീയമായ കഷ്ടനഷ്ടങ്ങളുടെ മദ്ധ്യത്തിലും പതറിപ്പോകാത്ത വിശ്വാസസ്ഥിരതയോടെയുള്ള സഹിഷ്ണതയാണ് ഇയ്യോബിൽ കാണുന്നത്. ദൈവം അതു മാനിച്ച് അവനെ അനുഗ്രഹിച്ചു (ഇയ്യോ. 42:12). ഈ സഹിഷ്ണതയെ സംബന്ധിച്ച് പലസ്തീനിൽ കൃഷിക്കാർ, കൃഷി ഇറക്കുന്ന സമയത്തും, വിളവെടുപ്പിനു മുമ്പും, പിന്മഴയ്ക്കായും, മുൻമഴയ്ക്കായും കാത്തിരിക്കുന്നതിനോട് (5:7) ദൃഷ്ടാന്തീകരിച്ചിരിക്കുന്നു. ജീവിക്കുന്ന വിശ്വാസത്തിനുവേണ്ടി യഥാർത്ഥമായ പ്രവർത്തി എന്നു പറയുന്നത് ദീർഘക്ഷമ, സ്ഥിരത, അന്ത്യമായ വിധിയെക്കുറിച്ചുള്ള ശരിയായ ദർശനം എന്നിവയാണ്. (Patience, forbearance and right vision of the ultimate judge are true works of living faith)

തൈലാഭിഷേകത്തെ സംബന്ധിച്ച് 5:13–20 വരെയുള്ള ഭാഗങ്ങളിലും, കുമ്പസാരത്തെ സംബന്ധിച്ച് 5:16–18 വരെയുള്ള ഭാഗങ്ങളിലും പ്രതിപാദിക്കുന്നു.

പഴയനിയമ പ്രവാചക സന്ദേശത്തിൽ, വരുവാനിരിക്കുന്ന മശിഹായെ സംബന്ധിച്ച്, അവൻ തകർന്ന ഹൃദയങ്ങളെ സൗഖ്യമാക്കുകയും, ബന്ധിതർക്കു വിടുതലും, അന്ധർക്ക് കാഴ്ചയും കൊടുപ്പാൻ വരുന്നുവെന്ന് പ്രസ്താവിക്കുന്നു. (ലൂക്കോ. 4:18, യശയ്യാ. 61:1) കർത്താവിന്റെ ശുശ്രൂഷ–സൗഖ്യദാന ശുശ്രൂഷയായിരുന്നു. (മത്താ. 4:23) സൗഖ്യദാന ശുശ്രൂഷ പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നാണെന്ന് (1 കൊരി. 12:9) വി. പൗലോസ് സാക്ഷിക്കുന്നു. ആദിമസഭയുടെ ജീവിതരീതിയും, ജീവിതപ്രമാണങ്ങളും ഈ വേദഭാഗത്തിൽ നിന്നും മനസ്സിലാക്കാം. മൂപ്പന്മാരുടെ ഒരു പ്രധാന ചുമതല രോഗികളെ സന്ദർശിച്ച് കർത്താവിന്റെ നാമത്തിൽ എണ്ണപൂശി അവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നതായിരുന്നു. പ്രാർത്ഥനയോടു ചേർന്ന് എണ്ണപൂശുക; ആദിമകാലത്ത് സൗഖ്യദാനത്തിന് ഉശ്യൂഠ മശറ ആയി എണ്ണ ഉപയോഗിച്ചിരുന്നു; എണ്ണ എന്നുള്ളത് സഭയിലെ പരിശുദ്ധാത്മാവിന്റെ ഒരു പ്രതീകമായും കരുതിയിരുന്നു. തൈലാഭിഷേക ശുശ്രൂഷയിൽ പ്രധാനമായി, വിശ്വാസത്തോടുകൂടിയ പ്രാർത്ഥന, പാപങ്ങളുടെ ഏറ്റുപറച്ചിൽ എന്നിവ ഉണ്ടായിരിക്കണം. മാത്രമല്ല കാർമ്മികനായി പുരോഹിതനും ഉണ്ടായിരിക്കണം. തൈലാഭിഷേക ശുശ്രൂഷ സൗഖ്യദാനത്തിനു വേണ്ടിയാണ്. എന്നാൽ എ.ഡി. ഒൻപതാം നൂറ്റാണ്ടിന്റെ മധ്യഭാഗം മുതൽ തൈലാഭിഷേക ശുശ്രൂഷയുടെ വിപുലമായ രീതിയിൽ, 5 തിരികൾ ഉപയോഗിച്ചു നടത്തുന്ന ശുശ്രൂഷയെ കന്തീല ശുശ്രൂഷ എന്നു പറയുന്നു. 2014 ഫെബ്രുവരി 21–ാം തീയതി ദിദിമോസ് വലിയ ബാവായ്ക്ക് കന്തീലാ ശുശ്രൂഷ നടത്തുകയുണ്ടായി.

പ്രാർത്ഥനയുടെ പ്രാധാന്യം തെളിയിക്കുന്നതിനായി പ്രാർത്ഥനാവീരനായിരുന്ന ഏലിയാവ് പ്രവാചകനെ 5:17 ൽ 'നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നു; വരുവാനുള്ള ഏലിയാവ് എന്ന് യോഹന്നാൻ സ്നാപകനെക്കുറിച്ച് ക്രിസ്തു പറഞ്ഞിരിക്കുന്നു. (മത്താ. 11:14)

**(അടുത്ത ലക്കം : 1 പത്രോസ്)**

**Statement about ownership and other particular about Bethel Patrika**

Form IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Chengannur |
| 2. | Periodicity of its Publication | : | Monthly |
| 3. | Printer's Name | : | H G Thomas Mar Athanasios |
| | Address | : | Bethel Aramana Chengannur P.O., Kerala |
| 4. | Whether citizen of India | : | Yes |
| 5. | Publisher's Name | : | H G Thomas Mar Athanasios |
| | Address | : | Bethel Aramana Chengannur P.O., Kerala |
| 6. | Whether citizen of India | : | Yes |
| 7. | Editor's name | : | Fr. Abraham Koshy Kunnumpurathu |
| | Address | : | Mundankavu, Chengannur P.O., Kerala |
| 8. | Name & Addresses of Individuals who own the Newspaper | : | H G Thomas Mar Athanasios (Same as above) |
| 9. | Name & Addresses of Individuals of Shareholders holding more than one percent of the total capital | : | H G Thomas Mar Athanasios (Same as above) |

I, H G Thomas Mar Athanasios, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 15-3-2014

Sd/-
H G Thomas Mar Athanasios



# ὁ λόγος

# ഞായർ ദിന ധ്യാനം

ഫാ. പി. കെ. കോശി

**ക്നാനൈത്തോ ഞായർ (2014 മാർച്ച് 23) നോമ്പിലെ 4–ാം ഞായർ : വി. മത്താ. 15:21–31; Cf.മർക്കോ. 7:24–30**

പാലസ്തീനു വടക്കുള്ള സോർസീദോൻ പ്രദേശമായ സുറോഫൊയീക്യയിൽ നിന്നുള്ള യവനസ്ത്രീയുടെ മകളിൽ നിന്ന് ഭൂതോപദ്രവത്തിൽ നിന്നുള്ള വിടുതലിനായി 3 ഘട്ടങ്ങളിലായി യേശു ഒരുക്കിയ വിശ്വാസ പരിശോധനാ പോരാട്ട പരീക്ഷയിൽ നൂറുശതമാനം മാർക്കും ലഭിച്ച് തിരസ്കരണത്തിലും പ്രശംസയും അംഗീകാരവും അനുഗ്രഹവും വാങ്ങി സംതൃപ്തിയോടെ മടങ്ങുന്ന ചിത്രം ചിന്താവിഷയം.

**1. തിരസ്കരണത്തിലും മടുത്തുപോകാത്ത ഒരമ്മ**

യേശുവിന്റെ പ്രവർത്തനം യഹൂദരിൽ നിന്ന് പുറജാതികളിലേക്കാകുന്നു. ഒരു പുറജാതിക്കാരന്റെ പത്താം തലമുറപോലും ദൈവസന്നിധിയിൽ നിൽക്കാൻ പാടില്ല. (ആവർ. 23:3). യഹൂദരല്ലാത്തവർ നായ്ക്കൾക്കു സമന്മാർ. ചോദിക്കുന്നതെന്തും ലഭിക്കുക എന്നത് ബാലിശമായ ചിന്ത. അവളുടെ ആവശ്യം നിറവേറ്റി പറഞ്ഞയയ്ക്കാൻ ശിഷ്യർ യേശുവിനോടപേക്ഷിക്കുന്നത് അവളോടുള്ള സഹതാപത്തേക്കാൾ ഒരു പക്ഷേ അവളുടെ ശല്യം ഒഴിവാക്കുക എന്ന മനോഭാവം കൂടിയാകാം. തിരസ്കരണം വിശ്വാസത്തിന്റെ ശോധനയുടെ ഭാഗമാണ്. യേശുവിന്റെ നിസ്സംഗതയിൽ അവൾ പിന്മാറുന്നില്ല. (15:23,24) അകറ്റുന്തോറും കൂടുതലായി ദൈവസന്നിധിയിലേക്ക് അവൾ ചെല്ലുന്നു. പൗലോസിന്റെ മുള്ളുമാറാൻ പ്രാർത്ഥിക്കുമ്പോൾ തിരസ്കരണം കൂടുതൽ ദൃഢത ലഭ്യമാക്കാൻ യാചനക്കുത്തരം ലഭിക്കുന്നതുവരെ പ്രാർത്ഥിക്കുക. യേശു പഠിപ്പിച്ചതും മടുത്തുപോകാതെ പ്രാർത്ഥിക്കാനും യാചിച്ചുകൊണ്ടേയിരിപ്പാനും. അംഗീകാരം ലഭിക്കാതെ തിരസ്കരിക്കപ്പെടുമ്പോൾ നമ്മുടെ മനോഗതം എപ്രകാരം.

**2. മകളെക്കുറിച്ച് നൊമ്പരപ്പെടുന്ന ഒരമ്മ**

മകളുടെ പ്രശ്നം സ്വന്തം പ്രശ്നമായി ഏറ്റെടുത്ത് അവൾക്കായി മദ്ധ്യസ്ഥതപ്പെടുന്നു. മകളുടെ കോട്ടങ്ങളുടെ എല്ലാ വിഴുപ്പുകളും ബാധ്യതയും സ്വയം ഏറ്റെടുക്കുന്നു. മക്കളുടെ ബലഹീനതകൾ, വിഷമതകൾ മനസ്സിലാക്കി അവരുടെ പ്രശ്നങ്ങൾ സ്വയം ഏറ്റെടുത്ത് അവരെ ദൈവസന്നിധിയിലേക്ക് കൊണ്ടുവരിക മാതാപിതാക്കളുടെ കടമ. എന്നാൽ ഇന്ന് മക്കൾപ്പോലും പലപ്പോഴും സ്വാർത്ഥ പദ്ധതികളുടെ ഭാഗമായി മാറിയിരിക്കുന്നു. മക്കളെപ്പോലും സ്വാർത്ഥതയ്ക്കായി പല മാതാപിതാക്കളും വേർതിരിക്കുന്നു. പെറ്റതള്ള കുഞ്ഞിനെ മറക്കുന്ന കാലഘട്ടത്തിൽ മറക്കാത്ത അമ്മ വേദനയുടെയും കഷ്ടതയുടെയും മദ്ധ്യത്തിൽ നിലവിളിച്ച് നൊമ്പരപ്പെടുന്നു (സങ്കീ. 107:28; യെശ. 49:15). മക്കളുടെ സ്വഭാവവൈകൃതങ്ങൾ പലതും പൈശാചികം. സാങ്കേതിക വിദ്യകളുടെ ഉന്നതിയാൽ വൈകൃതങ്ങൾ വർദ്ധിക്കുന്നു. സ്വന്തം മാതാവിന്റെയും സഹോദരിയുടെയും നഗ്നത ഇന്റർനെറ്റിലും മറ്റും പ്രദർശിപ്പിക്കുന്ന സ്വഭാവവൈകൃതങ്ങൾ. പലവിധ ഭൂതങ്ങളും ദുശ്ശീലങ്ങളും ബാധിച്ചിരിക്കുന്ന മക്കൾ, നൊമ്പരപ്പെടുന്ന മാതാപിതാക്കൾ ദൈവസന്നിധിയിൽ എത്തണം. നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരയുവാൻ കർത്താവ് കല്പിക്കുമ്പോൾ ദേവാലയത്തിൽ കണ്ണീരൊഴുക്കിയ 'ഹന്ന'മാർ ഉണ്ടാകണം. "മാമ്പൂക്കളെക്കുറിച്ചും മക്കളെക്കുറിച്ചും കണക്കുകൂട്ടരുത്" എന്ന് കവി പാടുമ്പോൾ കണക്കുകൂട്ടലുകളും കൂട്ടിക്കുഴയ്ക്കലുമല്ല ആവശ്യം കരയുകയും നൊമ്പരപ്പെടുകയും ചെയ്യുന്ന മാതാപിതാക്കൾ ആവുക.

**3. പിൻമാറാത്ത നിശ്ചയദാർഢ്യം**

പ്രതികൂല പ്രതികരണങ്ങളിലും പിന്മാറാത്ത നിശ്ചയദാർഢ്യവും അനുകൂലമാക്കുന്ന വിശ്വാസവും അവളിൽ ക്രൈസ്തവ സമർപ്പണത്തിന്റെ എല്ലാ അംശവും പൂർണ്ണമായി ഈ അമ്മയിൽ കാണുന്നു. കേവലം അഭിനയമോ ഉപരിപ്ലവമോ ആയ വിശ്വാസമല്ല അവളിൽ. അചഞ്ചലമായ ഒരു ഉറപ്പ് ഈ അമ്മയിൽ. സാറായുടെ ബുദ്ധിയിലും അബ്രഹാമിന്റെ കായബലത്തിലുമുള്ള യിശ്മായേല്യരല്ല ഇന്നാവശ്യം. തീമോത്തിയോസിനെപ്പോലെയുള്ള വലിയമ്മ ലോവീസിന്റെയും അമ്മ യുനീക്കയുടെയും പൂർണ്ണ വിശ്വാസസമർപ്പണമുള്ള മക്കളും മാതാപിതാക്കളും ഇന്നിന്നാവശ്യം. മുഖംമൂടിയും മുൻവിധിയും ഇല്ലാത്ത അപേക്ഷകൾക്ക് മറുപടി നൽകും എന്ന നിശ്ചയദാർഢ്യം. യേശു നിസ്സംഗനായി തോന്നിയാലും അനുഗ്രഹിച്ചല്ലാതെ വിടുകയില്ല എന്ന യാക്കോബിന്റെ നിശ്ചയദാർഢ്യം ഈ അമ്മയിൽ (മത്താ. 15:23-27).

**4. അപമാനത്തിലും നിരാശയില്ലായ്മ**

അപമാനിക്കപ്പെടുത്തിയും അവമമതിക്കപ്പെടുത്തുകയും ചെയ്യുമ്പോൾ ദൈവാനുഗ്രഹം കൂടുതലായി ഗ്രഹിക്കുന്നു. താൻപോരിമയും പൊങ്ങച്ചവും അകറ്റി യേശു സവിധേ വീണ്ടും വീണ്ടും ചെല്ലുന്നു. നായ്ക്കുട്ടി എന്ന ഭാവത്തോടെ ചെല്ലുന്നു. യേശുവിന്റെ അപമാനമോ നിഷേധമോ തന്റെ പരിശ്രമങ്ങൾക്കും ആഗ്രഹനിവർത്തിക്കും തടസ്സമാകുന്നില്ല. ആത്മാഭിമാനമുള്ളവർ മാറിപ്പോകുന്ന മറുപടി. "ഒരു ബിംബാരാധിയോടുകൂടി ഭക്ഷണം കഴിക്കുന്നവൻ ഒരു നായോടുകൂടി ഭക്ഷണം കഴിക്കുന്നതിനു തുല്യൻ'' എന്ന് യഹൂദ റാബി ഏലെയാസർ പറയുന്നു.

മറ്റുള്ളവർ തന്നെക്കാൾ ശ്രേഷ്ഠർ എന്നെണ്ണുക എന്ന പൗലോസിന്റെ ചിന്ത അവളിൽ ഉണ്ടാകുന്നു. ഖമാലചലംാമി ന്റെ 'No putdown game' (കൊച്ചാക്കൽ വേണ്ട) എന്ന ചിന്തയുണ്ട്. ഈ അവസ്ഥയിൽ നിന്നും 'Put people up' (കഴിയും വിധം മറ്റുള്ളവരെ ഉയർത്താനുള്ള ശ്രമം) എന്ന തലത്തിലേക്കാവുക. മുൾക്കിരീടത്തോടുകൂടി മാത്രമേ അംഗീകരണമുള്ളൂ. റോസാച്ചെടി മുള്ളു നിറഞ്ഞത് എന്നാൽ മണവും സൗന്ദര്യവും സൗരഭ്യവുമുള്ള പൂക്കളുടെ പിൻപിലും മുള്ളുണ്ട്. മനുഷ്യജീവിതത്തിലും അപമാനത്തിന്റെയും വേദനയുടെയും മദ്ധ്യത്തിൽ ദൈവ കരുതലുണ്ട്. കാൽവറിയിലും കാലിത്തൊഴുത്തിലും യേശു വിളങ്ങി നിൽക്കുന്നു. രണ്ടിടത്തും അപമാനമുണ്ട്. എങ്കിലും ലക്ഷ്യപ്രാപ്തിയുണ്ടാകുന്നു.

**5. അതിരുകൾക്കപ്പുറം ദൈവകാരുണ്യം**

അതിരുകൾക്കപ്പുറവും ദൈവകാരുണ്യം ലഭ്യമാകുമെന്ന് ക്നാനായക്കാരിയുടെ മകളുടെ സൗഖ്യം പഠിപ്പിക്കുന്നു. ദൈവജനത്തിനു മാത്രമല്ല പുറജാതികൾക്കും ദൈവകരുണ ലഭ്യമാക്കാം. ഇതര മതസ്ഥർക്കും രക്ഷയും വീണ്ടെടുപ്പും ഉണ്ട്. യഹൂദനായ യോനായ്ക്ക് പുറജാതി നഗരമായ നിനുവ രക്ഷപെടുന്നത് അനിഷ്ടമാകുന്നു. ദൈവം ആഗ്രഹിക്കുന്നത് സകലരെയും ദൈവജനമാക്കാൻ. 'സ്ത്രീയെ നിന്റെ വിശ്വാസം.......' മത്താ. 15:28 എന്നത് അതിരുകൾക്കതീതമായ ദൈവകാരുണ്യം, യേശുവിന്റെ തിരുവവതാരത്തിലും സകലജാതികൾക്കുമുള്ള മഹാസന്തോഷം എന്നത്. യേശു ജാതിവ്യവസ്ഥയുടെ വേലിക്കെട്ടുകൾ തകർക്കുന്നു. ഹീനന്മാരോടും, ചണ്ഡാലസ്ത്രീയോടും, ചുങ്കക്കാരനോടും, ശമര്യരോടും, പാപികളോടും (മർ. 2:16; യോഹ. 4; ലൂക്കോ, 19:7) ചേർന്നു നിൽക്കുമ്പോൾ അതിരുകൾക്കപ്പുറമുള്ള കാരുണ്യം മതിൽ കെട്ടുകൾ നിലനിൽക്കുമ്പോൾ ദൈവത്താൽ മതിൽ ചാടി കടക്കും എന്ന സങ്കീർത്തനക്കാരന്റെയും വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞു എന്ന പൗലോസിന്റെയും ദർശനങ്ങൾ അതിരുകൾക്കതീതമായ ദൈവകാരുണ്യം. മനുഷ്യൻ അതിരുകൾ കുറിച്ചാലും ദൈവം അതു നീക്കും (അപ്പോ. 10:34-35). സ്ത്രീയെ നിന്റെ വിശ്വാസം വലിയത് എന്ന യേശുവിന്റെ വാക്കുകൾ. കനാന്യസ്ത്രീയോളം ശിഷ്യന്മാർ വളർന്നില്ല. അബ്രഹാമിന്റെ മക്കളും വളർന്നില്ല. നമ്മുടെ വളർച്ചയും നിലവാരവും എവിടെ?

**കൂനിയുടെ ഞായർ (2014 മാർച്ച് 30) വി. ലൂക്കോ. 13:10-17**

പതിനെട്ടു സംവത്സരം സാത്താൻ ബന്ധനത്തിലാക്കി കൂനിയായിരുന്ന സ്ത്രീക്ക് ദൈവിക ഇടപെടലാൽ പരിവർത്തനം ഉണ്ടാകുന്നു. "നോമ്പിന്റെ ആന്തരം ജഡകാര്യങ്ങളെക്കാൾ ആത്മകാര്യങ്ങളെ കീഴടക്കി ആത്മാവിനെ ദൈവകാര്യങ്ങളിലേക്ക് ഉണർത്തുവാനും സാത്താനെ ജയിക്കുന്നതിന് ഒരായുധമായിരിപ്പാനുമത്രെ'' എന്ന് പ. വട്ടശ്ശേരിൽ തിരുമേനി- വേദഭാഗത്തെ ചില ചിന്തകൾ.

**1. മനുഷ്യൻ നട്ടെല്ലു നിവർന്നു നിൽക്കേണ്ടവൻ**

മനുഷ്യൻ എന്ന പദം 'ആന്ത്രപ്പോസ്' എന്ന ഗ്രീക്കു വാക്കിനർത്ഥം നട്ടെല്ലു നിവർന്നവൻ. കൂനുണ്ടായാൽ ദിശാബോധം നഷ്ടമാകും. നമ്രമുഖികളും നട്ടെല്ലുവളച്ചും നിൽക്കുമ്പോൾ ജീവിതം തന്നെ വ്യത്യാസപ്പെടുന്നു. മനുഷ്യനു ലഭ്യമായിരിക്കുന്ന കാലുകൾ ഭൂമിയിൽ ചവിട്ടി നിന്നുകൊണ്ട് കരങ്ങൾ ഉയരത്തിലേക്കുയർത്തി ദൈവമുഖം കാണുവാൻ. "ഉയരത്തിലേക്കു നോക്കുവാൻ കഴിയാതെ നാം ജീവിക്കേണ്ടി വരുമ്പോൾ പരിഹാരം കർതൃവചനം മാത്രം. മനുഷ്യകുലത്തിനു ഭാരങ്ങളുടെയും ഇതരകാഴ്ചപ്പാടുകളുടെയും കൂന് ബാധിച്ചപ്പോൾ അവൻ അവതരിച്ചത് നമ്മെ ഉദ്ധരിപ്പാൻ'' എന്ന് വി. ഓറിഗൺ പഠിപ്പിക്കുന്നു. നമുക്ക് നിവർന്നു നിൽക്കാൻ വരവും അവകാശവും വി. മാമോദീസായിലൂടെ പ്രാപിച്ചിരിക്കുന്നു. സാത്താനെ ഉപേക്ഷിച്ച് മശിഹായെ സ്വീകരിച്ചതിലൂടെ നിവർന്നുനില്പാനുള്ള അവകാശം സ്വീകരിച്ചു ലൂക്കോ. 13:10-17. ഉദ്ധരിച്ച് നാസ്സിയാൻസിലെ വി. ഗ്രീഗോറിയോസ് പറയുന്നത് 'Today you have been made straight by the word of God' പെന്തിക്കോസ്തി പെരുന്നാളിലെ പ്രാർത്ഥനയിൽ 'നിവർന്നുനിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ യോഗ്യത നൽകേണമെ' എന്ന് പ്രാർത്ഥിക്കുമ്പോൾ നല്ലെട്ട് നിവർന്നു നിൽക്കേണ്ടവനാണ് മനുഷ്യൻ.

**2. ആരാധനയിലെ തീഷ്ണതയും തീവ്രതയും**

സിനഗോഗാരാധനയിൽ പുരുഷന്മാർ നിർബന്ധമായും പങ്കെടുക്കണമെങ്കിലും സ്ത്രീകൾക്കും രോഗവും ദൗർബല്യമുള്ളവർക്കും നിർബ്ബന്ധമില്ല. എന്നാൽ ഈ സ്ത്രീ സ്ഥിരമായി ദേവാലയ ആരാധനയിൽ അംഗമായിരുന്നു. അവൾ സഭായോഗം വിട്ടുകളയുന്നില്ല (എബ്രാ. 10:2). അവൾ യേശുവിനെ നോക്കിയോ എന്നറിയില്ല. കൂനു നിവരാൻ ആവശ്യപ്പെട്ടോ എന്നറിയില്ല. ആരാധിക്കുന്നവന്റെ ഹൃദയം ദൈവം കാണുന്നു. പിറുപിറുക്കാതെ സ്ഥിരം ആരാധനയ്ക്കു പോകുന്ന അവളെ യേശു നോക്കി എന്നതാണ് യഥാർത്ഥ ആരാധനയുടെ മഹത്വം (ലൂക്കോ. 13:12,13) അവളുടെ ആരാധനയിലെ പങ്കാളിത്വവും തീഷ്ണതയും നന്മയ്ക്കു കാരണമാകുന്നു.

ബന്ധനം ഉണ്ടായ 18 വർഷവും അതിനുമുമ്പും ദേവാലയാരാധന മുടക്കുന്നില്ല. ഇന്ന് നാം മുടക്കുന്നത് ആരാധന. ആരാധന ഇന്നനുഭവമാകുന്നില്ല. അതിലെ തീഷ്ണത കുറഞ്ഞിരിക്കുന്നു. ഇന്ന് താമസിച്ചു വരികയും നേരത്തെ മടങ്ങിപ്പോകുകയും ചെയ്യുക എന്നത് നമ്മുടെ ആരാധനാശൈലി. അഭിവന്ദ്യ സഖറിയാസ് മാർ അന്തോണിയോസ് തിരുമേനിയുടെ വാക്കുകളിലൂടെ ഓർത്തഡോക്സ് ആരാധകന്റെ പങ്കാളിത്വം, "ചിലർക്ക് മറിയാം തിന്തകത്തോ, യൂഹാനോൻ ദാന്തകത്തോം, മറ്റു ചിലർക്ക് കാർമ്മികനെ വിലങ്ങുവെച്ചു കൊണ്ടുവരുമ്പോൾ (വി. കുർബ്ബാന പടിഞ്ഞാറോട്ടുള്ള എഴുന്നള്ളത്ത്) ചിലർക്ക് ഇന്റർവെൽ സമയം (തുബ്ദേൻ) മറ്റു ചിലർക്ക് വന്നതുപോലെ മടങ്ങിപ്പോകാൻ പറയുമ്പോൾ (സമാധാന വാഴ്വ്). തീവ്രമായ ആരാധനയിൽ ദൈവം ഹൃദയം കാണുന്നു. സ്വന്തം ആവശ്യം പറയുന്നതല്ല ആരാധന. ഭഗവത്ഗീതയിൽ 'ഫലേച്ഛകൂടാതെ കർമ്മമനുഷ്ഠിയ്ക്ക'' നിന്റെ വസ്തുവകയല്ല കർത്താവിനാവശ്യം നിന്നെത്തന്നെ ആയിരിക്കുന്ന അവസ്ഥയിൽ. വി. അപ്രേമിന്റെ മെമ്രോയിൽ "എന്നെത്തന്നെ സന്നിധിയിൽ കാഴ്ചയണപ്പാനും നാഥാ ......... .'' ഹന്നായെപ്പോലെയും കൂനിയെപ്പോലെയും ഹൃദയം പകരുന്ന ആരാധനാ ജീവിതം നയിക്കുക.

**3. ഭൗമോൻമുഖി ദൈവോൻ മുഖിയാവുന്നു**

ഭൗമോൻ മുഖിയാകുമ്പോൾ ഭൂമിയോടു മാത്രം പ്രതിബദ്ധത, കണ്ണ് ഭൂമിയെ മാത്രം ലക്ഷ്യം വയ്ക്കുന്ന കൂനി. മനുഷ്യന്റെ പാദങ്ങൾ ഭൂമിയിലും മുഖം ദൈവോൻ മുഖവുമാകണം. കൈകൾ അദ്ധ്വാനിക്കുവാനുള്ള തെങ്കിലും അത് ദൈവത്തിങ്കലേക്ക് ഉയർത്താനും കൂടിയാണ്. ദൈവത്തെ മഹത്വപ്പെടുത്താൻ നിവർന്നു നിൽക്കുമ്പോൾ ചുറ്റുപാടും, മുമ്പോട്ടും, ഉയരത്തിലേക്കും, തന്നിലേക്കു തന്നെയും നോക്കുവാൻ കണ്ണും കാഴ്ചയും വേണം. കുറവുകളുടെ

മദ്ധ്യത്തിലും ദൈവത്തിങ്കലേക്ക് നിവർന്നു നിന്ന പ്രവാചകന്മാർ അഥവാ ഭൗമോൻമുഖിമാരായിരുന്നവർ ദൈവോൻമുഖരായിത്തീർന്നു. (Jerm. 1:5-8; യെശ. 6; പുറ. 3; 1 രാജാ. 1-8) താമര ചെളിക്കുണ്ടിലെങ്കിലും സൂര്യനഭിമുഖമായി സുന്ദരപുഷ്പം വിടർത്തുന്നു. ഒരുവൻ സർവ്വ ഭൂമിയും നേടിയാലും ആത്മാവിനെ നശിപ്പിച്ചാൽ എന്തു പ്രയോജനം എന്ന് യേശുക്രിസ്തു. ഭോഗങ്ങളും മോഹങ്ങളും എല്ലാം ഭൂമിയോട് ബന്ധപ്പെട്ടത് എന്നാൽ സ്വർഗ്ഗത്തോട് ബന്ധപ്പെടുന്നതാണ് ത്യാഗവും യാഗവും. ദൈവോന്മുഖികളാകാൻ പ്രയത്നിക്കുക.

**4. ആരാധനാലയം ആരോഗ്യദായകമാകണം**

ദേവാലയം ആശ്വാസം പകരാനും ദൈവത്തെ മഹത്വപ്പെടുത്താനും എന്റെ ആലയം പ്രാർത്ഥനാലയം അതിനെ കള്ളന്മാരുടെ ഗുഹയാക്കരുത് എന്ന് ക്രിസ്തു പ്രതിവചിക്കുന്നു. ഇന്ന് ആരാധനാലയങ്ങൾ കള്ളന്മാരുടെയും കൊള്ളക്കാരുടെയും സ്വാർത്ഥമോഹികളുടെയും കേന്ദ്രമായിരിക്കുന്നു. നെഹമ്യാവു വിലപിച്ചതുപോലെ ദൈവത്തിന്റെ ആലയം ശൂന്യമാക്കപ്പെട്ടിരിക്കുന്നു. ദേവാലയത്തിൽ വെച്ച് രോഗസൗഖ്യവും മനശാന്തിയും വരദാനമായി ലഭിക്കുന്നു. ഇന്ന് കോടികൾ മുടക്കി നിർമ്മിക്കുന്ന ദേവാലയങ്ങൾ ആത്മീയദായകമോ, ആരോഗ്യദായകമോ? പേർഷ്യൻ കവി ജലാലുദ്ദീൻ "ഭൂമി നിർവിഘ്നം പ്രവഹിപ്പിക്കുന്ന അനേകം ജലധാരകളിൽ നിന്ന് നീ പാനം ചെയ്യുന്നു. എന്നാൽ ജലധാരയിൽ പ്രവാഹം കുറയുമ്പോൾ നിന്റെ ആനന്ദത്തിന് കുറവ് സംഭവിക്കുന്നു. നിന്റെ ഹൃദയാന്തരത്തിലെ അപരിമേയമായ ജലധാരയുതിർന്നാൽ പിന്നെന്തിന് നീ അപൂർണ്ണമായ ജലസ്ത്രോതസ്സുകൾ തേടിപ്പോകണം.'' നമ്മുടെ ആരാധനാലയങ്ങൾ യഥാർത്ഥ ആരാധകന് ആരോഗ്യദായകമാകട്ടെ.

**5. സ്വാർത്ഥ സങ്കുചിതത്വം മാറണം**

സങ്കുചിത്വം മാറി യാഥാർത്ഥ്യം കാണുവാനുള്ള കാഴ്ചപ്പാടുണ്ടാകണം. പള്ളിപ്രമാണിയുടെ സങ്കുചിതത്വ ചിന്ത പ്രകടമാകുന്നു (ലൂക്കോ. 10:14). ശാബതിൽ 39 പ്രവർത്തികൾ വിലക്കിയിരിക്കുന്നു. മൃഗത്തെപ്പറ്റി കരുതലുണ്ടെങ്കിൽ മനുഷ്യരെപ്പറ്റി എത്രയധികം വേണം. മനുഷ്യന്റെ മൂല്യം യേശു ഉയർത്തിപ്പിടിക്കുന്നു. ഇന്ന് മൃഗസ്നേഹികളും, പ്രകൃതി സ്നേഹികളും - മേനകാ ഗാന്ധി പോലുള്ളവർ-പക്ഷേ മനുഷ്യസ്നേഹികളില്ല. ശാബത് മനുഷ്യനന്മയ്ക്ക്. കാഴ്ചപ്പാടുകളിലെ സങ്കുചിതത്വം മാറ്റുക. ദർശനമില്ലായ്മ മാറ്റാൻ ഹോശയ 4:6-9 ൽ. ആശ്വസിപ്പിക്കൽ ആദായ സൂത്രമാക്കി കരുതുന്ന ദേവാലയ പ്രമാണിമാരാണ് ഇന്നധികവും. സൗഖ്യദാനം പ്രത്യേക സന്ദർഭത്തിലേക്കു മാത്രം എന്ന് പ്രമാണിമാർ. ഭക്തി ചില ദിവസങ്ങളിലേക്കും നിമിഷങ്ങളിലേക്കും മാത്രം പരിമിതപ്പെടുത്തുന്ന പള്ളി പ്രമാണിമാർ. ഭക്തിയിൽ വെള്ളം ചേർക്കുന്നവർക്ക് ഭക്തിമാർഗ്ഗം ആദായസൂത്രം. നന്മ ചെയ്യാതിരുന്നാൽ കുഴപ്പമില്ല. നന്മ ചെയ്യാൻ തുടങ്ങുമ്പോൾ ശത്രുക്കളും ഉയർത്തെഴുന്നേൽക്കും. വ്യവസ്ഥിതിയുടെ സൂക്ഷിപ്പുകാർ തന്നെയാണ് ഏതു നന്മയുടെയും ശത്രുക്കൾ. അഡ്രസ്സില്ലാതിരുന്ന കൂനിക്ക് യേശു വിലാസം നൽകുന്നു. 'അവൾ അബ്രഹാമിന്റെ മകൾ' അബ്രഹാമിന്റെ മകൾ പിശാചിന്റെ കൂനിൽ നിന്നും സ്വാർത്ഥതയുടെയും സങ്കുചിതത്വത്തിന്റെയും കൂനിൽ നിന്നും മാറ്റപ്പെടണം. ഉറൂബിന്റെ "സുന്ദരികളും സുന്ദരന്മാരും'' എന്ന പുസ്തകത്തിൽ "അനിയാ എല്ലാ കാര്യങ്ങളും ഓർത്ത് ഇങ്ങനെ വഷമിക്കാതെ. കുറെ മുകളിലുള്ളവനും കൊടുക്ക്. എല്ലാം നീ തന്നെ ചെയ്യാൻ ശ്രമിച്ചാൽ അദ്ദേഹത്തിന് പണിയില്ലാതെ വരുമല്ലോ.''

**സമിയോ ഞായർ-സഭാദിനം (2014 ഏപ്രിൽ 6) വി. യോഹ. 9:1-41**

ജന്മനാ അന്ധനായിരുന്ന വ്യക്തിക്ക് യേശു തമ്പുരാൻ കാഴ്ച നൽകുന്നതും ആയതിൽ പരീശന്മാരുടെയും അയൽക്കാരുടെയും പ്രതികരണവും കാഴ്ച പ്രാപിച്ചവനും യഹൂദ മതനേതാക്കളുമായുള്ള സംവാദവും അവന്റെ മാതാപിതാക്കളെ വിസ്തരിക്കുന്നതും നാടകീയമായ രീതിയിൽ അവതരിപ്പിക്കുന്നതാണ് ചിന്താവിഷയം.

**1. നൂനതകൾ പരിഹരിക്കുന്ന സൃഷ്ടാവ്**

ദൈവം സൃഷ്ടിച്ചത് നൂനതകളില്ലാതെ ഉല്പത്തിയിൽ ദൈവം സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ മെനഞ്ഞപ്പോൾ ഒരു ന്യൂനതയും ഉണ്ടായിരുന്നില്ല. ദൈവഛായയ്ക്ക് പൂർണ്ണതയുണ്ട്. ന്യൂനതയെന്യേ സൃഷ്ടിക്കപ്പെട്ടു എങ്കിലും പാപം മുഖാന്തിരം ന്യൂനതയുണ്ടാകുന്നു. ആദിയിൽ ദൈവം മണ്ണുകുഴച്ച് മനുഷ്യനെ മെനയുന്നു എങ്കിൽ ഇവിടെയും മണ്ണു കുഴയ്ക്കുന്നത് സൃഷ്ടിയുടെ കുറവ് പരിഹരിക്കാൻ. വിശുദ്ധ ഐറേനിയോസ് "യേശു നിലത്തു തുപ്പി ചേറുണ്ടാക്കി കുരുടന്റെ കണ്ണിൽ പുരട്ടിയത് സൃഷ്ടികർമ്മം നടത്തുന്നതിൽ കൂടി ദൈവത്വം വെളിപ്പെടുത്തുന്നവനാണ് എന്ന് മനസ്സിലാക്കാൻ'' എന്നു പറയുന്നു. മാതാപിതാക്കളുടെ പാപമോ സ്വന്തം പാപമോ അല്ല ദൈവപ്രവർത്തി വെളിപ്പെടുത്തപ്പെടാൻ. സൃഷ്ടാവിന്റെ മഹത്വം സൃഷ്ടിയിലൂടെ വെളിപ്പെടുന്നു. മണ്ണുകൊണ്ട് പരിഹരിക്കേണ്ട വികലതകൾ ഉണ്ട്. ഇന്ന് പ്രകൃതി ചികിത്സകൾ വർദ്ധിച്ചിരിക്കുന്നു. "മണ്ണിൻ വിളവുകൾ പട്ടക്കാരൻ കാഴ്ചയണച്ചു'' എന്ന് വി. കുർബ്ബാനാ സംസർഗ്ഗത്തിലെ ഗീതം മണ്ണിന്റെ അംശമായവന്റെ വികലതകൾ പരിഹരിക്കപ്പെടുന്നത് മണ്ണിന്റെ വിളവുകളിൽകൂടി. വി. കുർബ്ബാനയിൽ യാഗമാക്കപ്പെടുകയും വിഭജിക്കപ്പെടുകയും ചെയ്യുന്ന തിരുശരീരരക്തങ്ങൾ മണ്ണിന്റെ വിളവുകളാകുന്ന ഗോതമ്പപ്പവും വീഞ്ഞും. സൃഷ്ടാവിന്റെ മഹത്വം വെളിപ്പെടുത്താൻ നൂനതയുള്ള സൃഷ്ടി ദൈവസന്നിധിയിലെത്തണം. ശീലോഹാം അയയ്ക്കപ്പെട്ടവനാണ്. യേശുവാണ് അയയ്ക്കപ്പെട്ടവൻ. പിതാവിനാൽ അഭിഷേകം ചെയ്ത് അയയ്ക്കപ്പെട്ടവാണ് യേശു. അയയ്ക്കപ്പെട്ടവനാൽ അയച്ചവരും, അയയ്ക്കപ്പെട്ടവരുമാണ് സൃഷ്ടി. ഒരുവന്റെ കാഴ്ച മറ്റൊരുവന് അന്ധതയായി തോന്നാം, ഒരുവന്റെ സുഖം അപരന് ദുഃഖമാകാം, ഒരുവന്റെ സ്വീകരണം അപരന് തിരസ്കരണവുമാകാം. എങ്ങനെയായാലും സൃഷ്ടിയുടെ നൂനതകൾ സൃഷ്ടാവാം ദൈവം പരിഹരിക്കും.

**2. അന്ധതയിൽ നിന്ന് അത്ഭുത വെളിച്ചത്തിലേക്ക്**

അന്ധകാരത്തിലായിരുന്നവൻ അത്ഭുതകരമായ വെളിച്ചത്തിലേക്ക് വരുന്നു. അന്ധൻ കാഴ്ച പ്രാപിക്കുമ്പോൾ ആത്മീകവും ശാരീരികവുമായ സൗഖ്യവും സ്വാതന്ത്ര്യവും പ്രാപിക്കുന്നു. കണ്ണുകൾക്കു കാഴ്ച കിട്ടി ദൈവപുത്രനെ കണ്ടു തിരിച്ചറിയുന്നു. അറിവില്ലായ്മയുടെ അന്ധതയിൽ നിന്ന് അറിവിന്റെ പ്രകാശത്തിലേക്ക് വരുന്നതായി ഈ അദ്ധ്യായത്തിൽ പറയുന്നു. (യോഹ. 9:11, 12, 17, 25, 31, 33, 38, 39) ഈ അറിവ് പടിപടിയായിട്ടുള്ളതാണ്. യേശുവിനെ അറിയേണ്ടപ്രകാരം അറിഞ്ഞപ്പോൾ സകലരാലും തള്ളപ്പെടുന്നവനെ യേശു സ്വീകരിക്കുന്നു. അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേക്കുള്ള പരിവർത്തനമാണ് ക്രിസ്തീയ രക്ഷ. "നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ.........'' 1 പത്രോ. 2:9. വി. മാമോദീസായിൽ സാത്താനെ ഉപേക്ഷിച്ച് മശിഹായിൽ വിശ്വസിച്ച് കുളിച്ചെഴുന്നേൽക്കുന്ന വ്യക്തി പ്രകാശപൂർണ്ണനായി പ്രകാശവസ്ത്രം ധരിക്കുന്നു. വിശുദ്ധന്മാർക്കുള്ള 'പ്രകാശവലയം' അഥവാ 'മുഖതേജസ്' മാമോദീസായിൽ ഓരോ വിശ്വാസിക്കും ലഭ്യമാകുന്നു.

**3. വിചാരണ ചെയ്യുന്ന വ്യവസ്ഥാപിത നേതൃത്വം**

വ്യവസ്ഥാപിത നേതൃത്വം എല്ലാക്കാലത്തും യാഥാർത്ഥ്യം മറച്ചുവെച്ച് വിചാരണ ചെയ്യുന്ന അവസ്ഥ. കുരുടനെ 'ക്രോസു വിസ്താരം' ചെയ്യുന്ന സമൂഹം. അവനു

ലഭിച്ച സൗഖ്യത്തെക്കാൾ അധികം വിധിയ്ക്കാനുള്ള താല്പര്യം. നേതൃത്വത്തെ ഭയക്കുന്ന മാതാപിതാക്കൾ. സത്യം അറിയാമെങ്കിലും വിചാരണ നേരിടേണ്ടി വരുന്നതിനാൽ വിധികർത്താക്കളെ ഭയക്കുന്നവർ. അയൽക്കാർ പറയുന്നു അന്ധനായിരുന്നവനെ അറിയാം കാഴ്ചപ്രാപിച്ചവനെ അറിയില്ല. വിരോധാഭാസം എത്രയധികം. അവനു പ്രായമുണ്ടല്ലോ എന്നു പറയുന്ന മാതാപിതാക്കളും Escapism - ഒളിച്ചോട്ടം സമൂഹത്തിന്റെ തീരാശാപമാണ്. പ്രതിസന്ധിയും പ്രശ്നവും വരുമ്പോൾ ഒളിച്ചോടുന്നവരും സത്യത്തിനുനേരെ കണ്ണടക്കുന്നവരും യേശുവിന്റെ വിസ്താരത്തിലും ഇപ്രകാരം. പീലാത്തോസ് ചോദിക്കുന്ന ചോദ്യം സത്യം ഏത്. വിധി മുന്നമേ എഴുതിയ ശേഷം തെളിവുകൾ സ്വീകരിക്കുന്ന നീതിപീഠങ്ങൾ. വിധി എഴുതിയശേഷം തെളിവുകൾ തിരയുന്നത് യഥാർത്ഥ നീതിയല്ല. സത്യം പറഞ്ഞാൽ പള്ളി ഭ്രഷ്ഠരാക്കപ്പെടുന്ന അവസ്ഥ ഇന്നും. ഇന്ന് ന്യായാധിപ സമൂഹം അന്നത്തെക്കാൾ അധപതിച്ചിരിക്കുന്നു. കാഴ്ച പ്രാപിച്ചവന്റെ നന്മയിൽ സന്തോഷിക്കാതെ തർക്കവിഷയമാക്കപ്പെടുന്നവർ. യേശു പറഞ്ഞു കുരുടർ കാഴ്ച പ്രാപിക്കും. കാഴ്ചയുണ്ടെന്ന് പറയുന്നവർ അന്ധരും ആകുന്നു. "യേശു പലർക്കും തർക്കവിഷയമാണ്. സഭയും ഇന്ന് പലർക്കും തർക്കവിഷയമാകുന്നു.''

സഭാദിനമായി. കാതോലിക്കാ ദിനമായി ആചരിക്കുമ്പോൾ സഭ പലപ്പോഴും തർക്ക വിഷയമാക്കപ്പെടുന്ന അവസ്ഥ. മലങ്കര സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭയുടെ ഭാഗം. അന്ത്യോഖ്യൻ സഭയുടെ പുത്രീസഭയല്ല മലങ്കര ഓർത്തഡോക്സ് സഭ. 4-ാം നൂറ്റാണ്ടു മുതൽ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടു നിന്ന മലങ്കരസഭ മലങ്കരയിൽ സ്ഥാപിച്ചത് കർത്തൃശിഷ്യനായ തോമാശ്ലീഹാ. തോമയെ ഇന്ത്യയിലേക്കയച്ചത് അന്ത്യോഖ്യൻ സഭാ സ്ഥാപകനോ അന്ത്യോഖ്യൻ പാത്രിയർക്കീസോ അല്ല. യേശുക്രിസ്തുവാണ്. 1660 നു ശേഷമാണ് മലങ്കര സഭ അന്ത്യോഖ്യൻ സഭയുമായി ബന്ധപ്പെടേണ്ടി വന്നത്. സഭകൾ തമ്മിൽ അധീശത്വ മനോഭാവമല്ല വേണ്ടത് മറിച്ച് അംഗീകാര മനോഭാവമാണ്. പൗരോഹിത്യ പദസ്വീകരണത്തിനായി സഭകൾ തമ്മിൽ ബന്ധപ്പെടുന്നത് സഭാചരിത്രത്തിലുടനീളം ദർശിക്കാം. 1912 ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതു മുതൽ സ്വതന്ത്ര അവസ്ഥ ലഭ്യമായി. മലങ്കര സഭയ്ക്ക് ആഭ്യന്തരവും ബാഹ്യവുമായ ശക്തികളുടെ പീഡനം ആരംഭം മുതൽ നേരിടേണ്ടി വന്നിട്ടുണ്ട്. പത്രോസിനു മാത്രം പ്രാധാന്യം എന്നും തോമാശ്ലീഹായ്ക്കോ സഹശിഷ്യർക്കോ സമത്വമില്ല എന്ന പഠിപ്പിക്കൽ ചില വിഭാഗങ്ങൾക്കുണ്ട്. യേശു അപ്രകാരം പറയുന്നില്ല. 12 ശിഷ്യന്മാരും 12 സിംഹാസനങ്ങളിലിരുന്ന് ന്യായം വിധിക്കും എന്ന് പറയുമ്പോൾ അധിശത്വം ഒരു ശ്ലീഹായ്ക്കും യേശു നൽകിയില്ല. സ്വയം അധീശത്വം എടുക്കുന്നത് അംഗീകരിയ്ക്കുകയില്ല പൊതുസമൂഹം. എ.ഡി. 231 ൽ കാതോലിക്ക എന്ന സ്ഥാനപ്പേരുണ്ടാകുന്നു. എ.ഡി. 325 ൽ 100 വർഷത്തിനുശേഷമാണ് പാത്രിയർക്കീസ് സ്ഥാനം പൊതുസഭയിലുണ്ടാകുന്നത്. കാതോലിക്കാ എന്ന വാക്കിനർത്ഥം സാർവ്വത്രിക തലവൻ, പാത്രിയർക്കീസ് എന്ന പദത്തിന് 'പിതാവ്' എന്നുമാത്രം. കാതോലിക്കോസിനു മീതെയല്ല പാത്രിയർക്കീസ്. മാർത്തോമ്മാ പുരോഹിതൻ പോലുമല്ല എന്ന ചിന്തയും ചില വിഭാഗം ഉയർത്തുന്നു. ഉയിർത്ത ക്രിസ്തുവിനെ കാണാനും തിരുമുറിവുകൾ സ്പർശിക്കാനും വിശ്വാസപ്രഖ്യാപനം എന്റെ കർത്താവും ദൈവവും എന്ന് ഏറ്റുപറയുന്ന അവകാശം ലഭിച്ചത് തോമാശ്ലീഹായ്ക്കു മാത്രം. ശിഷ്യന്മാർ എല്ലാവരും ദൈവകൃപയുടെ കൂട്ടവകാശികൾ മാത്രം.

ന്യായവിധേനയും നിയമവിധേനയും മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനാണ് യഥാർത്ഥ കാതോലിക്കാ എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. കാതോലിക്കാ സ്ഥാപനവും 1934 ലെ ഭരണഘടനയും ഉന്നതന്യായാധിപസമൂഹം പൂർണ്ണമായി പ്രഖ്യാപിച്ചിരിക്കുന്നു. പൂർണ്ണസ്ഥാനമാന നാമങ്ങളോടുകൂടിയ യഥാർത്ഥ കാതോലിക്കായ്ക്കു പകരം ഇന്ന് അനർഹ കാതോലിക്കായും അഭിനയ കാതോലിക്കായും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അനർഹകാതോലിക്കായ്ക്കു മുകളിലുള്ള അഭിനയ കാതോലിക്കായ്ക്ക് യഥാർത്ഥ പേരുപോലും പറയാനില്ലാത്ത വിധം കർദ്ദിനാളായും, ആർച്ചു ബിഷപ്പായും, കാതോലിക്കായായും അറിയപ്പെടുമ്പോൾ ഞങ്ങൾ പലരാണ് എന്ന് പറഞ്ഞ ലെഗ്യോനു (മർക്കോ. 5:1-9) സമനായിത്തീരുന്ന വിധിവൈപരിത്യം.

ചരിത്രം പഠിക്കുന്നവർ പറയും തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നു എന്ന്. ക്രിസ്തേതരരും അപ്രകാരം പറയും. എന്നാൽ ക്രിസ്തീയ വിഭാഗത്തിൽ ചിലർ പറയും തോമായല്ല ഞങ്ങളുടെ പിതാവ് എന്ന്. തോമാശ്ലീഹായെ തള്ളിപ്പറഞ്ഞ പലരും ഇപ്പോൾ അധികമായി തോമാശ്ലീഹായെ പുകഴ്ത്തുന്നു. യേശു അവരെക്കുറിച്ചാണ് പറഞ്ഞത്. പിതാക്കന്മാരുടെ അളവു നിങ്ങൾ പൂരിപ്പിക്കുന്നു എന്ന് (മത്താ. 23:29-33).

കുരുടനു കാഴ്ച നൽകിയ ദൈവം സമൂഹത്തിൽ തർക്കവിതർക്കത്തിലായവർക്ക് സുതാര്യത നയനങ്ങൾക്ക് നൽകട്ടെ. കാണാത്തവർ കാണുവാനും കാണുന്നവർ കുരുടർ ആകാനും ന്യായവിധിക്കായി യേശു ഈ ലോകത്തിൽ വന്നു. കാണുന്നു എന്നു പറയുന്നതിനാൽ പാപം നില നിൽക്കുന്നു (യോഹ. 9:39-41). യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് കണ്ണിൽ എഴുതുവാൻ ലേപം വിലയ്ക്ക് നൽകിയ (വെളി. 3:18) ലവദോക്യ സഭയെ ഓർക്കുക. അന്ധതയും ഹ്രസ്വദൃഷ്ടിയും അകറ്റി അകക്കണ്ണു തുറക്കപ്പെട്ട് സഭാമാതാവിന്റെ യഥാർത്ഥ മക്കളായി സഭാ ദിനത്തിൽ സഭയോടു ചേർന്ന് മുന്നേറാം.

**ഓശാന ഞായർ (2014 ഏപ്രിൽ 13) വി. യോഹ. 12:12-19**

വരവേൽപ്പുകൾക്കും ഘോഷയാത്രകൾക്കും സ്വീകരണ മാമാങ്കങ്ങൾക്കും ക്ഷാമമോ, പഞ്ഞമോ ഇല്ലാത്ത കാലഘട്ടം. ചിലത് ശക്തിപ്രകടനമോ വികാരപ്രകടനോപാധികളോ ആകുമ്പോൾ യേശു താനും ഒരിക്കലായി വരവേല്പിനു നിന്നുകൊടുക്കുന്നു. അതി മോടിയേറിയ വാഹനമോ, ഹംസരഥമോ, കൊടിതോരണങ്ങളോ വെടിപടക്കധ്വനികളോ ഒന്നുമില്ലാതെ. വിനയത്തിനും ലാളിത്യത്തിനും അവഗണനയും തിരസ്കരണവുമുള്ള കാലവും പണവും പ്രതാപവും അധികാരവും കാപഠ്യവും മഹത്വമായി അംഗീകരിക്കുന്ന കാലവും, ശക്തിപ്രകടനമല്ലാതെ ഭക്തിപ്രകടനമായിട്ട് കൂലി കൊടുത്ത് വിളിച്ചുകൂട്ടാതെ തനിയെ വന്നുകൂടിയ ജനത്തിന്റെ മദ്ധ്യത്തിലൂടെ ലാളിത്യവും വിനയവുമുള്ള ഒരു ഘോഷയാത്ര. മഹത്വം, സ്തുതിപ്പ്, ഇപ്പോൾ രക്ഷിക്ക തുടങ്ങിയ അർത്ഥമുള്ള ഹോശന്ന എന്നു പാടുന്ന കുറെ ജനങ്ങളും ഒരു കഴുതക്കുട്ടിയും മാത്രമുള്ള എഴുന്നള്ളത്ത്.

**1. രാജാവായ ക്രിസ്തു**

യേശുവിന്റെ രാജകീയ എഴുന്നള്ളത്തിൽ കഴുതക്കുട്ടിയുടെ പുറത്ത് വരുന്ന രാജാവ് സാധാരണ സങ്കല്പത്തിൽ നിന്നും വ്യത്യസ്തവും വിഭിന്നവും. യേശുവിന്റെ തിരുപ്പിറവിയിൽ വാനശാസ്ത്രജ്ഞന്മാർ നക്ഷത്രം കണ്ടപ്പോൾ (മത്താ. 2:2) യേശു രാജാവെന്നു മനസ്സിലാക്കുന്നു. വിദ്വാന്മാർ കാഴ്ചകൾ സമർപ്പിക്കുമ്പോൾ പൊന്നും, മൂരും, കുന്തിരിക്കവും. പൊന്ന് ലോഹങ്ങളുടെ രാജാവും രാജാക്കന്മാർക്കുള്ള കാഴ്ചയും. യേശുവിന്റെ രാജ്യം ഐഹികമല്ല. മുടി വെച്ച് സിംഹാസനത്തിൽ വാഴുകയല്ല ലക്ഷ്യം. "ചരിത്രത്തിലൂടെ അവർ മനസ്സിലാക്കിയ രാജാക്കന്മാർ അനീതിയും അത്യാഗ്രഹവുമുള്ളവരായിരുന്നു. അവർ തങ്ങളുടെ ജനങ്ങളെ വഷളാക്കുന്നവരും ശത്രുക്കൾക്കേല്പിച്ചു കൊടുക്കുന്നവരുമായിരുന്നു. എന്നാൽ ഇതാ വിശ്വസ്ത

തയോടെ അവരുടെ രാജാവു വരുന്നതിനാലാണ് ഭയപ്പെടേണ്ട എന്നു പറഞ്ഞിരിക്കുന്നത്'' എന്ന് സ്വർണ്ണനാവുകാരൻ വി. ഈവാനിയോസ് പറഞ്ഞിരിക്കുന്നു. 'രക്ഷിക്ക നാഥാ ഇപ്പോൾ രക്ഷിക്ക' എന്നർത്ഥമുള്ള 'Save O' Save - SOS Message" എന്നത് അടിമത്വത്തിലുള്ള യഹൂദ ജനതയുടെ യഹോവയോടുള്ള പ്രാർത്ഥനയും സന്ദേശവുമായിരുന്നു. രാജാക്കന്മാരെ എതിരേല്ക്കുന്നത് വിവിധ ഭാഗങ്ങളിൽ കാണാം (2 രാജാ. 9:13; 1 ശമു. 10:27). "ഞാൻ സൗമ്യതയും താഴ്മയുമുള്ളവനാകയാൽ എന്റെ നുകം ഏറ്റ് എന്നോടു പഠിയ്ക്ക..... കണ്ടെത്തും'' (മത്താ. 11:29) ജനനേതാക്കൾ രാജാവിനെ സ്വീകരിക്കാൻ മടിച്ചപ്പോൾ ജനവും പ്രകൃതിയും ആഘോഷപൂർവ്വം സ്വീകരിക്കുന്നു. വരുന്നവൻ കൈസറല്ല, ഹേറോദേസല്ല, സാധാരണക്കാരൻ മാത്രം എന്ന് ജനനേതാക്കൾ വിലക്കുന്നു. രാജോചിത പ്രവേശനത്തിൽ (Royal entry) ഓരോ വ്യക്തിയുടെയും ഹൃദയസിംഹാസനസ്ഥനാകുന്ന യേശുവിന്റെ രാജത്വം അംഗീകരിച്ച് അവനാൽ ഭരിക്കപ്പെടുന്നവനാകുക.

**2. സമാധാനപ്രഭുവായ ക്രിസ്തു**

യേശുക്രിസ്തുവിന് ഏതാണ്ട് 800 വർഷം മുമ്പ് സഖര്യാവ് (9:9) പ്രവചിച്ചു "അവൻ നീതിമാനും ജയശാലിയുമായി കഴുതപ്പുറത്തു കയറിവരുന്നു. സമാധാന പ്രഭുവായി വന്ന യേശു സമാധാനദൗത്യവുമായി കഴുതപ്പുറത്താണ് പ്രവേശിക്കുന്നത് (ഉല്പ. 49:11; മത്താ. 21:4).പൗരസ്ത്യ രാജാക്കന്മാർ സാധാരണ കുതിരയെ വാഹനമാക്കുന്നു. സമാധാന കാലത്തും സമാധാന ദൗത്യത്തിനും കഴുതയെ വാഹനമാക്കുന്നു. യേശുവിന്റെ എഴുന്നള്ളത്ത് സമാധാനത്തിന്റേതാണ്. ലോകപ്രകാരമുള്ള സമാധാനമല്ല, യേശു സമാധാന പ്രഭു എന്ന് പ്രവാചകൻ മുന്നമെ പറയുന്നു. (യെശ. 9:6) സമാധാനമാർഗ്ഗത്തിലൂടെ രാജ്യം സ്ഥാപിക്കാൻ ജനിച്ച യേശു വാളെടുത്തു യുദ്ധം ചെയ്യുന്നവനല്ല. യേശുവിന്റെ സമാധാനം കഷ്ടപ്പെടുന്ന ദാസന്റെയും കുരിശു വഹിക്കുന്ന മാർഗ്ഗത്തിലും (മത്താ. 3:16; യെശ. 42:1) എന്റെ രാജ്യം ഐഹികമല്ല എന്നു പറയുമ്പോൾ ലോകസമാധാനമോ ലോകപ്രഭുത്വമോ അല്ല. പ്രാവും ഒലിവിലയും സമാധാനത്തിന്റെ ചിഹ്നം. നോഹയുടെ കാലത്ത് ജലപ്രളയം അറിയിക്കുന്നതും യേശുവിന്റെ മാമോദീസായിലും പ്രാവും ഒലിവിലയും ശാന്തിയുടെ സന്ദേശമായി. മനുഷ്യന്റെ അന്തമില്ലാത്ത അന്വേഷണം സമാധാനത്തെക്കുറിച്ചാണ്. ചുവർ ചിത്രത്തിൽ മുക്കാൽഭാഗം വെള്ളമുള്ള ഗ്ലാസ്സും, ഭരണിയിൽ മത്സ്യവും ഇരുവശത്തും രണ്ടു പൂച്ചകളും. അതിലെ വാചകം 'The Lord will protect me' വെള്ളത്തിൽ കിടക്കുന്നിടത്തോളം മത്സ്യം സുരക്ഷിതം. മനുഷ്യന് സുരക്ഷിതത്വം നഷ്ടമായി അരക്ഷിതാവസ്ഥയായിരിക്കുന്ന ഈ കാലത്ത് ദൈവസന്നിധിയിൽ യഥാർത്ഥശാന്തി. ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം ലഭ്യം.

**3. വിമോചകനായ ക്രിസ്തു**

സ്വാതന്ത്ര്യം പ്രാപിക്കലാണ് വിമോചനവും വീണ്ടെടുപ്പും. കടിഞ്ഞൂലായത് എല്ലാം യഹോവയ്ക്കായി വേർതിരിയ്ക്കപ്പെട്ടത് എന്നാൽ കഴുതയുടെ കടിഞ്ഞൂലിനെ ദൈവസന്നിധിയിൽ സമർപ്പിതമല്ല. അതിനെ കുഞ്ഞാടിനാൽ വീണ്ടെടുക്കപ്പെടണം (പുറപ്പാ. 13:1, 13). കഴുത ശപിക്കപ്പെട്ട മൃഗം. അതിന് വിമോചനം വേണം. യേശു കഴുതയെ സ്വീകരിക്കുന്നത് അതിന് വിമോചനം നൽകാൻ. മിസ്രയീമ്യ ദാസ്യത്തിൽ നിന്നും പാപദാസ്യത്തിൽ നിന്നും യിസ്രായേല്യരെ വീണ്ടെടുക്കുന്നു. ബാബേൽ പ്രവാസത്തിൽ നിന്നും വീണ്ടുകൊള്ളുന്നു. (പുറ. 6:6, 15:13; യെശ. 43:1, 44:22, 52:9) റോമൻ ആധിപത്യത്തിൽനിന്ന് യഹൂദരെ വിമോചിപ്പിക്കുന്നവനായി മശിഹായെ പ്രതീക്ഷിച്ചു. യേശുവിനെ അപ്രകാരം അംഗീകരിക്കുന്നില്ല. എന്റെ രാജ്യം ഐഹികമല്ല എന്നു പറയുന്ന യേശു സേവകരാൽ പോരാടപ്പെടുന്നില്ല. യേശുവിന്റെ ക്രൂശീകരണം മനുഷ്യനെ പാപാടിമത്വത്തിൽ നിന്നും വിമോചിപ്പിക്കാൻ. മനുഷ്യന്റെ അടിസ്ഥാനാവശ്യവും പാപമോചനമാണ് (മത്താ. 20:28). ആരും ഒരിക്കലും കയറാത്ത കഴുത. കഴുതയും യജമാനനാവശ്യമുള്ളതു തന്നെ. പുരുഷാരത്തെ കണ്ടിട്ടും ആരവം കേട്ടിട്ടും മെരുക്കത്തോടെ നിൽക്കുന്ന കഴുത. യേശു കൂടെയുണ്ടെങ്കിൽ കഴുതയ്ക്കും മാന്യതയുണ്ട്. യേശുവിലൂടെ അധമമായതിനു മോചനം. യേശുവിന്റെ കല്ലറയും, യേശുവിനെ വഹിച്ച ഉദരവും ആരും മുൻപ് ഉപയോഗിക്കാത്തത് എന്ന് വ്യക്തം. ദൈവത്തിനായി പൂർണ്ണമായി ഏല്പിച്ചു കൊടുത്താൽ പൂർണ്ണമോചനം ലഭ്യമാകും. ഭാഗികമായ വീണ്ടെടുപ്പല്ല ആവശ്യം. വി. കുമ്പസാരം പൂർണ്ണ വിടുതലിന്. ഭാഗികമായ മോചനമല്ല ലഭ്യമാക്കേണ്ടത്.

രാജകീയ വരവേല്പിനൊടുവിൽ യേശു പ്രവേശിക്കുന്നത് രാജധാനിയിലേക്കല്ല. ദേവാലയത്തിലേക്ക്. യേശുവിന്റെ രാജധാനി ദേവാലയമാണ്. അതിലെ മാലിന്യവും ക്രമക്കേടും യേശു നീക്കുന്നു. യേശു പറയുന്നു ദേവാലയം പ്രാർത്ഥനാലയം. കള്ളന്മാരുടെ ഗുഹ ആക്കുവാനല്ല. ശുദ്ധീകരണപ്രക്രിയ നിർവ്വഹിക്കുന്നു. യേശു നമ്മുടെ ഹൃദയമാകുന്ന ആലയത്തിൽ പ്രവേശിച്ചാൽ പൂർണ്ണ ശുദ്ധീകരണം വരുത്തും. നിർമ്മിതി ദേവാലയങ്ങളും മനുഷ്യനാകുന്ന ദേവാലയവും (1 കോരി. 3:16,17) നിരന്തരം ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. ഒരിക്കലായി വി. മൂറോനാൽ വിശുദ്ധീകരിക്കപ്പെട്ട ദേവാലയത്തിൽ നിന്നും വി. മാമോദീസായാൽ വി. മൂറോനോടുകൂടി ശുദ്ധീകരിക്കപ്പെട്ട ദേവാലയത്തിൽ നിന്നും അന്ധകാര വ്യാപാരങ്ങൾ മാറ്റണം. അതിനാണ് വി. കുമ്പസാര കൂദാശ. ദേവാലയം മാർക്കറ്റു ചെയ്യാനുള്ളതല്ല. ലാഭവിഹിതങ്ങളുടെ കണക്കെഴുത്തുമല്ല. ആർത്തഹൃദയങ്ങളുടെ ആധിപരിഹാരമാകണം ദേവാലയം. ⊙

# സൺഡേ സ്കൂൾ സുവർണ്ണ ജൂബിലി മേഖലാ സമ്മേളനം

ചെങ്ങന്നൂർ–: പൗരസ്ത്യ ഓർത്തഡോക്സ് സൺഡേ സ്കൂൾ അസോസിയേഷന്റെ മാവേലിക്കര, ചെങ്ങന്നൂർ, നിലയ്ക്കൽ, തുമ്പമൺ ഭദ്രാസനങ്ങളുടെ സുവർണ്ണ ജൂബിലി മേഖലാ സമ്മേളനം ചെങ്ങന്നൂർ ബഥേൽ മാർ പീലക്സിനോസ് നഗറിൽ നടന്നു. ശനിയാഴ്ച ഉച്ചയ്ക്ക് 1.30 ന് ആരംഭിച്ച സമ്മേളനത്തിന് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനം മലങ്കര ഓർത്തഡോക്സ് സഭാ അധിപൻ പരിശുദ്ധ. ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവ ഉത്ഘാടനം ചെയ്തു. തുമ്പമൺ ഭദ്രാസനാധിപൻ കുറിയാക്കോസ് മാർ ക്ലീമ്മിസ്, നിലയ്ക്കൽ ഭദ്രാസനാധിപനും മാവേലിക്കര സഹായ മെത്രാപ്പോലീത്തയുമായ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായും അനുഗ്രഹ പ്രഭാഷണം നടത്തി. റവ. ഫാ ഒ തോമസ് മുഖ്യ സന്ദേശം നല്കി. ഫാ. ഡോ. റ്റി ജെ ജോഷ്വാ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ഫാ. ജോസ് തോമസ്, ഫാ കെ വി തോമസ്, ഫാ ജോസ് കുന്നുംപുറത്ത്, പ്രൊഫ. ബാബു വർഗ്ഗീസ്, ജോൺ കെ മാത്യു, ജി വർഗ്ഗീസ് കാവുംപുറം തുടങ്ങിയവർ ആശംസകൾ അറിയിച്ചു.





# നോമ്പിന്റെ ലാളിത്യം

സ്നേഹമുള്ള കൂട്ടുകാരെ,

പരിശുദ്ധമായ വലിയ നോമ്പിലേക്ക് നാം കടന്നിരിക്കുന്നു. സ്വഭാവത്തിലും, ജീവിതത്തിലും, ദിന ചർച്ചയിലും കാര്യമായ മാറ്റം വരുത്തി ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുവാനുള്ള ദിവസങ്ങൾ.

മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളാണ് നോമ്പാചരണത്തിൽ ശ്രദ്ധപുലർത്തേണ്ടത് എന്നാണ് എന്റെ പക്ഷം. കാരണം ഭാവി ജീവിതം ദൈവാനുസൃതമാക്കുവാനുള്ള ഊർജ്ജം സ്വരൂപിക്കുന്നത് നോമ്പുകളിലാണ്. നമ്മുടെ സ്വഭാവത്തിലും മറ്റുള്ളവരോടുള്ള സമീപനത്തിലും നല്ല നിലവാരം പുലർത്തുവാൻ കൂട്ടുകാർ പ്രത്യേകം ശ്രദ്ധിക്കണം.

സ്വാഭിമാനത്തിലും അഹന്തയിലും മതി മറക്കുന്ന ചില മനുഷ്യർ മറ്റു മനുഷ്യരെ നിന്ദ്യമായും നികൃഷ്ടമായും കരുതി അവഹേളിക്കയും ശിക്ഷിക്കയും ചെയ്യുന്നത് നമ്മുടെ സമൂഹത്തിൽ ധാരാളം കാണുന്നു.

ഒരു മനുഷ്യന്റെ ഒരു ജോഡി ചപ്പൽ കാണാതെ പോയപ്പോൾ അത് അറിയാതെ എടുത്തുകൊണ്ടുപോയ വൃദ്ധനായ മനുഷ്യനെ ഉപദ്രവിച്ചശേഷം ആ ചെരുപ്പുകൾ തലയിൽ വച്ചുകൊണ്ട് റോഡിലൂടെ നടത്തിച്ച ഒരുവന്റെ കാര്യം അടുത്തകാലത്ത് പത്രത്തിൽ വായിച്ചു. ഒരു ചെരുപ്പിന്റെ വിലപോലും സഹോദരനു കല്പിക്കാത്ത സമൂഹത്തിൽ മാനുഷിക മൂല്യങ്ങൾ മനസ്സിലാക്കുവാൻ നമുക്കു കഴിയണം. വളർത്തു നായ്ക്കളെ പിൻസീറ്റിൽ ഇരുത്തി യാത്ര ചെയ്യുന്ന വിലകൂടിയ കാറിൽ ഒരു പിച്ചക്കാരനോ സഹായം അഭ്യർത്ഥിക്കുന്നവനോ തൊട്ടുനോക്കിയാൽ ശകാര വർഷങ്ങൾ ചൊരിയുന്ന മനുഷ്യരും വിരളമല്ല. വളർത്തു മൃഗങ്ങളെക്കാൾ വിലകുറഞ്ഞവനായി സഹോദരനെ കാണുന്ന മനുഷ്യസമൂഹം. നോമ്പാചരണത്തെപ്പറ്റി നമ്മുടെ പ്രാർത്ഥനകളിൽ വിവിധങ്ങളായ നിർദ്ദേശങ്ങൾ ഉണ്ട്. പ്രാർത്ഥനകളും ഉപവാസവും പരമപ്രധാനമായ കാര്യമാണെങ്കിലും മറ്റുള്ളവനെ കരുതുക എന്നതാണ് ദൈവസ്നേഹത്തിന്റെ പ്രാവർത്തികമായ നിർദ്ദേശം.

കുട്ടികൾ നോമ്പുകാലങ്ങളിൽ അർഹിക്കുന്നവരെ സഹായിക്കുവാൻ പ്രത്യേകമായി ശ്രമിക്കണം. അത്യാവശ്യമല്ലാത്ത കാര്യങ്ങൾക്കായി വിനിയോഗിക്കുന്ന പണം ഈ അൻപതു ദിവസങ്ങളിൽ പ്രത്യേകം മാറ്റിവയ്ക്കണം. അത് സ്വരൂപിച്ച് നിങ്ങളുടെ ക്ലാസ്സിലോ സ്കൂളിലോ പഠിക്കുന്ന സഹായം അർഹിക്കുന്ന കുട്ടികൾക്ക് പ്രയോജനപ്രദമായി ഉപയോഗിക്കുവാൻ നൽകണം. നിങ്ങൾ സ്വരൂപിച്ച് ഇങ്ങനെ നൽകുന്ന പണം നിശ്ചയമായും ഭാവിയിലേക്ക് നിക്ഷേപിക്കുന്ന ഒരു സ്വർഗ്ഗീയ സമ്പാദ്യമായിരിക്കും.

കൂട്ടുകാരെ,

കഴിയുന്ന നല്ല കാര്യങ്ങൾ ചെയ്യുക. അതിനുശേഷം പ്രാർത്ഥിക്കുക: "നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ടവനായ മശിഹാ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യേണമേ ! ഇതാണ് യഥാർത്ഥ നോമ്പ്.

ദൈവം അനുഗ്രഹിക്കട്ടെ !

സ്നേഹത്തോടെ

**ആനിച്ചേച്ചി**




**പാഠപുസ്തകങ്ങൾ**

നേഴ്സറി മുതൽ 7-ാം ക്ലാസ് വരെയും 11, 12 ക്ലാസ്സുകളിലെയും പുസ്തകങ്ങൾ പുതുക്കിയതാണ് ഈ വർഷം ഉപയോഗിക്കുന്നത്. 8,9,10 ക്ലാസ്സുകളിലെ പുതിയ പുസ്തകങ്ങൾ അടുത്ത അദ്ധ്യയന വർഷം പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**സണ്ടേസ്കൂൾ/ജീവകാരുണ്യ ദിനങ്ങൾ**

2014 ജൂൺ 1-ാം തീയതി ഞായറാഴ്ച സണ്ടേസ്കൂൾ ദിനമായി ആചരിക്കേണ്ടതാണ്. സ്തോത്രകാഴ്ചയും കവർ പിരിവും കഴിഞ്ഞ വർഷത്തേക്കാൾ വിജയപ്രദമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ജനുവരി 19-ാം തീയതി ജീവകാരുണ്യദിനമായി ആചരിച്ചുവല്ലോ. അദ്ധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും സ്വരൂപിച്ച തുക ഇൻസ്പെക്ടർ മുഖാന്തിരം കേന്ദ്ര ഓഫീസിൽ എത്തിക്കുവാനും നടപ്പുവർഷത്തെ കണക്കിൽ ഉൾപ്പെടുത്തുവാനും തക്കവണ്ണം അടയ്ക്കേണ്ടതാണ്.

**O.V.B.S**

O.V.B.S ഗാനപരിശീലനം മാർച്ച് 28, 29 തീയതികളിൽ ബഥേൽ അരമന ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. ഗാനപരിശീലനത്തിന് പങ്കെടുക്കുന്നവരുടെ ഫോട്ടോയും പേരും വികാരിയുടെയും പ്രഥമാദ്ധ്യാപകരുടെയും റെക്കമെന്റേഷനോടൊപ്പം ഡയറക്ടറെ ഏല്പിക്കേണ്ടതാണ്.

O.V.B.S സീനിയർ ക്ലാസ്സുകളിൽ (ഇന്റർമീഡിയേറ്റ്, സീനിയർ സെക്കന്ററി) പഠിക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേകമായ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നതിനാൽ അവർക്ക് ക്ലാസ്സുകൾ യൂണിറ്റ് തലത്തിലെടുക്കുവാൻ തക്കവണ്ണം ഒരു അദ്ധ്യാപകനെ 29-ാം തീയതി രാവിലെ 10 മണി മുതൽ ഒരു മണി വരെ നടത്തപ്പെടുന്ന ക്ലാസ്സിൽ പങ്കെടുപ്പിക്കേണ്ടതാണ്.

**സണ്ടേസ്കൂൾ ജൂബിലി കളക്ഷൻ**

അഭിവന്ദ്യ തിരുമേനിയുടെ കല്പനപ്രകാരം ഓരോ വിദ്യാർത്ഥികളിൽനിന്നും 25/- രൂപ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ വഴി ഡയറക്ടറെ ഏല്പിക്കേണ്ടതാണ്. മേയ് അവസാനത്തോടെ ഭദ്രാസനതലത്തിൽ ലഭ്യമാക്കാൻ ശ്രമിക്കുമല്ലോ.

**സണ്ടേസ്കൂൾ മേഖലാ ജൂബിലി സമ്മേളനം**

തുമ്പമൺ, ചെങ്ങന്നൂർ, മാവേലിക്കര, നിലയ്ക്കൽ ഭദ്രാസനങ്ങളുടെ മേഖലാ സമ്മേളനം 2014 മാർച്ച് 8 ശനിയാഴ്ച 2 മണി മുതൽ ബഥേൽ അരമനയോട് ചേർത്ത് തയ്യാറാക്കിയ 'മാർ പീലക്സിനോസ് നഗറി'ൽ വച്ച് നടത്തപ്പെട്ടു. ബഹു. ഡോ. റ്റി.ജെ. ജോഷ്വാ അച്ചൻ പങ്കെടുത്ത അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബൈബിൾ ക്ലാസ്സ് എടുത്തു.

തുടർന്ന് നടന്ന ജൂബിലി പൊതുസമ്മേളനം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് ഉത്ഘാടനം ചെയ്തു. തുടർന്ന് അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് എന്നീ തിരുമേനിമാർ അനുഗ്രഹ പ്രഭാഷണം നടത്തുകയും ബഹു. ഡോ. ഒ. തോമസച്ചൻ മുഖ്യസന്ദേശം നൽകുകയും ചെയ്തു.

ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ഫാ. കെ.വി. തോമസ് പബ്ലിക്കേഷൻ ഓഫീസർ, പ്രൊഫ. ബാബു വർഗ്ഗീസ് (തുമ്പമൺ), ശ്രീ. ജോൺ കെ. മാത്യു (മാവേലിക്കര), ഫാ. തോമസ് കുന്നുംപുറം (നിലയ്ക്കൽ) എന്നിവർ ആശംസകൾ അർപ്പിച്ചു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോസ് തോമസ് സ്വാഗതവും കൺവീനർ ജി. വർഗ്ഗീസ് കാവുംപുറം കൃതജ്ഞതയും രേഖപ്പെടുത്തി.

ഏകദേശം 1500 ൽപ്പരം അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്ത് വിജയിപ്പിച്ചു. ഈ സുവർണ്ണ ജൂബിലി സമ്മേളനത്തിന് സഹായിച്ച ഏവർക്കും പ്രത്യേകിച്ച് വിവിധ ഭദ്രാസനങ്ങളിലെ സണ്ടേസ്കൂൾ വൈസ് പ്രസിഡന്റ്, ഡയറക്ടർ, കൗൺസിൽ അംഗങ്ങൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഇടവക വികാരിമാർ, പ്രത്യേകിച്ച് ഭദ്രാസന മെത്രാപ്പോലീത്താമാർ എന്നിവരോടുള്ള നന്ദി പ്രത്യേകമായി മേഖലാ സമ്മേളനത്തിന്റെ പേരിൽ നന്ദി അറിയിക്കുന്നു.

**ജി. വർഗീസ് കാവുംപുറം** (ഡയറക്ടർ)

## സ്വീകരണം നൽകി

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പ്രാർത്ഥനായോഗത്തിന്റെ കേന്ദ്ര ജനറൽ സെക്രട്ടറിയായി നിയമനം നൽകിയ പിരളശ്ശേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസനപ്പള്ളി വികാരി റവ. ഫാ. ഗീവർഗീസ് ജോണിന് സെന്റ് തോമസ് പ്രാർത്ഥനായോഗം സ്വീകരണം നൽകി. പ്രസ്തുത മീറ്റിംഗിൽ റവ. ഫാ. കെ.ഒ. തോമസ് അദ്ധ്യക്ഷത വഹിക്കുകയും സജി ഒലേപ്പുറത്ത്, നൈനാൻ മാത്യു, എം.എം. ജോൺ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ഹരിതപത്രിക

# ഉദ്യാന ചികിത്സ
## (Horticultural Therapy)

സമ്പാ: പി.എ. ഐസക്ക്, കുറ്റൂർ

**ഉദ്യാന ചികിത്സ എന്നാലെന്ത്?**

ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും, ആത്മീയവുമായ പരിരക്ഷണത്തിന് ഉതകുന്ന ഒരു ചികിത്സാ സമ്പ്രദായമാണിത്. പ്രഥമദൃഷ്ട്യാ സരളമെന്നു തോന്നുമെങ്കിലും അനായാസമായി ഈ ചികിത്സാരീതിയെ നിർവ്വചിക്കാൻ കഴിയില്ല. നിരവധി ചികിത്സാ സമ്പ്രദായങ്ങൾ ഇന്ന് നിലവിലുണ്ട്. അതോടൊപ്പം തന്നെ ഉദ്യാന ചികിത്സയും ഒരു ചികിത്സാ രീതിയായി പഴയകാലം മുതലേ തുടർന്നു വരുന്നു. നൂറ്റാണ്ടുകൾക്കു മുമ്പു തന്നേ അമേരിക്കൻ ജനതയ്ക്ക് (Native American) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഗാഢമായ ബന്ധത്തെക്കുറിച്ച് അവബോധം ഉണ്ടായിരുന്നു. ഇന്ന് സംഭവിക്കുന്നത് പുതിയ സാങ്കേതിക ചികിത്സാ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതോടൊപ്പം വ്യത്യസ്തമായ ചികിത്സാ സമ്പ്രദായങ്ങളും അവലംബിക്കുന്ന ഉദ്യാന ചികിത്സാ സമ്പ്രദായം ആശ്ചര്യകരമായ ഫലം പ്രദാനം ചെയ്യുന്നു.

ഉദ്യാന ചികിത്സാ സമ്പ്രദായം വ്യക്തികളുടെ ശാരീരികവും, മാനസികവും, ആത്മീകവുമായ ആരോഗ്യ സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുന്നു എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. നിരന്തരമായി യാതനകൾ അനുഭവിക്കുന്നവർക്കും, അപായങ്ങൾ സംഭവിച്ചവർക്കും വേണ്ടിയുള്ള ഒരു സാന്ത്വന സംരംഭമാണ് ഹോർട്ടികൾച്ചറൽ തെറാപ്പി. കൂടാതെ ശാരീരകമായും മാനസികമായും വൈകല്യമുള്ളവർക്കും പ്രായാധിക്യത്താൽ വിഷമം അനുഭവിക്കുന്നവർക്കും ഒരു സാന്ത്വന സ്പർശമായി ഈ ചികിത്സാ രീതി പ്രയോജനപ്പെടും എന്നതിൽ സംശയമില്ല.

വ്യക്തികളെ കർമ്മനിരതരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോർട്ടികൾച്ചറൽ തെറാപ്പി രൂപകല്പന ചെയ്തിട്ടുള്ളത്. വ്യക്തികളുടെ കഴിവുകളെ വികസിപ്പിച്ചെടുക്കുന്നതിനും ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന സംഭവവികാസങ്ങളെ സധൈര്യം നേരിടുന്നതിനും ഉദ്യാനചികിത്സാ സമ്പ്രദായം പ്രയോജനപ്പെടുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

*തുടരും...*

## ചെങ്ങന്നൂർ കൺവൻഷൻ

7-ാ മത് ഭദ്രാസന കൺവൻഷൻ മാർച്ച് 05 മുതൽ 08 വരെ ബഥേൽ അരമന അങ്കണത്തിലെ മാർ പീലക്സിനോസ് നഗറിൽ നടന്നു. 'ക്രൈസ്തവ സാക്ഷ്യം ജീവിതത്തിലൂടെ' എന്നതാണ് മുഖ്യചിന്താവിഷയം. സന്ധ്യാ നമസ്കാരം, സുവിശേഷ റാലി, ഗാനശുശ്രൂഷ എന്നിവയ്ക്കു ശേഷം കൊട്ടാരക്കര – പുനലൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ തേവോദോറോസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ഇടവക മെത്രാപ്പോലീത്ത തോമസ് മാർ അത്താനാസിയോസ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. വചനശുശ്രൂഷ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. വൈദിക സമ്മേളനത്തിൽ വൈദിക സെമിനാരി മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. കെ.എം ജോർജ്ജ് മുഖ്യ പ്രഭാഷണം നടത്തി. കർഷക സംഗമം ബഹു. കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി കൊടിക്കുന്നിൽ സുരേഷ് ഉത്ഘാടനം ചെയ്തു. തുടർന്ന് മാലിന്യ നിർമ്മാർജനം, അടുക്കളത്തോട്ട പരിപാലനം എന്നീ വിഷയത്തെ ആസ്പദമാക്കി പി. എ ഐസക് ക്ലാസ്സ് എടുത്തു. സന്ധ്യാ നമസ്കാരം തുടർന്ന് ഗാന ശുശ്രൂഷ, വചനശുശ്രൂഷ എന്നിവ നടന്നു. വചന ശുശ്രൂഷ വെരി റവ. ജോസഫ് ശാമുവേൽ കറുകയിൽ കോർ എപ്പിസ്കോപ്പ നിർവ്വഹിച്ചു. കുടുംബനവീകരണധ്യാനത്തിൽ പ്രീതി എബ്രഹാം ഇലഞ്ഞിക്കൽ ധ്യാനം നയിച്ചു. സന്ധ്യാ നമസ്കാരം തുടർന്ന് ഗാന ശുശ്രൂഷ, വചനശുശ്രൂഷ എന്നിവ നടന്നു. വചനശുശ്രൂഷ പ്രൊഫ. ഇട്ടി വർഗ്ഗീസ് (പ്രിൻസിപ്പാൾ, സെന്റ് സിറിൾസ് കോളേജ്, അടൂർ) നിർവ്വഹിച്ചു. തുടർന്ന് 8.15 ന് അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകി. വി.കുർബ്ബാന, തുടർന്ന് നടന്ന കുട്ടികളുടെ സംഗമത്തിൽ റവ. ഫാ. ഐസക് ബി. പ്രകാശ് മുഖ്യ പ്രഭാഷണം നടത്തി. എല്ലാ ദിവസവും സമർപ്പണ പ്രാർത്ഥനയും സ്തോത്ര കാഴ്ചയും ഉണ്ടായിരുന്നു. ഗാന ശുശ്രൂഷയ്ക്ക് ഫിലോക്സ് സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് നേതൃത്വം നൽകി. ഭദ്രാസനത്തിലെ 51 ദേവാലയങ്ങളിൽ നിന്നായി വിശ്വാസികൾ കൺവൻഷൻ യോഗങ്ങളിൽ പങ്കെടുത്തു.



# ഭദ്രാസന വാർത്തകൾ

പരിശുദ്ധമായ വലിയ നോമ്പിന്റെ ഈ ദിനങ്ങളിൽ പൂർണ അനുതാപത്തോടും ആത്മസമർപ്പണത്തോടും വിശുദ്ധിയോടും ജീവിക്കാൻ സർവ്വശക്തൻ എല്ലാവരെയും ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സർവ്വ ശക്തന്റെ മഹാകരുണയാൽ മാർച്ച് 10-ാം തീയതി ചെങ്ങന്നൂർ ഭദ്രാസനം രൂപീകൃതമായിട്ട് 29 വർഷം തികയുന്നു. ഇന്നയോളം വഴി നടത്തിയ ദൈവത്തെ നമുക്ക് സ്തുതിക്കാം പുതിയ കാൽവയ്പുകളുമായി വരുംകാലങ്ങളിൽ സഭയുടെ യശസ്സ് ഉയർത്തി നമ്മുടെ ഭദ്രാസന പ്രവർത്തനങ്ങൾ മുൻപോട്ട് പോകുവാൻ ദൈവം തമ്പുരാൻ നമ്മേ സഹായിക്കട്ടെ.

7-ാമത് ഭദ്രാസന കൺവൻഷൻ അനുഗ്രഹകരമായി നടത്താൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. വിവിധ ക്രമീകരണങ്ങളിൽ സഹകരിച്ച ഭദ്രാസന വൈദീക സംഘം, കൗൺസിൽ സുവിശേഷസംഘം വിവിധ ഇടവകയിൽ നിന്നും പങ്ക് എടുത്ത വിശ്വാസികൾ ഇതിനായി അല്പമായും അധികമായും സഹായിച്ചവർ വിജയത്തിനായി പ്രവർത്തിച്ചവർ അദ്ധ്വാനിച്ചവർ എല്ലാവരോടും ഉള്ള നന്ദി അറിയിക്കുന്നു.

കൺവൻഷനെ തുടർന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള പുസ്തകങ്ങൾ അണിനിരത്തി ഭദ്രാസനത്തിന്റെ ഒരു പുസ്തകമേള നടത്താൻ സാധിച്ചു. അതിനായി സഹകരിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു.

മാർച്ച് 12-ാം തീയതി നടന്ന ഭദ്രാസനദിന കവർ പിരിവ് സ്വീകരണ യോഗത്തിൽ പങ്കെടുക്കുകയും സംഭാവനകൾ നൽകി സഹായിച്ച ഇടവകകളോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.

മാർച്ച് 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.30ന് നടക്കുന്ന കാതോലിക്കാ ദിന കവർ വിതരണ യോഗത്തിൽ ഇടവകയിൽ നിന്നും വികാരിമാർ, ട്രസ്റ്റി, സെക്രട്ടറി, മറ്റ് ചുമതലക്കാർ സംബന്ധിക്കുവാൻ ശ്രദ്ധിക്കണമേ. മാർച്ച് 31 ന് ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനാൽ മാർച്ച് 20 ന് മുമ്പായി ഭദ്രാസന ഓഫീസിൽ അടക്കേണ്ട വരുമാനങ്ങൾ അടച്ച് രസീത് വാങ്ങുവാൻ ബഹു. ട്രസ്റ്റിമാർ ശ്രദ്ധിക്കേണമെന്ന് അറിയിക്കുന്നു.

സ്നേഹാദരപൂർവ്വം,

**ഫാ.തോമസ് കൊക്കാപ്പറമ്പിൽ**


(മെത്രാസന സെക്രട്ടറി)

# അഭിനന്ദനങ്ങൾ



ബാംഗ്ലൂർ രാജീവ് ഗാന്ധി സർവ്വകലാശാലയിൽ നിന്നും രണ്ടാം വർഷ പോസ്റ്റ് B.Sc Nursing ൽ ഫസ്റ്റ് റാങ്ക് നേടിയ വിജി മനു. കുട്ടംപേരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം മനു മാത്യുവിന്റെ ഭാര്യയും സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് ഇടവകാംഗങ്ങളായ പള്ളിവാതുക്കൽ ചാക്കോ പി. കുര്യന്റെയും കുഞ്ഞമ്മ കുര്യന്റെയും മകളുമാണ്.

ഗോവയിൽ വച്ച് 2014 ജനുവരി 23-27 വരെ നടന്ന ലുസോഫോണിയ (Lusofonia) രാജ്യാന്തര കായിക മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് 4x1100 റിലേയിൽ വെള്ളി മെഡലും, ബാംഗ്ലൂരിൽ വച്ച് 2013 നവംബറിൽ നടത്തിയ ദേശീയ ജൂനിയർ കായികമത്സരത്തിൽ 100 മീറ്റർ ഓട്ടത്തിൽ വെങ്കലവും, 4x100 റിലേയിൽ സ്വർണ്ണവും നേടിയ അജിത് ഇട്ടി വർഗീസ്. നെല്ലിമല മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗവും, കുറ്റിയിൽ ശ്രീ. ജോർജ്ജ് വർഗ്ഗീസിന്റെ മകനുമാണ്.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് മർത്തമറിയം വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മത്സരങ്ങളിൽ ഭദ്രാസനതലത്തിൽ പ്രസംഗത്തിനും, ക്വിസിനും ഒന്നാം സ്ഥാനവും. അഖില മലങ്കര അടിസ്ഥാനത്തിൽ പ്രസംഗത്തിന് മൂന്നാം സ്ഥാനവും ലഭിച്ച ശ്രീമതി മിനി ജോൺ, മെഴുവേലി ഹോളി ഇന്നസെന്റ്സ് വലിയ പള്ളി ഇടവകാംഗവും കിടങ്ങന്നൂർ ജോബ് ഭവനിൽ ശ്രീ. എം. വർഗ്ഗീസിന്റെ സഹധർമ്മിണിയുമാണ്.



# ചെങ്ങന്നൂർ പുസ്തകമേള



ചെങ്ങന്നൂർ ഭദ്രാസനവും ഡിസി ബുക്സും സംയുക്തമായി നടത്തുന്ന പുസ്തകമേള ചെങ്ങന്നൂർ ബഥേൽ അരമന അങ്കണത്തിൽ നടത്തി. പി.സി വിഷ്ണുനാഥ് എംഎൽഎ മേള ഉദ്ഘാടനം ചെയ്തു അഭി.തോമസ് മാർ അത്താനാസിയോസ് അദ്ധ്യക്ഷത വഹിച്ചു. നോവലിസ്റ്റ് ബന്യാമിൻ മുഖ്യപ്രഭാഷണം നടത്തി. ഫാ.തോമസ് കൊക്കാപറമ്പിൽ, അഡ്വ. കെ.കെ. രാമചന്ദ്രൻനായർ, ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്, സജി പട്ടരുമഠം എന്നിവർ പ്രസംഗിച്ചു.